34th Year of Service 2026

NOT OUR MERIT BUT HIS GRACE ★ KERALA EXPRESS ★

# കേരളാ എക്സ്പ്രസ്


# KERALA EXPRESS


Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 03, 2026 Vol. XXXIV No. 31




SUNNY
FINANCIAL STRATEGIES
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
401(k) & IRA Investment Optimization
Risk Management & Insurance
Business & Employee Benefits
Retirement Income Strategy
Estate Planning & Trusts
Tax Planning Strategies
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence 2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
A+ Rating
BBB ACCREDITED BUSINESS
Better Business Bureau

34th Year of Service 2026
NOT OUR MERIT BUT HIS GRACE · KERALA EXPRESS
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 വിക്രം 1: ദൗത്യത്തിനു പിന്നിൽ ഏഴ് മലയാളികൾ
10 ഫോമാ വഹിക്കുന്ന പങ്കിനെ അഭിനന്ദിച്ച് വി.ടി. ബൽറാം
13 ഫോമായെ നയിക്കാൻ ടീം വോയിസ് ഓഫ് ഫോമാ
17 16–ാമത് കെസിസിഎൻഎ കൺവൻഷനിലേക്ക് സ്വാഗതം
27 സിഎംഎ ഓണാഘോഷം ഓഗസ്റ്റ് 14–ന്

# കേരളത്തിൽ മഴക്കെടുതിയിലും മിന്നൽ പ്രളയത്തിലും നിരവധി മരണം

കോട്ടയം: കേരളത്തിൽ ശക്തമായി പെയ്തുകൊണ്ടിരിക്കുന്ന മഴക്കെടുതിയിലും മിന്നൽ പ്രളയത്തിലും വ്യാപകമായ നാശനഷ്ടവും നിരവധി മരണവും. പൂഞ്ഞാർ തെക്കേക്കര പയ്യാനിത്തോട്ടം വണ്ടൻപ്ലാവിൽ ഉണ്ടായ ഉരുൾപൊട്ടലിൽ വീട് തകർന്ന് അമ്മയും മകനും മരിച്ചു. മണപ്പാട്ട് റെജീന ജോണി (46), മകൻ ജോസഫൈൻ ജോണി (25) എന്നിവരാണ് മരിച്ചത്. ഓഗസ്റ്റ് ഒന്നിന് പുലർച്ചെയുണ്ടായ ഉരുൾപൊട്ടലിൽ വീട് പൂർണമായി ഒലിച്ചുപോയി. അഗ്നി രക്ഷാസേനയും നാട്ടുകാരും പോലീസും ചേർന്ന് നടത്തിയ തെരച്ചിലിലാണ് ചെളിയിൽ പൂണ്ടുപോയ മൃതദേഹങ്ങൾ കണ്ടെടുത്തത്. സംഭവസമയം റെജീനയും ജോസഫൈനും മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ.

സംസ്ഥാനത്ത് നാല് കുട്ടികൾ ഉൾപ്പെടെ പതിനഞ്ചു പേരുടെ മരണമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്ത് മഴക്കെടുതിയിൽ നാല് കുഞ്ഞുങ്ങൾക്ക് ജീവൻ നഷ്ടമായി. മലപ്പുറം തിരുവാലിയിൽ രണ്ടര വയസുകാരൻ അബ്ദുൾ മുഹയിനും കൊണ്ടോട്ടിയിൽ നാല് വയസുകാരൻ ആദം ഐമനും തോട്ടിൽ വീഴുകയായിരുന്നു. കോട്ടയം വാകത്താനത്ത് പതിനൊന്നു വയസുകാരൻ മിലൻ കെ. ഷിജുവും കോഴിക്കോട് കാപ്പാട് കണ്ണങ്കടവിൽ രണ്ട് വയസുകാരൻ മാസിൻ നൗഷാദും വെള്ളക്കെട്ടിൽ വീണാണ് മരിച്ചത്.

കോട്ടയത്ത് വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും മൂന്നു മരണവും ഇടുക്കിയിൽ രണ്ട് മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് ഏറ്റവും കൂടുതൽ നാശമുണ്ടായിരിക്കുന്നത്.



പൂഞ്ഞാർ തെക്കേക്കര പയ്യാനിത്തോട്ടം വണ്ടൻപ്ലാവിൽ ഉണ്ടായ ഉരുൾപൊട്ടൽ

പലയിടത്തായുണ്ടായ ലഘു മേഘവിസ്ഫോടനങ്ങളാണ് പെട്ടെന്നുണ്ടായ മഴയ്ക്കു കാരണമായി പറയപ്പെടുന്നത്. ഏറ്റവും കൂടുതൽ മഴ പെയ്തത് പത്തനംതിട്ടയിലെ വടശേരിക്കരയിൽ (24 മണിക്കൂറിൽ 36.1 സെന്റിമീറ്റർ). ഇടുക്കി ജില്ലയിലെ വാഗമണ്ണിൽ 31.43 സെന്റ് മീറ്റർ മഴ രേഖപ്പെടുത്തി. ഇടുക്കി, കല്ലാർ ഉൾപ്പെടെ വിവിധ ഡാമുകൾ തുറന്നു.

കേരളത്തിലെ എല്ലാ ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. തിരുവനന്തപുരത്തും കൊല്ലത്തുമായി കടലിൽ വള്ളം മുങ്ങി കാണാതായ നാല് മത്സ്യത്തൊഴിലാളികൾക്കു വേണ്ടി തെരച്ചിൽ തുടരുകയാണ്. എറണാകുളം പെരുമ്പാവൂർ, കുറുപ്പംപടി മേതല മരോട്ടിക്കടവ് കൊറ്റംകുളത്ത് വൻ മണ്ണിടിച്ചിലുണ്ടായി.

അഞ്ച് ആണ്ടിനു ശേഷം പാലാ നഗരം വീണ്ടും പ്രളയത്തിൽ മുങ്ങി. 2021 ഓഗസ്റ്റിലാണ് ഇതിനു മുമ്പ് നഗരം വെള്ളത്തിൽ മുങ്ങിയത്. മീനച്ചിൽ റിവർ ആൻഡ് റെയിൻ നെറ്റ് വർക്കിന്റെ കണക്കുപ്രകാരം 2018 ഓഗസ്റ്റ് 16–ന് 23.5 അടി ഉയരത്തിൽ ജലനിരപ്പ് ഉയർന്നിരുന്നു. 2020–ലാണ് പാലാ കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കം ഉണ്ടായത്. അന്ന് 25 അടി വെള്ളം ഉയർന്നിരുന്നു.

വാഗമൺ–ഉപ്പുതറ റോഡിൽ മത്തായിപ്പാറയ്ക്കു സമീപമുണ്ടായ ശക്തമായ മണ്ണിടിച്ചിലിൽ പോലീസ് വാഹനം മണ്ണിൽ പുതഞ്ഞു. ഓടി മാറിയതിനാൽ രണ്ട് ഉദ്യോഗസ്ഥർ തലനാരിഴയ്ക്കു രക്ഷപ്പെട്ടു. കാസർ കോട് ചെമ്പോത്തുമലയിൽ ഏക്കർ കണക്കിന് കണക്കിന് കൃഷിഭൂമി നശിച്ചു. കേരളത്തിൽ വിവിധ ജില്ലകളിലായി 273 ദുരിതാശ്വാസ ക്യാമ്പുകളിലായി 7674 പേരെ പുനരധിവസിപ്പിച്ചതായി മന്ത്രി എ.പി. അനിൽകുമാർ പറഞ്ഞു. 30 വീടുകൾ പൂർണമായും 293 വീടുകൾ ഭാഗികമായും തകർന്നു. മഴക്കെടുതിയിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും വീടും കൃഷിയും ജീവനോപാധിയും നഷ്ടപ്പെട്ടവർക്കും സർക്കാർ ധനസഹായം നല്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

# ലഹരിക്കെതിരെ 'നശാ മുക്ത് യുവ അഭിയാൻ'

ന്യൂഡൽഹി: യുവാക്കളിലെ ലഹരി ഉപയോഗം ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാരിന്റെ 'നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാൻ' പ്രചാരണപരിപാടിക്കു തുടക്കമായി. ഒട്ടേറെ യുവാക്കൾ പങ്കെടുത്ത ചടങ്ങ് പ്രധാനമന്ത്രി നരേന്ദ്ര മോദി വെർച്ചലായി ഉദ്ഘാടനം ചെയ്തു. 100 ആഴ്ച നീളുന്ന പ്രചാരണത്തിന്റെ ഭാഗമായി ഞായറാഴ്ചകളിൽ വിവിധയിനങ്ങളിൽ കലാ–കായിക മത്സരങ്ങൾ, വാക്കത്തൺ, ധ്യാന സെഷൻ, സാംസ്കാരിക പരിപാടി, തെരുവുനാടകം, ചർച്ച തുടങ്ങിയവ സംഘടിപ്പിക്കും.

വിദ്യാഭ്യാസ, പരീക്ഷാ പരിഷ്കരണങ്ങൾ ആവശ്യപ്പെട്ടു വിദ്യാർത്ഥികൾ പ്രതിഷേധം നടത്തി ദിവസങ്ങൾക്കുള്ളിലാണു കേന്ദ്രം പുതിയ പ്രചാരണം ആരംഭിച്ചത്.

ഇന്ത്യയിലുടനീളമുള്ള 28,000–ത്തിലധികം കേന്ദ്രങ്ങളിൽനിന്നായി ഒരു കോടിയിലധികം യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിംഗിലൂടെയാണ് പ്രധാനമന്ത്രി പദ്ധതിയുടെ കർമപരിപാടികൾ പ്രഖ്യാപിച്ചത്. കഴിഞ്ഞ വർഷം കാശിയിൽ പൈലറ്റ് പ്രോജക്ടായി ആരംഭിച്ച ഈ പദ്ധതിക്ക് 125–ലധികം



ആത്മീയ–സന്നദ്ധ സംഘടനകളുടെ പിന്തുണ ലഭിച്ചിരുന്നു. ഇന്ത്യയിലേക്ക് ലഹരിവസ്തുക്കളുടെ ഒഴുക്ക് തടയാൻ കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ നേതൃത്വത്തിൽ കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്. ലഹരിക്കടത്ത് ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരേ കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിനൊപ്പമാണ് ബോധവത്കരണ പരിപാടികളും ശക്തമാക്കുന്നത്. ലഹരി മാഫിയകൾക്കെതിരെ സർക്കാർ വീട്ടുവീഴ്ചയില്ലാത്ത നിലപാടാണു സ്വീകരിക്കുന്നതെന്നും മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ അറസ്റ്റുകളും കോടിക്കണക്കിന് രൂപയുടെ മയക്കുമരുന്ന് വേട്ടയും നടക്കുന്നുണ്ടെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

2047–ഓടെ ഭാരതത്തെ ഒരു വികസിതരാജ്യമാക്കി മാറ്റുന്നതിൽ പ്രധാന

# വീണാ ജോർജിനെ ആക്രമിച്ച കേസിൽ തുടരന്വേഷണം

തിരുവനന്തപുരം: മുൻ മന്ത്രി വീണാ ജോർജിനെ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ആക്രമിച്ചെന്ന കേസിൽ തുടരന്വേഷണത്തിന് ഉത്തരവിട്ട് യുഡിഎഫ് സർക്കാർ. നിലവിൽ റെയിൽവേ പോലീസ് അന്വേഷിക്കുന്ന കേസിൽ പ്രത്യേക അന്വേഷണസംഘത്തെ (എസ്ഐടി) നിയോഗിക്കും. എസ്പി റാങ്കിലുള്ള ഉദ്യോഗസ്ഥനാകും അന്വേഷണത്തലവൻ. ഫെബ്രുവരി 25–ന് നടന്ന പ്രതിഷേധത്തിനിടെ വീണാ ജോർജിനെ ആക്രമിച്ച് പരുക്കേൽപിച്ചെന്ന കേസിൽ കണ്ണൂർ ജില്ലാ പ്രസിഡന്റ് അടക്കം അഞ്ച് കെഎസ്‌യു പ്രവർത്തകരെ റിമാൻഡ് ചെയ്തിരുന്നു. ഇവർക്ക് പിന്നീട് ജാമ്യം ലഭിച്ചു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, യൂത്ത് കോൺഗ്രസ്–കെഎസ്‌യു പ്രവർത്തകർ ഉൾപ്പെട്ട പ്രതിഷേധ സംഭവങ്ങളിൽ യുഡിഎഫ് സർക്കാർ പ്രഖ്യാപിക്കുന്ന മൂന്നാമത്തെ തുടരന്വേഷണമാണിത്. ആലപ്പുഴ 'രക്ഷാപ്രവർത്തന' കേസിൽ എസ്ഐടി രൂപീകരിച്ചുള്ള അന്വേഷണം കേസിൽ വലിയ വഴിത്തിരിവുണ്ടാക്കി. മുഖ്യമന്ത്രിയായിരിക്കെ പിണറായി വിജയനെതിരെ ഇൻഡിഗോ വിമാനത്തിൽ പ്രതിഷേധിച്ച യൂത്ത് കോൺഗ്രസ് നേതാക്കളെ മർദിച്ച കേസിലും പ്രത്യേക അന്വേഷണ സംഘത്തിന് രൂപം നൽകി. വീണാ ജോർജിനെ ആക്രമിച്ചെന്ന കേസ് കെട്ടിച്ചമച്ചതാണെന്നും വിശദമായ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് കണ്ണൂർ എംഎൽഎ ടി.ഒ. മോഹനൻ നൽകിയ പരാതിയിലാണ് ആഭ്യന്തര വകുപ്പിന്റെ ഇപ്പോഴത്തെ നടപടി. കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന പ്രതിഷേധത്തിനിടെ കെ എസ് യു

(ശേഷം 34–ാം പേജിൽ)

# വിക്രം 1: ദൗത്യത്തിനു പിന്നിൽ ഏഴ് മലയാളികൾ

കോഴഞ്ചേരി: ഇന്ത്യയിലെ ആദ്യ സ്വകാര്യ വിക്ഷേപണ വാഹനമായ 'വിക്രം 1' ദൗത്യത്തിനു പിന്നിൽ ഏഴ് മലയാളികളും. പത്തനംതിട്ട പറക്കോട് സ്വദേശി നിർമൽ നെൽസൺ, ആലപ്പുഴ വെട്ടിക്കോട് സ്വദേശി അജിത് കുമാർ, കൊല്ലം കൊട്ടാരക്കര സ്വദേശി ഡോ. ബിനറ്റ് മോനച്ചൻ, കോഴിക്കോട് നടുവണ്ണൂർ സ്വദേശി അജിൻ ഘോഷ്, തൃശൂർ സ്വദേശികളായ രഞ്ജിത് രവി, ലിന്റ് തോമസ്, എറണാകുളം സ്വദേശി അഞ്ജലി അശോക് എന്നിവരാണ് വിക്ഷേപണ വാഹനം വികസിപ്പിക്കുന്നതിൽ പങ്കുവഹിച്ചത്.

സീനിയർ മെക്കാനിക്കൽ എഞ്ചിനീയറായ നിർമലാണ് വിക്ഷേപണത്തിലെ ഇലക്ട്രോ-മെക്കാനിക്കൽ സംവിധാനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിച്ചത്. ലിക്വിഡ് പ്രൊപ്പൽഷൻ സ്റ്റേജിന്റെ ഫീഡ് സിസ്റ്റങ്ങളുടെയും പിച്ച്, യോ ത്രസ്റ്ററുകൾക്കായുള്ള ഇൻജക്ടറുകളുടെയും രൂപകൽപനയിൽ അജിത് കുമാർ പങ്കാളിയായി. ക്രയോജനിക്, ഹൈപർഗോളിക്, ഗ്രീൻ പ്രൊപ്പൽഷൻ ഉൾപ്പെടെ വിവിധ റോക്കറ്റ് എഞ്ചിനുകളുടെയും പ്രൊപ്പൽഷൻ സംവിധാനങ്ങളുടെയും രൂപകൽപനയിലും വികസനത്തിലും അജിനാണു ടീമിനെ നയിച്ചത്.

ഫ്ളൂയിഡ് കൺട്രോൾ സിസ്റ്റത്തിന്റെ രൂപകൽപനയും പരിശോധനയുമായിരുന്നു ഡോ. ബിനറ്റിന്റെ ചുമതല. ഏവിയോണിക്സ് ക്വാളിറ്റി ആൻഡ് റിലയബിലിറ്റി ടീമിലെ അംഗങ്ങളായിരുന്നു ലിന്റ് തോമസും അഞ്ജലി അശോകും. റോക്കറ്റിനാവശ്യമായ ഘടകങ്ങൾ സമാഹരിക്കലായിരുന്നു രഞ്ജിത് രവിയുടെ ദൗത്യം.

ഹൈദരാബാദിലെ സ്കൈറൂട്ട് എയ്റോ സ്പേസാണ് 'വിക്രം 1' നിർമിച്ചത്.

## അഞ്ചു വർഷത്തിനിടെ ന്യൂനപക്ഷ കമ്മീഷന് 9,557 പരാതികൾ

ന്യൂഡൽഹി: കഴിഞ്ഞ അഞ്ചു വർഷത്തിനിടെ രാജ്യത്തെ ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നും വിവിധ വിഷയങ്ങളിൽ 9,557 പരാതികൾ ദേശീയ ന്യൂനപക്ഷ കമ്മീഷന് ലഭിച്ചതായി കേന്ദ്രസർക്കാർ.

ക്രമസമാധാനവുമായി ബന്ധപ്പെട്ട 2,059 പരാതികളും ഭൂമിതർക്കവുമായി ബന്ധപ്പെട്ട 1,031 പരാതികളും ലഭിച്ചപ്പോൾ വർഗ്ഗീയ സംഘർഷവുമായി ബന്ധപ്പെട്ട 31 പരാതികൾ മാത്രമാണ് കമ്മീഷന് ലഭിച്ചതെന്നും വിദ്വേഷപ്രസംഗവുമായി ബന്ധപ്പെട്ട 97 പരാതികൾ ലഭിച്ചതായും കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം പാർലമെന്റിൽ നല്കിയ മറുപടിയിൽ വ്യക്തമാക്കി.

മുസ്‌ലിം സമുദായത്തിൽ നിന്നാണ് ഏറ്റവും കൂടുതൽ പരാതികൾ കമ്മീഷന് ലഭിച്ചത്. 6,145 പരാതികൾ. സിഖ് സമുദായത്തിൽ നിന്ന് 1,222 പരാതികളും ക്രൈസ്തവ സമുദായത്തിൽ നിന്ന് 644 പരാതികളും ലഭിച്ചു. ഉത്തർപ്രദേശിൽ നിന്നാണ് ഏറ്റവും കൂടുതൽ പരാതികൾ ഉയർന്നത്-3484. ഡൽഹി-1140, മഹാരാഷ്ട്ര-690, പഞ്ചാബ്-512, തെലങ്കാന-392, മധ്യപ്രദേശ് -381, ഹരിയാന-324, ബിഹാർ-301 എന്നിങ്ങനെയാണ് സംസ്ഥാനങ്ങൾ തിരിച്ചുള്ള കണക്ക്. ലഭിച്ച എല്ലാ പരാതികളിലും എത്രയും വേഗം പരിഹാരം കണ്ടതായി മന്ത്രാലയം പാർലമെന്റിൽ വ്യക്തമാക്കി.

## പെല്ലറ്റ് വെടിവെപ്പിൽ പരുക്കേറ്റവർക്ക് ചികിത്സ ഉറപ്പാക്കണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: വിദ്യാർത്ഥികൾ പാർലമെന്റിലേക്കു നടത്തിയ മാർച്ചിനിടെ റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ (ആർഎഎഫ്) പെല്ലറ്റ് വെടിവെപ്പിൽ പരുക്കേറ്റവർക്ക് ആവശ്യമായ ചികിത്സ ഉറപ്പാക്കണമെന്നു ഡൽഹി സർക്കാരിനോട് സുപ്രീംകോടതി.

പ്രതിഷേധക്കാർക്കു നേരേ ഡൽഹി പോലീസിന് പെല്ലറ്റ് തോക്കുകൾ പ്രയോഗിക്കാൻ അനുമതി നൽകുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാൻ കേന്ദ്ര സർക്കാരിനോടു ചീഫ് ജസ്റ്റിസ് സൂര്യ കാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വി. മോഹന എന്നിവരുടെ ബെഞ്ച് നിർദേശിച്ചു.

വിദ്യാർത്ഥികൾക്കുനേരേ പെല്ലറ്റ് തോക്ക് ഉപയോഗിച്ചതു ചൂണ്ടിക്കാട്ടി അതു നിരോധിക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജിയിലാണ് സുപ്രീംകോടതി നടപടി. എന്നാൽ പെല്ലറ്റ് തോക്കുകൾ നിരോധിക്കണമെന്ന ഹർജിക്കാരുടെ ആവശ്യം കോടതി അംഗീകരിച്ചില്ല.

സംഭവദിവസം ഉപയോഗിച്ച വെടിയുണ്ടകളുടെ ലോഗ് വിവരങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുമെന്ന് കേന്ദ്ര സർക്കാരിനുവേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയെ അറിയിച്ചു.

## കേരളത്തിലെ വിമാനത്താവളങ്ങളിൽനിന്ന് 11 കോടിയുടെ സ്വർണം പിടികൂടി

കൊച്ചി: കേരളത്തിലെ വിമാനത്താവളങ്ങളിൽനിന്ന് കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ കസ്റ്റംസ് പിടികൂടിയത് 11 കോടിയുടെ സ്വർണം. 14 കേസുകളിലായാണ് എട്ടു കിലോ സ്വർണം പിടിച്ചെടുത്തത്. വിവിധ സംഭവങ്ങളിൽ ആറു മലയാളികളടക്കം ഒമ്പത് പേരെ കസ്റ്റംസ് അറസ്റ്റ് ചെയ്തു.

റവന്യൂ ഇന്റലിജൻസും കേരള പോലീസും കസ്റ്റംസുമായി ചേർന്നു നടത്തിയ മികച്ച ഏകോപനവും സഹകരണവുമാണ് പല കേസുകളിലും സ്വർണം പിടികൂടാൻ സഹായകമായതെന്ന് കസ്റ്റംസ് കമ്മീഷണർ അറിയിച്ചു. ഇത്തരം തട്ടിപ്പുകൾ തടയുന്നതിനായി യാത്രക്കാരുടെ പ്രൊഫൈലിംഗും ഇന്റലിജൻസ് നിരീക്ഷണവും കസ്റ്റംസ് കൂടുതൽ ശക്തമാക്കിയിട്ടുണ്ട്.

സ്വർണം പേസ്റ്റ് രൂപത്തിലാക്കിയും പ്രത്യേകം തയാറാക്കിയ വസ്ത്രങ്ങൾക്കുള്ളിൽ ഒളിപ്പിച്ചും ശരീരത്തിനുള്ളിലും വിമാനത്തിന്റെ സീറ്റുകൾക്കുള്ളിലും കടത്തിക്കൊണ്ടുവരാനുമാണ് കള്ളക്കടത്തുകാർ പ്രധാനമായും ശ്രമിക്കുന്നത്.

ഇന്ത്യയുടെ സാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സ്വർണക്കള്ളക്കടത്ത് തടയുന്നതിനും കസ്റ്റംസ് പ്രതിജ്ഞാബദ്ധമാണെന്നും ഈ കള്ളക്കടത്ത് സംഘങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സ്രോതസുകളെയും ഏജന്റുമാരെയും കണ്ടെത്തുന്നതിനായി അന്വേഷണം ഊർജിതമായി പുരോഗമിക്കുകയാണെന്നും അധികൃതർ വ്യക്തമാക്കി.

## റെയ്ഡ് പൊളിക്കാൻ എംവിഡിയുടെ ക്യാമറാട്രിക്ക്

തിരുവനന്തപുരം: വിജിലൻസ് നീക്കങ്ങൾ എഐ ക്യാമറയിലൂടെ നിരീക്ഷിച്ച് റെയ്ഡിന് തടയിട്ട് മോട്ടോർവാഹനവകുപ്പിലെ ചില ഉദ്യോഗസ്ഥർ. ഗതാഗത നിയമലംഘനങ്ങൾക്ക് പിഴചുമത്താൻ സ്ഥാപിച്ച ക്യാമറകൾ ഉപയോഗിച്ച് എം.വി.ഡി. ഉദ്യോഗസ്ഥർ വിജിലൻസിന്റെ റെയ്ഡ് നീക്കങ്ങൾ ചോർത്തുന്നതായാണ് സംശയം. വാഹനങ്ങളുടെ നമ്പർ തിരിച്ചറിയാൻ സംവിധാനമുള്ള ക്യാമറ യൂണിറ്റുകളിൽ വിജിലൻസ് വാഹനങ്ങളുടെ നമ്പർ ഉൾക്കൊള്ളിച്ച് നിരീക്ഷണം ഒരുക്കിയെന്നാണ് സൂചന.

വിജിലൻസ് വാഹനങ്ങൾ ക്യാമറയ്ക്കുമുന്നിലൂടെ കടന്നുപോകുമ്പോൾ എം.വി.ഡി ഉദ്യോഗസ്ഥരുടെ മൊബൈൽഫോണുകളിൽ സന്ദേശം ലഭിക്കും വിധമായിരുന്നു ക്രമീകരണം. സന്ദേശം ലഭിക്കുന്ന ഉദ്യോഗസ്ഥർ വിവരം വേണ്ടപ്പെട്ടവർക്ക് കൈമാറി ഒറ്റുകാരാവുന്നതോടെ വിജിലൻസ് വെറുംകൈയോടെ മടങ്ങേണ്ടിവരും. സംഭവത്തെക്കുറിച്ച് വിജിലൻസ് തന്നെ അന്വേഷണം ആരംഭിച്ചു.

കൊല്ലം എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ കഴിഞ്ഞ ദിവസങ്ങളിൽനടന്ന വിജിലൻസ് പരിശോധന ഇതു സംബന്ധിച്ചായിരുന്നു. അതേസമയം, ഔദ്യോഗികമായി വിജിലൻസ് ഇക്കാര്യം സ്ഥിരീകരിച്ചിട്ടില്ല. വിജിലൻസ് ഹിറ്റ്ലിസ്റ്റിലുള്ള എം.വി.ഡി. ഉദ്യോഗസ്ഥർക്ക് റെയ്ഡ് വിവരങ്ങൾ സ്ഥിരമായി ചോർന്നുകിട്ടുന്നതാണ് സംശയത്തിന് ഇടനൽകിയത്.

അടുത്തിടെ തദ്ദേശസ്ഥാപനങ്ങളിൽ നടന്ന വിജിലൻസ് പരിശോധന ആരംഭിക്കുംമുൻപേ കൊല്ലം ജില്ലയിലെ എം.വി.ഡി. ഉദ്യോഗസ്ഥർക്ക് വിവരം ലഭിച്ചിരുന്നു. ഇതോടെ ഓഫീസുകളിൽ എത്തുന്നതിൽനിന്നു ഇടനിലക്കാരെ വിലക്കാനും അനധികൃത ഇടപാടുകൾ നിർത്തിവെക്കാനുമായി.

കേരളത്തിൽ വ്യാപകമായുള്ള പരിശോധനകൾക്ക് ഉദ്യോഗസ്ഥരെ വിന്യസിക്കാൻ വിജിലൻസ് വാഹനങ്ങൾ വിവിധ ഓഫീസുകളിലേക്ക് കേന്ദ്രീകരിക്കാറുണ്ട്. ദേശീയ-സംസ്ഥാന പാതകളിലെ ക്യാമറകൾവഴി ഈ നീക്കം ചോർത്തിയെടുക്കുന്നതായാണ് വിജിലൻസിന്റെ സംശയം. ക്ഷേമനിധി റീരജിസ്ട്രേഷൻ ക്രമക്കേട്, ഭാരവാഹനങ്ങളുടെ പരിശോധന ഒഴിവാക്കൽ തുടങ്ങിയവയിലൂടെ കൊല്ലം ജില്ലയിലെ വിവിധ എം.വി.ഡി. ഓഫീസുകൾ വിജിലൻസിന്റെ ഹോട്ട് പട്ടികയിലാണ്. ഇതിനെത്തുടർന്നാണ് വിജിലൻസിനെതിരെ മോട്ടോർവാഹനവകുപ്പ് ക്യാമറ തിരിച്ചതെന്നാണ് അറിയുന്നത്.

## വൈസ് അഡ്മിറൽ എ.എൻ. പ്രമോദ് നാവികസേനാ ഉപമേധാവി

ന്യൂഡൽഹി: നാവികസേനാ ഉപമേധാവിയായി തൃശ്ശൂർ സ്വദേശി വൈസ് അഡ്മിറൽ എ.എൻ. പ്രമോദ് ചുമതലയേറ്റു. നാവികസേനാ ഓപ്പറേഷൻസ് ഡയറക്ടർ ജനറലായിരുന്നു. പാകിസ്താനെതിരെ ഓപ്പറേഷൻ സിന്ദൂറിൽ നാവികസേനയുടെ തയാറെടുപ്പുകൾക്കും നേതൃത്വംനൽകി. 1990 ജൂലായ് ഒന്നിനാണ് നാവികസേനയിൽ കമ്മീഷൻ ചെയ്തത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 31
August 03, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

നല്ല പെരുമാറ്റം നല്ല സ്വഭാവത്തെ രൂപീകരിക്കുന്നു.
**ബെന്നറ്റ്**

നന്നായി ആരംഭിച്ചതു പകുതി ചെയ്തു തീർത്തതിനു തുല്യമാണ്.
**ഹൊറസ്**

Nineteenth Home Going Anniversary

# BINIL MATHEW SAMUEL



Nineteen years ago on August 6, 2007, our beloved son snd brother Binil Mathew Samuel was called in to his eternal home where he enjoys the presence of his heavenly father and holy Angels. We miss his very presence. Every day we cherish those joyous and beautiful years when we enjoyed each other as a very close and happy family. Since last anniversary we are blessed with two little babies. I am sure that Binil would have enjoyed playing with these new addition in our family. We are looking forward for that Blessed and Glorious day when we shall meet him again.

**With that great assurance.**
**Daddy, Mom, Brother, Sister and their families**
**August 6, 2026**

LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA



- Quiet and Safe Area
- Near Shopping Centers and Major Towns/Attractions
- 3 hr to Kochin and Thiruvananthapuram Airport
- 3 AC Bedrooms (one of them is a loft bedroom)
- Separate Studio for drivers
- 4 American-style Bathrooms
- Surveillance camera
- Car service/Chef/Security Personnel can be arranged
- Weekly and Monthly stays can be arranged
- If stay for large parties is needed, I can arrange other home stays also

Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in

Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547

nella CONSULTING
ACCOUNTING | TAX | CONSULTING
TAX



FOR ALL YOUR PERSONAL AND BUSINESS TAX SERVICES



TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES

Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# റിപ്പോർട്ടുകൾ ഫയലിൽ, ജീവനുകൾ മണ്ണിൽ

വീണ്ടുമൊരു കർക്കടകം. വീണ്ടും മലയോര മേഖലകളിൽ ഉരുൾപൊട്ടലിന്റെയും മലവെള്ളപ്പാച്ചിലിന്റെയും ഭീതിദമായ ചിത്രങ്ങൾ ഇടുക്കിയിലും കോട്ടയത്തും വയനാട്ടിലും പ്രകൃതി വീണ്ടും ഉഗ്രരൂപം പൂണ്ട് താക്കീത് നൽകിയിരിക്കുന്നു. മണിക്കൂറുകൾക്കുള്ളിൽ മേഘവിസ്ഫോടനത്തിന് സമാനമായ മഴ പെയ്തിറങ്ങി പാവപ്പെട്ട മനുഷ്യരുടെ വീടുകളും പ്രതീക്ഷകളും ചെളിക്കൂനകൾക്കടിയിലാകുമ്പോൾ, ദുരന്തനിവാരണ സമിതികളും ഭരണാധികാരികളും പതിവുപോലെ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നും ധനസഹായം പ്രഖ്യാപിച്ചും തങ്ങളുടെ കടമ പൂർത്തിയാക്കുകയാണ്.

കേരളം അടുത്തകാലത്ത് കണ്ട ഏറ്റവും വലിയ പ്രകൃതിദുരന്തങ്ങൾ ഒരു കാര്യം വളരെ വ്യക്തമായി തെളിയിച്ചു: പ്രകൃതിയെ വെല്ലുവിളിച്ച് നടത്തുന്ന വികസനം ഒടുവിൽ മനുഷ്യജീവിതത്തിനുതന്നെ ഭീഷണിയാകുന്നു. മുണ്ടക്കൈ- ചൂരൽമല ദുരന്തത്തിന്റെ ഓർമ്മകൾ ഇപ്പോഴും കേരളത്തിന്റെ മനസ്സിൽനിന്ന് മാഞ്ഞിട്ടില്ല. ഒരു രാത്രിയിൽ മലകൾ തകർന്നുവീണു. വീടുകളും റോഡുകളും പാലങ്ങളും മാത്രമല്ല, കുടുംബങ്ങളും സ്വപ്നങ്ങളും ജീവിതങ്ങളും മണ്ണിനടിയിലായി. അതിനു മുമ്പും കേരളം പ്രളയങ്ങൾ കണ്ടു. ഉരുൾപൊട്ടലുകൾ കണ്ടു. പുത്തുമല കണ്ടു. കവളപ്പാറ കണ്ടു. രാജമല കണ്ടു. ഓരോ ദുരന്തത്തിനും ശേഷം അന്വേഷണങ്ങൾ ഉണ്ടായി. വിദഗ്ധ സമിതികൾ റിപ്പോർട്ടുകൾ നൽകി. അപകടമേഖലകൾ തിരിച്ചറിയണമെന്ന് പറഞ്ഞു. അനധികൃത നിർമാണങ്ങൾ നിയന്ത്രിക്കണമെന്ന് പറഞ്ഞു. ഭൂവിനിയോഗത്തിൽ ശാസ്ത്രീയ സമീപനം വേണമെന്ന് പറഞ്ഞു. എന്നിട്ടും ചോദ്യം ബാക്കി: ആ റിപ്പോർട്ടുകളിൽ എത്ര ശിപാർശകൾ നടപ്പാക്കി?

വയനാട്ടിലെ ദുരന്തത്തിന്റെ ചോരയുണങ്ങും മുൻപാണ് ഇടുക്കിയിലെ കൂടയത്തൂരിലും കോട്ടയത്തെ പൂഞ്ഞാറിലും വീണ്ടും മണ്ണിടിച്ചിലിൽ ജീവനുകൾ പൊലിഞ്ഞ വാർത്തകൾ എത്തുന്നത്. പശ്ചിമഘട്ടത്തിന്റെ സ്വാഭാവിക ഘടന തകർത്ത് തടസമില്ലാതെ നടക്കുന്ന ക്വാറി ഖനനവും ചെങ്കുത്തായ മലഞ്ചെരുവുകളിലെ അനിയന്ത്രിതമായ റിസോർട്ട് നിർമ്മാണങ്ങളും സ്വാഭാവിക നീരൊഴുക്കുകൾ അടച്ചുള്ള കൈയേറ്റങ്ങളുമാണ് ഓരോ മഴക്കാലത്തും സാധാരണക്കാരുടെ ജീവിതത്തെ മരണക്കയത്തിലേക്ക് തള്ളിയിടുന്നത്. ഭരണകൂടത്തിന്റെ ഉദാസീനതയുടെ വ്യാപ്തി വ്യക്തമാക്കുന്നതാണ് ഈ ദിവസങ്ങളിൽ പുറത്തുവന്ന വാർത്തകൾ.

മാധവ് ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നൽകിയ ശാസ്ത്രീയ മുന്നറിയിപ്പുകളെ രാഷ്ട്രീയക്കാരുടെയും അവിശുദ്ധ വ്യവസായ ലോബികളുടെയും സമ്മർദത്തിന് വഴങ്ങി നാം തള്ളിക്കളഞ്ഞു. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പശ്ചിമഘട്ട പരിസ്ഥിതി സംവേദക മേഖലകളെക്കുറിച്ചുള്ള കരടു വിജ്ഞാപനം വർഷങ്ങളായി പുറത്തിറക്കുമ്പോഴും, വോട്ട് ബാങ്ക് ഭയന്ന് ജനവാസ മേഖലകളെയും ഖനന മേഖലകളെയും ചൊല്ലി വടംവലി തുടരുന്ന കക്ഷിരാഷ്ട്രീയം. ശാസ്ത്രീയമായ മുൻകരുതലുകളില്ലാതെ മലഞ്ചെരുവുകൾ വെട്ടിപ്പൊളിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് പലയിടത്തും മണ്ണൊലിപ്പിനും ഉരുകിയൊലിക്കലിനും കാരണമാകുന്നത്.

ദുരന്തം നടക്കുമ്പോൾ ഉദ്യോഗസ്ഥരെയും രക്ഷാപ്രവർത്തകരെയും രംഗത്തിറക്കി വാർത്ത സൃഷ്ടിക്കുന്നതിലല്ല, ദുരന്തം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ എടുക്കുന്നതിലാണ് യഥാർത്ഥ ഭരണമികവ്. ദുരന്തസാധ്യതയുള്ള അത്യന്തം അപകടകരമായ മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങളെ കൃത്യമായ നഷ്ടപരിഹാരം നൽകി സുരക്ഷിത സ്ഥാനങ്ങളിലേക്ക് ശാശ്വതമായി മാറ്റണം. മലയോര മേഖലകളിലെ അശാസ്ത്രീയ ക്വാറി ഖനനത്തിനും വലിയ നിർമ്മാണങ്ങൾക്കും പൂർണ്ണ നിരോധനമേർപ്പെടുത്തണം. കേവലം റെഡ് അലർട്ടുകളിൽ ഒതുങ്ങാതെ, പ്രാദേശിക തലത്തിൽ ദുരന്തസാധ്യത മുൻകൂട്ടി കണ്ടെത്തുന്ന മൈക്രോ- ലെവൽ മാപ്പിംഗ് സംവിധാനം നടപ്പിലാക്കുക. നമുക്ക് ഇനി നഷ്ടപ്പെടാൻ ജീവനുകളില്ല. പ്രകൃതി ഓരോ മഴക്കാലത്തും നൽകുന്ന പ്രഹരങ്ങൾ നമ്മൾ മറന്നുപോയാലും മലവെള്ളപ്പാച്ചിൽ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും. ഭരണകൂടങ്ങൾ നിദ്രയിൽനിന്ന് ഉണർന്നേ മതിയാകൂ; അതല്ലെങ്കിൽ പശ്ചിമഘട്ടത്തിന്റെ കണ്ണീര് ഈ നാടിന്റെ നാശത്തിന്റെ തുടക്കമായിരിക്കും.

പ്രകൃതിക്ക് രാഷ്ട്രീയമില്ല. പ്രകൃതിക്ക് വോട്ടില്ല. പ്രകൃതിക്ക് ജാതിയില്ല. പ്രകൃതിക്ക് പാർട്ടിയില്ല. മല ഇടിയുമ്പോൾ ഇടതും വലതും നോക്കില്ല. വെള്ളം കയറുമ്പോൾ ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും വീടുകൾ വേർതിരിക്കില്ല. അതുകൊണ്ടുതന്നെ പ്രകൃതിയോടുള്ള നമ്മുടെ സമീപനവും രാഷ്ട്രീയ കണക്കുകൂട്ടലുകൾക്കപ്പുറത്തായിരിക്കണം. കേരളം ഇന്ന് ഒരു നിർണായക വഴിത്തിരിവിലാണ്. ഒരു വഴി - നിയന്ത്രണമില്ലാത്ത നിർമാണവും കയ്യേറ്റവും താൽക്കാലിക രാഷ്ട്രീയ സമ്മർദങ്ങൾക്ക് വഴങ്ങുന്ന ഭരണവും. മറ്റൊരു വഴി- ശാസ്ത്രീയ ഭൂവിനിയോഗവും കർശനമായ നിയമനടപടികളും പരിസ്ഥിതി സംരക്ഷണവും മനുഷ്യജീവന്റെ സുരക്ഷയും. ആദ്യത്തെ വഴി നമ്മെ മറ്റൊരു ദുരന്തത്തിലേക്ക് നയിക്കും. രണ്ടാമത്തെ വഴിയാണ് കേരളത്തിന്റെ ഭാവിയെ സംരക്ഷിക്കുക. ഇന്ന് മലയിൽനിന്ന് ഒരു ചെറിയ കല്ല് താഴേക്ക് വീഴുമ്പോൾ അത് ഒരു മുന്നറിയിപ്പാണ്. നദി അതിന്റെ പഴയ വഴിയിലേക്ക് തിരിയുമ്പോൾ അതും ഒരു മുന്നറിയിപ്പാണ്. നീർച്ചാൽ നിറയുമ്പോൾ അതും ഒരു മുന്നറിയിപ്പാണ്. മണ്ണിൽ വിള്ളൽ കാണുമ്പോൾ അതും ഒരു മുന്നറിയിപ്പാണ്.

പ്രകൃതി സംസാരിക്കുന്നുണ്ട്. ഇനി ചോദ്യം ഇതാണ് - നാം കേൾക്കുമോ? അല്ലെങ്കിൽ അടുത്ത ദുരന്തത്തിന്റെ പുലരിയിൽ വീണ്ടും അതേ വാക്കുകൾ ആവർത്തിക്കുമോ? "ഇങ്ങനെയൊരു ദുരന്തം ആരും പ്രതീക്ഷിച്ചിരുന്നില്ല..." പ്രതീക്ഷിച്ചിരുന്നില്ല എന്നത് ഇനി ഒരു ന്യായീകരണമാകരുത്. മുന്നറിയിപ്പുകൾ ഇതിനകം ധാരാളമുണ്ട്. ഇനി വേണ്ടത് ഭരണകൂടത്തിന്റെ ഉണർവാണ്.

# എയ്ഡഡ് സ്കൂൾ: ഇന്റർവ്യൂ പാനലിൽ മന്ത്രിമാരുടെ സ്റ്റാഫ് അംഗങ്ങൾ

തിരുവനന്തപുരം: എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലേക്ക് ഉദ്യോഗാർത്ഥികളെ അഭിമുഖം നടത്തി തെരഞ്ഞെടുക്കുന്ന പാനലിലെ സർക്കാർ പ്രതിനിധികളുടെ കൂട്ടത്തിൽ മൂന്ന് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരും അഞ്ച് മന്ത്രിമാരുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിമാരും. സർക്കാർ പ്രതിനിധികളുടെ പാനൽ നിശ്ചയിച്ച് ഈ മാസം എട്ടിന് പൊതുവിദ്യാഭ്യാസ വകുപ്പിറക്കിയ ഉത്തരവു പരിഷ്കരിച്ചാണ് ഏഴ് മന്ത്രിമാരുടെ എട്ട് ഓഫീസ് സ്റ്റാഫംഗങ്ങളെ ഉൾപ്പെടുത്തി 16-നു പുതിയ ഉത്തരവിറക്കിയത്.

പൊതുവിദ്യാഭ്യാസം, പട്ടികക്ഷേമം, ടൂറിസം വകുപ്പ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരെയും പൊതുവിദ്യാഭ്യാസം, പൊതുമരാമത്ത്, എക്സൈസ്, വനം, ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിമാരെയുമാണ് ഉൾപ്പെടുത്തിയത്. ഡെപ്യൂട്ടി സെക്രട്ടറി, ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ആളായിരിക്കണം സർക്കാർ പ്രതിനിധിയെന്നാണു വിദ്യാഭ്യാസ ചട്ടത്തിൽ പറയുന്നത്. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരും അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിമാരും അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി റാങ്കിലുള്ളവരാണെന്നു ചൂണ്ടിക്കാട്ടിയാണ് അവരെ പാനലിൽ ഉൾപ്പെടുത്തിയത്.

ആദ്യ ഉത്തരവിലെ പാനലിൽ വിവിധ വകുപ്പുകളിൽ നിന്നുള്ള 39 ഉദ്യോഗസ്ഥരാണുണ്ടായിരുന്നത്. 16-നു പരിഷ്കരിച്ചപ്പോൾ മന്ത്രിമാരുടെ സ്റ്റാഫ് ഉൾപ്പെടെ 48 പേരായി മന്ത്രിമാരുടെ അനുമതിയോടെയാണോ നടപടിയെന്നു വ്യക്തമല്ലെങ്കിലും ഉന്നത ഇടപെടലുണ്ടായെന്നാണു വിവരം. സ്കൂൾ മാനേജർ അല്ലെങ്കിൽ പ്രതിനിധി, പ്രിൻസിപ്പൽ, സർക്കാർ ഉദ്യോഗസ്ഥരുടെ പാനലിൽനിന്ന് മാനേജർ തെരഞ്ഞെടുക്കുന്ന ആൾ എന്നിവരാണു നിയമന അഭിമുഖം നടത്തുക. മന്ത്രിമാരുടെ സ്റ്റാഫംഗങ്ങൾ പാനലിൽ ഉൾപ്പെടുന്നതോടെ മാനേജർമാർ ഇവരെത്തന്നെ സിലക്ഷൻ പാനലിലേക്ക് തെരഞ്ഞെടുക്കാൻ സാധ്യതയേറെയാണ്. മന്ത്രിമാരുടെ ഓഫീസിൽ നിർണായകച്ചുമതല വഹിക്കുന്ന ഇവർക്ക് സ്കൂളുകളിലെ നിയമന അഭിമുഖങ്ങളിൽ പങ്കെടുക്കാനാകുമോ എന്ന ചോദ്യവും ഉയരുന്നു. നിയമ പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നു നിയമവിദഗ്ധരും ചൂണ്ടിക്കാട്ടുന്നു.

# കേരളത്തിന് കേന്ദ്രസർക്കാരിന്റെ ദേശീയ പുരസ്കാരം

തിരുവനന്തപുരം: മരണാനന്തര അവയവദാന പ്രക്രിയ കാര്യക്ഷമമായി നടപ്പാക്കിയതിനുള്ള കേന്ദ്രസർക്കാരിന്റെ ദേശീയ പുരസ്കാരം കേരളത്തിന്. കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ മൂന്നിന് ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേലിൽ നിന്ന് കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ്.എസ്. നോബിൾ ഗ്രേഷ്യസ് ഏറ്റുവാങ്ങി.

# സുരേഷ് രാജ് പുരോഹിത്തും എസ്. ശ്രീജിത്തും ഡിജിപിമാർ


സുരേഷ് രാജ് പുരോഹിത്


എസ്. ശ്രീജിത്ത്

തിരുവനന്തപുരം: കേരള പോലീസിൽ രണ്ടു ഡിജിപിമാർ കൂടി. കേന്ദ്ര ഡപ്യൂട്ടേഷനിലുള്ള എഡിജിപി സുരേഷ് രാജ് പുരോഹിത്തിനും ജയിൽ മേധാവി എഡിജിപി എസ്. ശ്രീജിത്തിനുമാണു പദവി. ഉത്തരവ് ജൂലൈ 31-ന് രാത്രി പുറത്തിറങ്ങി. എസ്. ശ്രീജിത്ത് ജയിൽ മേധാവിയായി തുടരും. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്ക്രീനിങ് കമ്മിറ്റിയുടെ ശിപാർശ പരിശോധിച്ചശേഷം മുഖ്യമന്ത്രി വി.ഡി. സതീശനും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയും ചേർന്നാണു തീരുമാനമെടുത്തത്. ഇതോടെ കേരള പോലീസിൽ ഡിജിപി റാങ്കിലുള്ളവരുടെ എണ്ണം അഞ്ചായി. സുരേഷ് രാജ് പുരോഹിത് വൈകാതെ കേരളത്തിലേക്കു തിരിച്ചെത്തുമെന്നാണു വിവരം. എഡിജിപിമാരിൽ സീനിയറായിരുന്ന അജിത് കുമാറിനു ലഭിക്കേണ്ടിയിരുന്ന സ്ഥാനക്കയറ്റമാണ് അദ്ദേഹത്തിന്റെ സസ്പെൻഷനോടെ ശ്രീജിത്തിന് ലഭിച്ചത്. 1995 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനാണ് സുരേഷ് രാജ് പുരോഹിത്. 1996 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനാണ് ശ്രീജിത്ത്.

അജിത്കുമാറിന്റെ സസ്പെൻഷനോടെ ഒഴിവാകുന്ന ബവ്കോ എം.ഡി സ്ഥാനത്ത് ഡിജിപി യോഗേഷ് ഗുപ്തയെ നിയമിക്കും. നിലവിൽ റോഡ് സേഫ്റ്റി കമ്മീഷണറായ യോഗേഷ് ഗുപ്ത മുൻപും ബവ്കോയുടെ ചുമതല വഹിച്ചിട്ടുണ്ട്. ഡിജിപി നിതിൻ അഗർവാൾ വിരമിച്ച ഒഴിവിൽ എഡിജിപി ബൽറാം കുമാർ ഉപാധ്യായ അഗ്നിരക്ഷാസേന മേധാവിയാകും. യോഗേഷ് ഗുപ്തയ്ക്കു പുറമേ സംസ്ഥാന പോലീസ് മേധാവി റാവാഡ എ. ചന്ദ്രശേഖറും വിജിലൻസ് മേധാവി മനോജ് ഏബ്രഹാമുമാണ് കേരള പോലീസ് സേനയിൽ നിലവിൽ ഡിജിപി റാങ്കിലുള്ള മറ്റ് ഉദ്യോഗസ്ഥർ.


ഡിജിപി നിതിൻ അഗർവാളിന്റെ വിരമിക്കലിലൂടെ ഒഴിവുവരുന്ന ഡിജിപി തസ്തിക സംബന്ധിച്ച മാസങ്ങൾ നീണ്ടുനിന്ന അഭ്യൂഹങ്ങളും അനിശ്ചിതത്വവുമാണ് അവസാനിച്ചത്. ജൂലൈ 30-നാണ് നിതിൻ അഗർവാൾ വിരമിച്ചത്.

കഴിഞ്ഞ ഓഗസ്റ്റിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സ്ക്രീനിങ് കമ്മിറ്റി എഡിജിപിമാരുടെ റാങ്ക് പട്ടികയുണ്ടാക്കിയപ്പോഴും അജിത്കുമാറിനായിരുന്നു മുൻഗണന. എന്നാൽ, ആലപ്പുഴ രക്ഷാപ്രവർത്തന കേസിലെ വഴിവിട്ട ഇടപെടലും കേസ് അട്ടിമറിക്കാനുള്ള നീക്കവും അജിത്തിന് വിനയായി. ഡിജിപി സ്ഥാനക്കയറ്റം നഷ്ടമാകാതിരിക്കാൻ, സസ്പെൻഷൻ സ്റ്റേ ചെയ്യണമെന്ന ആവശ്യവുമായി അജിത്കുമാർ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചെങ്കിലും ആ നീക്കവും ഫലം കണ്ടില്ല.

# വെള്ളത്തിനടിയിൽ പുഷ് അപ്; റിക്കാർഡുമായി കമൽ

നോം പെൻ: വെള്ളത്തിനടിയിൽ ഒറ്റ ശ്വാസത്തിൽ ഏറ്റവും കൂടുതൽ പുഷ് അപ്പുകൾ എടുത്ത് ഇന്ത്യക്കാരൻ റിക്കാർഡ് സ്ഥാപിച്ചു. ഹരിയാനയിൽനിന്നുള്ള കമൽ കോലോയി (38) എന്ന യോഗാധ്യാപകനാണ് 86 പുഷ് അപ്പുകളുമായി ഈ അപൂർവ നേട്ടം കൈവരിച്ചത്.

വിയറ്റ്നാമിൽ താമസിക്കുന്ന അദ്ദേഹം അവിടെവെച്ചാണ് റിക്കാർഡ് നേട്ടം പ്രദർശിപ്പിച്ചത്. സ്വിമ്മിംഗ് പൂളിൽ മുങ്ങി വീണ്ടും മുകളിലെത്തി ശ്വാസമെടുക്കുന്നതിനു മുമ്പായി ഇത്രയും പുഷ് അപ്പുകൾ എടുക്കുകയായിരുന്നു. ഗിന്നസ് വേൾഡ് റിക്കാർഡ് ആണ് ബഹുമതി നല്കിയത്.



രണ്ടു വർഷമായി ഇതിനു പരിശീലിക്കുകയായിരുന്നുവെന്ന് കമൽ പറഞ്ഞു. 2020-ൽ വെള്ളത്തിനടിയിൽ തുടർച്ചയായി 21 യോഗ പൊസിഷനുകൾ കമൽ പ്രദർശിപ്പിച്ചതും റിക്കാർഡായിരുന്നു.


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# ലൈഫ് മിഷൻ തട്ടിപ്പുകേസ്: സ്വപ്നാ സുരേഷടക്കം ആറ് പ്രതികൾക്കെതിരെ കുറ്റപത്രം

കൊച്ചി: വടക്കാഞ്ചേരി ലൈഫ് മിഷൻ ഫ്ളാറ്റ് സമുച്ചയക്കേസിൽ ലൈഫ് മിഷനും സ്വപ്നാ സുരേഷുമടക്കം ആറുപ്രതികൾക്കെതിരെ സി.ബി.ഐ കുറ്റപത്രം സമർപ്പിച്ചു. പ്രളയബാധിതർക്ക് ഫ്ളാറ്റ് നിർമിക്കുന്നതിനും ആശുപത്രി സമുച്ചയം പണിയുന്നതിനുമായി യുഎഇയിലെ സന്നദ്ധസംഘടനയായ റെഡ് ക്രസന്റും ലൈഫ്മിഷനും ഒപ്പുവെച്ച കരാർ പ്രകാരം 21 കോടി ലഭിച്ചിരുന്നു.

കൊച്ചി സ്വദേശിയായ സന്തോഷ് ഈപ്പന്റെ ഉടമസ്ഥതയിലുള്ള യുണിടാക് ബിൽഡേഴ്സ്, സെയ്ൻ വെഞ്ചേഴ്സ് എന്നീ കമ്പനികൾക്കാണ് ഫ്ളാറ്റ് നിർമാണ കരാർ നൽകിയത്. ഈ ഇടപാടിൽ വൻക്രമക്കേട് നടന്നതായാണ് സിബിഐ കണ്ടെത്തൽ.

സന്തോഷ് ഈപ്പൻ ആണ് ഒന്നാം പ്രതി. രണ്ടാംപ്രതി സന്തോഷ് ഈപ്പന്റെ തന്നെ കമ്പനിയായ സെയ്ൻ വെഞ്ചേഴ്സ്. ലൈഫ് മിഷനാണ് മൂന്നാം പ്രതി. സ്വർണക്കടത്തുകേസിൽ ഉൾപ്പെട്ട സന്ദീപ് നായർ, യുഎഇ കോൺസുലേറ്റ് പി.ആർ.ഒയായിരുന്ന സരിത്ത്, സ്വപ്നാ സുരേഷ് എന്നിവരാണ് തുടർന്നുള്ള പ്രതികൾ.

ആശുപത്രി നിർമാണ കരാർ ലൈഫ് മിഷൻ ടെൻഡർ വിളിക്കാതെ തിരിമറി നടത്തി സന്തോഷ് ഈപ്പന്റെ കമ്പനിക്ക് നൽകിയെന്നും ഹാബിറ്റാറ്റിനായിരുന്നു ലഭിക്കേണ്ടിയിരുന്നതെന്നും കുറ്റപത്രത്തിൽ പറയുന്നു.

21 കോടിയിൽ നാലരക്കോടി സന്ദീപും സരിത്തും സ്വപ്നയും സന്തോഷ് ഈപ്പനും ഉൾപ്പെട്ട പ്രതികൾ കമ്മീഷനായി തട്ടിയെടുത്തെന്നാണ് ആരോപണം.

ലാഭം എന്ന നിലയിൽ സന്തോഷ് ഈപ്പൻ അഞ്ചു കോടി കൂടി വകമാറ്റി എന്നും കുറ്റപത്രത്തിൽ പറയുന്നു. 10 കോടിയുടെ പണിയേ നടന്നിട്ടുള്ളൂ എന്നാണ് കണ്ടെത്തൽ. മുഖ്യമന്ത്രിയായിരുന്ന പിണറായി വിജയന്റെ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കർ, അന്നത്തെ ലൈഫ് മിഷൻ സി.ഇ.ഒ യു.വി. ജോസ് എന്നിവർക്കെതിരെയും അന്വേഷണം പുരോഗമിക്കുകയാണ്. മുൻ എം.എൽ.എ അനിൽ അക്കരയാണ് പരാതിക്കാരൻ.

# ഭരണ പരിഷ്കാര നടപടികൾക്ക് സർക്കാർ തീരുമാനം

തിരുവനന്തപുരം: പദ്ധതികൾ വൈകുന്നതു മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടമൊഴിവാക്കാൻ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പരിഷ്കാരങ്ങൾ ഉൾപ്പെടെ അഞ്ചിന ഭരണ പരിഷ്കാര നടപടികൾക്ക് സർക്കാർ തീരുമാനം.

പ്രത്യേക അസറ്റ് റജിസ്ട്രി: സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന 591 സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രത്യേക റജിസ്ട്രി. ഈ സ്ഥാപനങ്ങളിലെ ശമ്പള ആവശ്യങ്ങൾക്കായി മാത്രം നിലവിൽ ഏകദേശം 19,000 കോടി രൂപ ചെലവാകുന്നുണ്ട്. കാലഹരണപ്പെട്ടതും ഒരേ സ്വഭാവമുള്ളതുമായ സ്ഥാപനങ്ങളെ സംയോജിപ്പിക്കും.

അസറ്റ് മാനേജ്മെന്റ് പ്ലാറ്റ്ഫോം: സർക്കാരിന്റെ ഉടമസ്ഥയിലുള്ള ഭൂമി, കെട്ടിടങ്ങൾ, പൈതൃക നിർമിതികൾ, റോഡുകൾ, പാലങ്ങൾ, വാഹനങ്ങൾ, യന്ത്രസാമഗ്രികൾ തുടങ്ങി എല്ലാ ആസ്തികളുടെയും സമഗ്ര വിവരങ്ങൾ ഉൾക്കൊള്ളുന്ന പോർട്ടൽ.

പ്ലാൻ സ്പേസ് 2.0 രജിസ്റ്റർ: എല്ലാ വകുപ്പുകളുടെയും മൂലധന പദ്ധതികൾ ജിയോ ടാഗ് ചെയ്യും. ജിഐഎസ് വഴി പുരോഗതി വിലയിരുത്തും. പദ്ധതി പ്രദേശം സംബന്ധിച്ച വിവരങ്ങൾ, ഫണ്ട് സ്രോതസ്സുകൾ എന്നിവയും ഉൾപ്പെടുത്തും.

നിയമഭേദഗതി: പദ്ധതികളുടെ നടത്തിപ്പിനു തടസ്സമാകുന്ന നിയമങ്ങൾ ഒഴിവാക്കും. കാലഹരണപ്പെട്ടതും പരസ്പര വിരുദ്ധവുമായ നിയമങ്ങൾ അവലോകനംചെയ്ത് ഭേദഗതിവരുത്തും.

പ്രോസസ് റീ എഞ്ചിനീയറിങ്: സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളുടെയും ബിസിനസ് ആവശ്യക്കാരുടെയും ഇടപെടലുകൾ ലളിതമാക്കാൻ പ്രോസസ് റീ എഞ്ചിനീയറിങ്. ധനകാര്യം, നിയമം, നികുതി, വ്യവസായം, റവന്യൂ, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളിലെ അനാവശ്യ പരിശോധനാഘട്ടങ്ങളും നടപടിക്രമങ്ങളും ഒഴിവാക്കും.

ഡിജിറ്റൽ ഭരണ പരിഷ്കാരങ്ങൾ നടപ്പാക്കുമ്പോൾ ഡേറ്റയുടെ സുരക്ഷ പ്രധാനമായതിനാൽ, കേരളത്തിലെ ഏജൻസികൾക്കു മുൻഗണന നൽകുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു.

മുൻഗണനാ പദ്ധതികളുടെ നിർവഹണത്തിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും സെക്രട്ടറിമാരുടെ ഉന്നതാധികാര സമിതി രൂപീകരിക്കാനും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു.

# കേളച്ചന്ദ്ര ബിജോയി തോമസ് അന്തരിച്ചു



നോർത്ത് കരോലിന: കേളച്ചന്ദ്ര ബിജോയി തോമസ് (68) അന്തരിച്ചു. ഭാര്യ റെനി കിടങ്ങൂർ തേക്കുംകാട്ടിൽ കുടുംബാംഗമാണ്. ബിനിമോൾ മകളാണ്. മാതാപിതാക്കൾ: കേളച്ചന്ദ്ര പരേതനായ തോമസും രാജമ്മയും (കോയിപ്പുറം, റാന്നി). സഹോദരങ്ങൾ: ബിനോയി & ബെറ്റി മുടിക്കുന്നേൽ കോട്ടയം (ഡാളസ്), ബിജി & ബിൻസി പാറേട്ട് നീണ്ടൂർ (നോർത്ത് കരോലിന), ബീന & റെജി കണിയാംപറമ്പിൽ കാരിത്താസ് (നോർത്ത് കരോലിന), ബിന്ദു & ബിജു പഴയപീടികയിൽ കല്ലിശ്ശേരി (നോർത്ത് കരോലിന).

# പുനർജനി പദ്ധതിയിൽ മുഖ്യമന്ത്രി വി.ഡി. സതീശന് ക്ലീൻ ചിറ്റ്

തിരുവനന്തപുരം: പുനർജനി പദ്ധതിയിൽ കഴിഞ്ഞ ഇടതു സർക്കാർ പ്രഖ്യാപിച്ച വിജിലൻസ് അന്വേഷണത്തിൽ മുഖ്യമന്ത്രി വി.ഡി. സതീശന് ക്ലീൻ ചിറ്റ്. പിണറായി സർക്കാരിന്റെ കാലത്ത് വി.ഡി. സതീശനെതിരെ പുനർജനി പദ്ധതിയിൽ പ്രഖ്യാപിച്ച വിജിലൻസ് അന്വേഷണത്തിൽ തെളിവുകൾ ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ലെന്നും ഇതേത്തുടർന്ന് കേസുമായി ബന്ധപ്പെട്ട എല്ലാ നടപടികളും അവസാനിപ്പിക്കുന്നതായും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയാണ് അറിയിച്ചത്.

വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലൊരു തീരുമാനമെന്ന് ചെന്നിത്തല പത്രസമ്മേളനത്തിൽ അറിയിച്ചു. വി.ഡി. സതീശനെതിരെ വിജിലൻസ് അന്വേഷണം കഴിഞ്ഞ സർക്കാരാണ് നടത്തിയത്.

പുനർജനി പദ്ധതിക്ക് എറണാകുളം ആസ്ഥാനമായ മണപ്പാട്ട് ഫൗണ്ടേഷൻ എന്ന സ്ഥാപനം വഴിയാണ് പണമെത്തിയത്. കേസ് രാഷ്ട്രീയ പ്രേരിതമായിരുന്നു. നേരത്തെ വിജിലൻസ് തെളിവ് കണ്ടെത്തിയിട്ടില്ലെന്നും വീണ്ടും അന്വേഷണം നടത്തി ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് കണ്ടെത്തിയെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

സതീശനെതിരെ അഴിമതി നിരോധനവകുപ്പ് പ്രകാരം കേസ് നിലനിൽക്കില്ലെന്നായിരുന്നു റിപ്പോർട്ട്. വി.ഡി. സതീശൻ തന്റെ മണ്ഡലമായ പറവൂരിൽ പ്രളയത്തിൽ വീടും മറ്റ് ഉപജീവന സാമഗ്രികളും നഷ്ടമായവർക്കായി നടപ്പാക്കിയ പദ്ധതിയായിരുന്നു പുനർജനി.

ഇതിനായി നേരിട്ട് ആരുടെ കൈയിൽനിന്നും സതീശൻ പണം വാങ്ങിയിട്ടില്ലെന്നും യുകെ ആസ്ഥാനമായ സംഘടന വിവിധ വ്യക്തികളിൽനിന്നു സമാഹരിച്ച പണം മണപ്പാട്ട് ഫൗണ്ടേഷൻ എന്ന സംഘടനയുടെ അക്കൗണ്ടിലേക്കാണ് വന്നിരിക്കുന്നതെന്നുമാണ് കണ്ടെത്തൽ.

# സൂര്യ സരോവർ: 5,070 കോടിയുടെ പദ്ധതിക്ക് അംഗീകാരം

ന്യൂഡൽഹി: ഇന്ത്യയാകെ ജലാശയങ്ങളിൽ ഫ്ളോട്ടിങ് സൗരോർജ പദ്ധതികൾ പ്രോത്സാഹിപ്പിക്കാനായി 5,070 കോടി രൂപയുടെ 'പ്രധാനമന്ത്രി സൂര്യ സരോവർ' പദ്ധതിക്ക് കേന്ദ്രമന്ത്രിസഭായോഗത്തിന്റെ അംഗീകാരം.

തുടക്കത്തിൽ 5,000 മെഗാവാട്ട് വൈദ്യുതി ഇതുവഴി ഉൽപാദിപ്പിക്കുകയാണ് ലക്ഷ്യം. ഊർജം സംഭരിക്കാനുള്ള എനർജി സ്റ്റോറേജ് സംവിധാനവുമുണ്ടാകും. നിലവിൽ 700 മെഗാവാട്ട് മാത്രമാണ് ഫ്ളോട്ടിങ് സോളാർ പദ്ധതികൾവഴി ഉൽപാദിപ്പിക്കുന്നത്.

1.02 ലക്ഷം മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള ശേഷി ഇന്ത്യയിലെ ജലാശയങ്ങൾക്കുണ്ടെന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോളാർ എനർജി കണ്ടെത്തിയിരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് ഒരു മെഗാവാട്ടിന് ഒരു കോടി രൂപയെന്ന നിലയിൽ കേന്ദ്രസഹായം നൽകും.


കേരളത്തിൽ ഫ്ളോട്ടിങ് സോളാർ പദ്ധതി വഴി 2,220 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള സാധ്യതയുണ്ടെന്നാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോളാർ എനർജിയുടെ കണ്ടെത്തൽ. പലയിടങ്ങളിലായി 42.29 ചതുരശ്ര കിലോമീറ്റർ സ്ഥലമാണ് ഇതിനു യോജിച്ചതായി കണ്ടെത്തിയത്.

സാധ്യതയുള്ള ചില മേഖലകൾ: മുല്ലപ്പെരിയാർ ഡാം, അഷ്ടമുടി കായൽ, ഏഴിമല, ഗോതുരുത്ത്, ഇടമലയാർ, ഇലവീഴാപ്പൂഞ്ചിറ, കഠിനംകുളം കായൽ, കൈനകരി വട്ടക്കായൽ, കായംകുളം കായൽ, മലമ്പുഴ ഡാം, മീങ്കര ഡാം, നക്ഷത്രക്കുന്ന് (ഇടുക്കി), പരവൂർ കായൽ, പഴശ്ശി ഡാം, പൊന്മുടി, പെരിങ്ങൽക്കുത്ത് ഡാം, തെന്മല ഡാം, വേമ്പനാട് കായൽ, വെള്ളായണി.






# തോമസ് കണിയാലിൽ അന്തരിച്ചു



കരിങ്കുന്നം: റിട്ടയേർഡ് ബി.എസ്.എൻ.എൽ ഉദ്യോഗസ്ഥൻ തോമസ് കണിയാലിൽ (79) അന്തരിച്ചു. ഭാര്യ സെലിൻ (റിട്ടയേർഡ് ടീച്ചർ, സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കണ്ടറി സ്കൂൾ, കരിങ്കുന്നം) കരിങ്കുന്നം കുമ്പളാനിക്കൽ കുടുംബാംഗമാണ്.

മക്കൾ: ജോസിൻ തോമസ് കണിയാലിൽ (പെർത്ത്, ഓസ്ട്രേലിയ), കവിത റോബിൻ ചെമ്മാശ്ശേരിൽ (ന്യൂയോർക്ക്), സംഗീത ഇടാമ്പുറത്ത് (കരിങ്കുന്നം).

മരുമക്കൾ: ജിജി ജോസിൻ വടക്കാട്ടുപുറം, റോബിൻ ചെമ്മാശ്ശേരിൽ, ഫിലിപ്പ് സ്റ്റീഫൻ ഇടാമ്പുറത്ത്.

മാതാപിതാക്കൾ: പുന്നത്തുറ കണിയാലിൽ പരേതരായ കുഞ്ഞേപ്പും മേരിയും.

സഹോദരങ്ങൾ: പരേതനായ ചാക്കോ കണിയാലിൽ, പരേതയായ മേരി, ഫിലിപ്പ് കണിയാലിൽ, ജോൺ കണിയാലിൽ, പരേതനായ പോൾ കണിയാലിൽ, ലൂക്കോസ് കണിയാലിൽ.


# സെൻട്രൽ ഫ്ളോറിഡ ക്നാനായ കാത്തലിക് കോൺഗ്രസിന്റെ പ്രഥമ പ്രസിഡണ്ട് ബാബു കുളങ്ങര അന്തരിച്ചു

താമ്പാ (ഫ്ളോറിഡ): സെൻട്രൽ ഫ്ളോറിഡ ക്നാനായ കാത്തലിക് കോൺഗ്രസിന്റെ **(KCCCF)** പ്രഥമ പ്രസിഡണ്ട് ബാബു (ജേക്കബ്) കുളങ്ങര (85 – റാന്നി, കേരളം) അന്തരിച്ചു.

51 വർഷങ്ങൾക്കു മുൻപ് അമേരിക്കയിലെത്തിയ ബാബു കുളങ്ങര ഏഴ് വർഷം ചിക്കാഗോയിൽ താമസിച്ചിരുന്നു. പിന്നീട് താമ്പായിലേക്ക് അദ്ദേഹം താമസം മാറ്റി. കഴിഞ്ഞ 44 വർഷക്കാലമായി താമ്പാ മലയാളി സമൂഹത്തിലെ നിരവധി പ്രസ്ഥാനങ്ങളിൽ സജീവ സാന്നിദ്ധ്യമായിരുന്നു ബാബു കുളങ്ങര. സെൻട്രൽ ഫ്ളോറിഡ മലയാളി അസോസിയേഷന്റെ ഡയറക്ടർ ബോർഡിൽ അദ്ദേഹം നിരവധി തവണ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ അമ്മിണി (മേരി) കൈപ്പുഴ മുകളേൽ കുടുംബാംഗമാണ്. മക്കൾ: ജയ & ഡോ. അലക്സ് സക്കറിയാസ് (മാങ്ങാച്ചാലിൽ, മിൽവാക്കി, വിസ്കോൺസിൻ), ജെയിംസ് & ഡോ. മരിയ ജേക്കബ് (മാവേലിൽ, ഡാളസ്), ജെമി & ഡോ. ടെറൻസ് ഡെലികാട്ട് (താമ്പാ). കൊച്ചുമക്കൾ: സീൻ, സെറീന, സോണിയ, ക്രിസ്റ്റിൻ, സാറാ, റേച്ചൽ, ജൂഡ്, ജേക്കബ്.

സഹോദരങ്ങൾ: പരേതനായ ജെയിംസ് കുളങ്ങര & അമ്മിണി (പുല്ലാപ്പള്ളി), ന്യൂയോർക്ക്, മോളി & പരേതനായ തോമസ് ചാക്കോളമണ്ണിൽ (താമ്പാ), രാജു കുളങ്ങര & ലൈല (പുളിമൂട്ടിൽ) താമ്പാ, ലിസി & തോമസ് പാറയിൽ (താമ്പാ), തങ്കമ്മ & പരേതനായ ഫെലിക്സ് നെടുംചിറ (താമ്പാ), സോണി കുളങ്ങര & ജെസ്സി (മഠത്തിലേട്ട്) താമ്പാ, ഓമന & പരേതനായ മോഹൻ വേണാട്ട് (ഇൻഡ്യാന), റോയി കുളങ്ങര & സാലി (വട്ടച്ചിറ) താമ്പാ, റെജി & ഫിലിപ്പ് തയ്യിൽ (താമ്പാ).



# അമേരിക്കയിലെ മലയാളി സമൂഹത്തെ ഒരുമിപ്പിക്കുന്നതിൽ ഫോമാ വഹിക്കുന്ന പങ്കിനെ അഭിനന്ദിച്ച് വി.ടി. ബൽറാം എംഎൽഎ

**സൈമൺ വളാച്ചേരിൽ – ജീമോൻ റാന്നി (കൺവൻഷൻ മീഡിയ ടീം)**

ഹൂസ്റ്റൺ: ഫോമായുടെ ജന്മനാടായ ഹൂസ്റ്റണിൽ ഒൻപതാമത് ഫോമാ അന്താരാഷ്ട്ര കൺവൻഷനിൽ സാംസ്കാരിക ഘോഷയാത്രയോടെ ആരംഭിച്ച പൊതുസമ്മേളനത്തിൽ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖരുടെ സാന്നിധ്യം ശ്രദ്ധേയമായി.

മുഖ്യാതിഥിയായി പങ്കെടുത്ത തൃത്താല എം.എൽ.എ. വി.ടി. ബൽറാം, അമേരിക്കയിലെ മലയാളി സമൂഹത്തെ ഒരുമിപ്പിക്കുന്നതിൽ ഫോമാ വഹിക്കുന്ന പങ്ക് അഭിനന്ദിച്ചു. അമേരിക്കൻ മലയാളികൾ കേരളത്തിന്റെ സാമൂഹിക വികസനത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നൽകുന്ന സംഭാവനകൾ വിലമതിക്കാനാകാത്തതാണെന്നും കേരളത്തിൽ ഫോമാ നടപ്പാക്കുന്ന വിവിധ ചാരിറ്റി പദ്ധതികൾ മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു.

മലയാളി സമൂഹത്തിന്റെ പാരമ്പര്യവും സംസ്കാരവും പുതിയ തലമുറയിലേക്ക് കൈമാറുന്നതിൽ ഫോമാ നിർണായക പങ്കാണ് വഹിക്കുന്നതെന്ന് ബൽറാം ചൂണ്ടിക്കാട്ടി. അമേരിക്കയിൽ ജനിച്ചുവളരുന്ന മൂന്നാം തലമുറയിലേക്കും നാലാം തലമുറയിലേക്കും മലയാളി സ്വത്വവും സാംസ്കാരിക പാരമ്പര്യവും എത്തിക്കുന്ന ഫോമായുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തെരഞ്ഞെടുപ്പ് മത്സരങ്ങൾ ജനാധിപത്യത്തിന്റെ ഭാഗമാണെങ്കിലും പരസ്പര ബഹുമാനവും ഉൾക്കൊള്ളലും നിലനിർത്തേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

(ശേഷം 34-ാം പേജിൽ)






















# കെസിസിഎൻഎ കൺവൻഷനെ വരവേല്ക്കാം

ഓഗസ്റ്റ് 6 മുതൽ 10 വരെ ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയിൽ ബ്രൗവാർഡ് കൗണ്ടി കൺവൻഷൻ സെന്ററിൽ നടക്കുന്ന 16-ാമത് കെസിസിഎൻഎ കൺവൻഷൻ, ക്നാനായക്കാരുടെ പ്രവാസി മാമാങ്കത്തിന് എല്ലാവിധ ആശംസകളും ആദ്യമേതന്നെ നേരുകയാണ്. കെസിസിഎൻഎയുടെ വിശ്വാസദീപ്തമായ ചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് ഈ കൺവൻഷൻ. നോർത്ത് അമേരിക്കയിലെ ക്നാനായ സമൂഹം എക്കാലത്തും വളരെ ആകാംക്ഷയോടെയും ആവേശത്തോടെയും ശിരസ്സിലേറ്റുന്നതാണ് തങ്ങളുടെ ദേശീയ മാമാങ്കമായ കെസിസിഎൻഎ കൺവൻഷൻ. ആ കൂട്ടായ്മയുടെ പതിനാറാമത്തെ വർണ്ണവിസ്മയ വേദിയുടെ തിരശ്ശീല ഉയരുമ്പോൾ കെസിസിഎൻഎ എന്ന ഈടുറ്റ സംഘടനയെപ്പറ്റിയും കഴിഞ്ഞ നാല് പതിറ്റാണ്ടുകളിൽ സംഘടിപ്പിച്ച പതിനഞ്ചു കൺവൻഷനുകളിലേക്കും ഒരോട്ടപ്രദക്ഷിണം നടത്തുന്നത് അഭികാമ്യവും പ്രസക്തവുമാണ്. വിട്ടുവീഴ്ചകളില്ലാതെ വംശശുദ്ധി മുറുകെപ്പിടിക്കുന്ന ഈ സമൂഹത്തിന് പകരമായി മറ്റൊന്നില്ലെന്നതു തന്നെ കാരണം.

ഈ പ്രബല സമുദായത്തിന്റെ രണ്ടാമത്തെ കുടിയേറ്റ ഭൂമിയായ വടക്കെ അമേരിക്കയിൽ ചിതറിക്കിടന്നിരുന്ന ക്നാനായ സഹോദരങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും പൂർവ്വികർ കാത്തുസംരക്ഷിച്ചു പകർന്നു നല്കിയ മഹത്തായ വംശശുദ്ധി അഭംഗുരം പരിപാലിക്കുന്നതിനും തനിമയിലും ഒരുമയിലും വിശ്വാസത്തിലും മുന്നേറുവാനും പുതിയ തലമുറയെ ചേർത്തുപിടിച്ച് നമ്മുടെ പൈതൃകവും വിശ്വാസവും പാരമ്പര്യ മൂല്യങ്ങളും അവരിലേക്ക് സന്നിവേശിപ്പിക്കുവാനും വേണ്ടി ഒരുപറ്റം ക്രാന്തദർശികളായ സമുദായ സ്നേഹികൾ 36 വർഷങ്ങൾക്കു മുൻപ് അതായത് 1988-ൽ രൂപം കൊടുത്തതാണല്ലോ ക്നാനായ കത്തോലിക്ക കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക എന്ന കെസിസിഎൻഎ.

ന്യൂയോർക്ക്, ചിക്കാഗോ, ഹൂസ്റ്റൺ എന്നീ മൂന്ന് റീജിയണൽ അസോസിയേഷൻ യൂണിറ്റുകളുമായി പ്രവർത്തനം ആരംഭിച്ച കെസിസിഎൻഎ ഇന്ന് അമേരിക്കയിലും കാനഡയിലുമായി 21 പ്രബല യൂണിറ്റുകളിലായി മുപ്പതിനായിരത്തിലധികം അംഗങ്ങളുള്ള ഒരുബൃഹത് പ്രസ്ഥാനമായി വളർന്ന് വികസിച്ചിരിക്കുന്നു. കൂടാതെ കെസിസിഎൻഎയുടെ ശക്തമായ തൂണുകളായ വിമൻസ് ഫോറം, കിഡ്സ് ക്ലബ്, കെസിവൈഎൽ, യുവജനവേദി (കെ.സി.വൈ.എൻ.എ) എന്നീ പോഷക സംഘടനകളും തികഞ്ഞ ഊർജസ്വലതയോടെ പ്രവർത്തിച്ചുവരുന്നു.

രണ്ട് വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന ലോകത്തിലെ തന്നെ ഏറ്റവും വലിയ ക്നാനായ കൺവൻഷന് ആദ്യമായി തിരിതെളിഞ്ഞത് 1986-ൽ ന്യൂയോർക്കിലാണ്. ക്നാനായ സമുദായത്തിന്റെ ഒരേയൊരു ഈറ്റില്ലമായ കോട്ടയം രൂപതയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളോടൊപ്പം ന്യൂയോർക്കിൽ ഐകെസിസിയുടെ നേതൃത്വത്തിൽ 1986 ജൂലൈ 4 വാരാന്ത്യം ക്നാനായ സമൂഹത്തിന്റെ അവിസ്മരണീയമായ ഒരു കൺവൻഷനാണ് സാക്ഷ്യം വഹിച്ചത്.


ഇന്ത്യക്ക് പുറത്ത് ആദ്യമായി വടക്കെ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ സ്ഥിരതാമസമാക്കിയ ക്നാനായ സമുദായത്തിലെ അംഗങ്ങൾ ന്യൂയോർക്കിൽ തങ്ങളുടെ സഹോദരങ്ങൾക്കൊപ്പം അന്ന് ഉത്സാഹത്തിമിർപ്പോടെ ഒത്തുകൂടി. 1993 ജൂലൈ 24-ന് ന്യൂയോർക്കിൽ എല്ലാ ആർഭാടങ്ങളോടും കൂടി ഐകെസിസിയുടെ നേതൃത്വത്തിൽ ചരിത്രത്തിൽ അടയാളപ്പെടുത്തിയ രണ്ടാമത്തെ കൺവൻഷൻ നടന്നു.

അതോടെ കെസിസിഎൻഎ എല്ലാ അർത്ഥത്തിലും സജീവവും പ്രവർത്തനക്ഷമവുമാവുകയായിരുന്നു. കെസിസിഎൻഎയുടെ ആഭിമുഖ്യത്തിൽ മൂന്നാമത്തെ കൺവൻഷൻ ചിക്കാഗോയിൽ കെസിഎസിന്റെ ആതിഥേയത്വത്തിൽ 1996-ൽ കൊണ്ടാടി. കെസിസിഎൻഎ കൺവൻഷനുകളാണ് ഇന്ത്യൻ കമ്യൂണിറ്റികളിൽ ഏറ്റവും ഓർഗനൈസ്ഡ് ആയി വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്നത് എന്ന കാര്യത്തിൽ മുൻകാല മാമാങ്കങ്ങൾ തന്നെ തെളിവ്. സംഘാടക മികവിന്റെ പര്യായമാണ് ഓരോ ദേശീയ കൺവൻഷനും. നമ്മുടെ സമുദായത്തിന്റെ ഇഴയടുപ്പവും ഒരുമയും മറ്റാർക്കും അവകാശപ്പെടാനാവില്ലായെന്നത് ഒരു പ്രധാന കാരണമാണ്. കാലക്രമേണ കൺവൻഷൻ കൂട്ടായ്മയുടെ ഗുണങ്ങൾ വടക്കെ അമേരിക്കയിലെ ക്നാനായ സമുദായം അനുഭവിച്ചറിഞ്ഞു. ഏതാനും രാവും പകലും ഒന്നിച്ചുകൂടി പരസ്പരം പരിചയപ്പെടാനും പുതുക്കാനും ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും സാധിക്കുന്ന ഇടങ്ങളാണ് കൺവൻഷൻ വേദികൾ.

കൂടാതെ അമേരിക്കയിൽ വിവിധ കോണുകളിലായി, പല അകലങ്ങളിലായി ചിതറിക്കിടക്കുന്ന ബന്ധുമിത്രാദികളോടൊപ്പം ചെലവഴിക്കാനും പുതിയ സംസ്കാരത്തിൽ വളരുന്ന തങ്ങളുടെ പുതുതലമുറയെ ഒന്നിച്ചു കൊണ്ടുവരാനും നമ്മുടെ സമുദായ പാരമ്പര്യങ്ങൾ പകർന്നു നല്കാനും കൺവൻഷനുകൾ ക്രിയാത്മക പങ്കു വഹിച്ചിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. 1999-ൽ ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ആതിഥേയത്വത്തിൽ സംഘടിപ്പിച്ച നാലാമത് കൺവൻഷൻ ആദ്യമായി ഇന്നത്തെ രൂപത്തിൽ ഒരു സമ്പൂർണ കൺവൻഷനായി ഹൂസ്റ്റണിലെ മേജർ ഹോട്ടൽ സമുച്ചയത്തിൽ (റിനൈസൻസ്) നടത്തപ്പെട്ടു. ഒരു നവ്യാനുഭവം പകർന്ന് നല്കിയ കൺവൻഷനായിരുന്നു ഇത്. 2002-ൽ ഫ്ളോറിഡയിലെ ഒർലാൻഡയിലും അതിനുശേഷം എല്ലാ രണ്ടു വർഷത്തിലും തുടർച്ചയായി കൺവൻഷൻ നടത്തപ്പെട്ടു.

2004-ൽ ആദ്യമായി അമേരിക്കയ്ക്കു പുറത്ത് കാനഡയിലെ ടോറോന്റോയിൽ വെച്ച് ആറാമത്തെ കൺവൻഷൻ നടത്തപ്പെട്ടു. 2006-ൽ സാൻഹൊസെയും 2008-ൽ ന്യൂജേഴ്സിയും 2010-ൽ ഡാളസും വർണ്ണാഭമായ കൺവൻഷനുകൾക്ക് ആതിഥേയത്വം വഹിച്ചു. 2012-ൽ പത്താമത്തെ കൺവൻഷൻ കെസിസിഎൻഎ നേരിട്ട് ഫ്ളോറിഡയിലെ ടാമ്പയിൽ നടത്തി. 2014-ൽ ചിക്കാഗോയും 2016-ൽ ഹൂസ്റ്റണും 2018-ൽ ചിക്കാഗോയും വേദികളായി. കോവിഡ് മഹാമാരി മൂലം 2020-ലെ കൺവൻഷൻ ഉപേക്ഷിക്കേണ്ടിവന്നു.

കോവിഡിനുശേഷം 2022-ൽ ഇന്ത്യനാപോളിസിൽ കെസിസിഎൻഎ കൺവൻഷൻ നേരിട്ട് വിജയകരമായി നടത്തി. ക്നാനായ യൂണിറ്റ് ഇല്ലാത്ത ഒരു സംസ്ഥാനത്ത് കെസിസിഎൻഎ സംഘടിപ്പിച്ച സംഗമം എന്നനിലയിൽ 2022-ലെ ഇന്ത്യനാപോളിസ് കൺവൻഷൻ ചരിത്രത്താളുകളിൽ വേറിട്ടുനിൽക്കുന്നു. 2024-ൽ ടെക്സസിലെ സാൻ അന്റോണിയോ എന്ന കൊച്ചു യൂണിറ്റ് ആതിഥേയത്വം വഹിച്ചു. ഷാജി എടാട്ടിന്റെ നേതൃത്വത്തിൽ ഗംഭീരമായി നടത്തിയ സാൻ അന്റോണിയോ കൺവൻഷൻ സംഘാടനമികവുകൊണ്ടും പങ്കാളിത്തം കൊണ്ടും ചരിത്രത്തിൽ ഇടംനേടി.



ബൈജു ആലപ്പാട്ട്,
കെ.സി.സി.എൻ.എ പിആർഒ &
ഡാളസ് പ്രസിഡണ്ട്

മെച്ചപ്പെട്ട ജീവിതം കരുപ്പിടിക്കുവാൻ ഈ വലിയ രാജ്യത്ത് കുടിയേറിയിരിക്കുന്ന നമ്മളോരോരുത്തർക്കും ജീവിത തിരക്കുകൾക്കും മാനസിക പിരിമുറുക്കങ്ങൾക്കും ഇടയിൽ കൺവൻഷനുകൾ എല്ലായ്പ്പോഴും നല്കുന്നത് ഊഷ്മളമായ അനുഭവങ്ങളാണ്. നമ്മുടെ ചുറ്റും ഒന്ന് കണ്ണോടിച്ചാൽ കാണാൻ കഴിയുന്ന യുവദമ്പതികളിൽ പലരും മേൽപ്പറഞ്ഞ ഏതെങ്കിലുമൊക്കെ കൺവൻഷനുകളിലെ കണ്ടുമുട്ടലുകളിൽ നിന്നും കൈപിടിച്ചൊന്നായ സ്നേഹബന്ധങ്ങളാണല്ലോ. മറ്റൊരു കൺവൻഷനിലേക്ക് ആവേശപൂർവം ഓടിയെത്തിയിരിക്കുന്ന നമുക്ക് ഓരോരുത്തർക്കും പുതിയ വെല്ലുവിളികളുടെ ലോകത്ത് നമ്മുടെ സമുദായത്തിന്റെ കെട്ടുറപ്പും ഇഴയടുപ്പവുംവീണ്ടും വളരെ ശക്തിയോടെ, വിവേകത്തോടെ ചേർത്തുപിടിക്കുവാൻ കഴിയട്ടെയെന്ന് ആഗ്രഹിക്കുന്നു.

നാലായിരത്തോളം അംഗങ്ങൾ പങ്കെടുക്കുന്ന നാല് രാവും പകലും നീണ്ടുനിൽക്കുന്ന ഇത്രയും വലിയ കൺവൻഷൻ ഒരുക്കുന്നത് ഒട്ടും എളുപ്പമുള്ള കാര്യമല്ല. എക്സിക്യൂട്ടീവ് അംഗങ്ങളുടെയും ആതിഥേയ യൂണിറ്റിന്റെയും നേതൃത്വത്തിൽ നൂറുകണക്കിന് കമ്മിറ്റി അംഗങ്ങൾ ആയിരക്കണക്കിനു മണിക്കൂറുകൾ ഇതിന്റെ തയ്യാറെടുപ്പിനു വേണ്ടി കാലാകാലങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്. സ്വന്തം സമുദായത്തോടുള്ള അവരുടെ ആത്മാർത്ഥമായ സ്നേഹത്തിനും അർപ്പണത്തിനും ഒരു പൂച്ചെണ്ട് നല്കട്ടെ.

മഹാന്മാരുടെ കാലടിപ്പാടുകളോട് ചേർന്നൊട്ടി നിന്നുകൊണ്ട് പിറകോട്ട് തിരിഞ്ഞുനോക്കുമ്പോൾ, നമ്മൾ കടന്നുപോയ കുന്നുകളും താഴ്വരകളും കാണുമ്പോൾ, അമേരിക്കയിൽ കുടിയേറിയ ഒരു അനുഗൃഹീത ക്നാനായക്കാരൻ എന്ന നിലയിൽ അഭിമാനിക്കുന്നു. അവിടെനിന്നും ഭാവിയിലേക്കു നോക്കുമ്പോൾ ഇതുപോലുള്ളതും ഇതിലും മെച്ചപ്പെട്ടതുമായ ആഗോള ക്നാനായ സംഗമങ്ങൾ ചക്രവാള സീമയിൽ തെളിഞ്ഞുകാണുവാൻ മനസ്സുകൊണ്ട് ആഗ്രഹിക്കുന്നു.

ഓഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച കൺവൻഷൻ കൊടിയിറങ്ങി പിറ്റേന്ന് ഇവിടെനിന്നും മടങ്ങി വീണ്ടും നമ്മുടെ നിത്യജീവിത തിരക്കുകളിലേയ്ക്കും കൃത്യാന്തരബാഹുല്യങ്ങളിലേയ്ക്കും പോകുമ്പോൾ നമ്മൾ കഴിഞ്ഞ നാല് രാപ്പകലുകൾ അടുത്തിടപഴകി നേടിയ പുതിയതും പഴയതുമായ സൗഹൃദങ്ങളോട് 'ഗുഡ്ബൈ' പറയാതെ 'ഉടനെ വീണ്ടും കാണാം' എന്നാശംസിച്ച് താല്ക്കാലികമായി വിട ചൊല്ലുവാൻ കഴിയുമാറാകട്ടെ.



# ഓർമ്മ അന്താരാഷ്ട്ര പ്രസംഗമത്സരം നാലാം സീസൺ പ്രചാരണ പരിപാടിക്ക് മുഖ്യമന്ത്രി വി.ഡി. സതീശൻ തുടക്കം കുറിച്ചു




പാലാ: ഓർമ്മ ഇന്റർനാഷണൽ ടാലന്റ് പ്രമോഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 15-ന് ആരംഭിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പത്ത് ലക്ഷം രൂപ സമ്മാനത്തുകയുള്ള അന്താരാഷ്ട്ര പ്രസംഗ മത്സര പരമ്പരയുടെ നാലാം സീസണിന്റെ പ്രചാരണാർത്ഥം സംഘടിപ്പിച്ച 'വാഗ്മിത്വത്തിലേക്ക് ഒരു ചുവട്' എന്ന പ്രചാരണ പരിപാടി മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു.

**എബി ജെ. ജോസ്**

സംസാരിക്കാനുള്ള കഴിവ് ഒരു വ്യക്തിയുടെ വിജയത്തിനു മാത്രമല്ല, സമൂഹത്തിന്റെ പുരോഗതിക്കും അത്യന്താപേക്ഷിതമാണെന്ന് മുഖ്യന്ത്രി പറഞ്ഞു. ആശയങ്ങൾ രൂപപ്പെടുന്നതും അവ സമൂഹത്തിലേക്ക് എത്തിച്ചേരുന്നതും സംവാദങ്ങളിലൂടെയാണെന്നും അതുകൊണ്ടുതന്നെ പബ്ലിക് സ്പീക്കിംഗ് ഒരു മത്സര ഇനം മാത്രമല്ല, ജനാധിപത്യത്തിന്റെ അടിസ്ഥാന ശക്തികളിലൊന്നാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ലോകമെമ്പാടുമുള്ള മലയാളി യുവതലമുറയ്ക്ക് ഭാഷാപാടവവും ചിന്താശേഷിയും അവതരണ മികവും വളർത്തിയെടുക്കാൻ ഓർമ്മയുടെ അന്തർദ്ദേശീയ പബ്ലിക് സ്പീക്കിംഗ് സംരംഭം മികച്ച അവസരമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മത്സരത്തിൽ വിജയിക്കുന്നതിലും പ്രധാനമാണ് സ്വന്തം ആശയങ്ങൾ ധൈര്യത്തോടെയും ആത്മവിശ്വാസത്തോടെയും അവതരിപ്പിക്കാൻ കഴിയുന്ന വ്യക്തിത്വം വളർത്തിയെടുക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഓർമ്മ ഇന്റർനാഷണൽ ടാലന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, സെക്രട്ടറി എബി ജെ. ജോസ്, ഓർമ്മ കേരള ചാപ്റ്റർ ചെയർമാൻ കുര്യാക്കോസ് മാണിവയലിൽ, ട്രഷറർ ഷാജി ആറ്റുപുറം, പ്രസംഗപരിശീലകരായ പ്രൊഫ. ടോമി ചെറിയാൻ, സോയി തോമസ് എന്നിവർ പങ്കെടുത്തു.

സബ് ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിലായി മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ നാല് ഘട്ടങ്ങളിലായാണ് മത്സരം നടക്കുക. 2027 ഓഗസ്റ്റിൽ പാലായിൽ നടക്കുന്ന ഗ്രാൻഡ് ഫിനാലെയോടെയാണ് നാലാം സീസൺ സമാപിക്കുക. മത്സരത്തിന്റെ രജിസ്ട്രേഷനും മറ്റു വിവരങ്ങളും ഉടൻ തന്നെ www.ormaspeech.org എന്ന വെബ്സൈറ്റിൽ ലഭ്യമാകും.










# ബിജു തോണിക്കടവിൽ ഫോമാ പ്രസിഡണ്ട്; 2026–28–ൽ ഫോമായെ നയിക്കാൻ ടീം വോയിസ് ഓഫ് ഫോമാ

ഹൂസ്റ്റൺ: 2026-28-ൽ ഫോമായെ നയിക്കുവാൻ പ്രസിഡണ്ടായി ബിജു തോണിക്കടവിലിനെ ഫോമാ അംഗങ്ങൾ തെരഞ്ഞെടുത്തു. ഹൂസ്റ്റണിൽ നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ ബിജു തോണിക്കടവിൽ നേതൃത്വം നല്കിയ ടീം വോയിസ് ഓഫ് ഫോമായുടെ പാനലിൽ ഉള്ള പോൾ പി. ജോസ് സെക്രട്ടറിയായും ട്രഷറർ ആയി പ്രദീപ് നായരും വൈസ് പ്രസിഡണ്ടായി സാമുവൽ മത്തായിയും ജോയിന്റ് സെക്രട്ടറിയായി ഡോ. മഞ്ജു പിള്ളയും ജോയിന്റ് ട്രഷററായി ജോൺസൺ കണ്ണൂക്കാടനും ഉൾപ്പെട്ട ശക്തമായ നേതൃനിരയാണ് ഇനി ഫോമായെ നയിക്കുക. ഫ്ളോറിഡയിൽ നിന്നുള്ള മാത്യു വർഗീസിന്റെ നേതൃത്വത്തിലുള്ള ടീമിനെയാണ് ബിജു തോണിക്കടവിലിന്റെ ടീം പരാജയപ്പെടുത്തിയത്.

ആകെ പോൾ ചെയ്ത വോട്ട്-683

ബിജു തോണിക്കടവിൽ-427, മാത്യു വർഗീസ്-256.

ജനറൽ സെക്രട്ടറി: പോൾ പി. ജോസ്-370, അനു സ്കറിയ-313.

ട്രഷറർ: പ്രദീപ് നായർ-403, ബിനോയി തോമസ്-280.

വൈസ് പ്രസിഡണ്ട്: സാമുവൽ മത്തായി-415, ജോൺസൺ ജോസഫ് -268.

ജോയിന്റ് സെക്രട്ടറി: ഡോ. മഞ്ജു പിള്ള-401, രേഷ്മ രഞ്ജൻ-282.

ജോയിന്റ് ട്രഷറർ: ജോൺസൺ കണ്ണൂക്കാടൻ-363, ടിറ്റോ ജോൺ-320.

ഫോമായുടെ വിവിധ നേതൃപദവികളിൽ പ്രവർത്തിച്ച് അമേരിക്കൻ മലയാളികളുടെ ഏറെ പ്രശംസകൾ ഏറ്റുവാങ്ങിയ ബിജു തോണിക്കടവിൽ ഫോമായുടെ എക്കാലത്തെയും മികച്ച നേതാവ് എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ട വ്യക്തിത്വമാണ്. ഫോമായ്ക്ക് ആഗോളതലത്തിൽ അടിത്തറ ഉണ്ടാക്കിക്കൊടുത്ത ഫോമാ വില്ലേജ് പ്രോജക്ട് പോലുള്ള നേതൃത്വപരമായ പ്രവർത്തനങ്ങൾ ഫോമായിൽ അദ്ദേഹത്തിന് നേടിക്കൊടുത്ത സ്ഥാനങ്ങൾ ചെറുതല്ല. ആർവിപി ആയും ജോയിന്റ് ട്രഷററായും നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. ഫോമായുടെ ട്രഷററായി ബിജു നടത്തിയ സംഘടനാപ്രവർത്തനങ്ങൾ പ്രവാസി സംഘടനകൾക്ക് വലിയ മാതൃകയായി. 2024-ൽ അധികാരം കൈമാറുമ്പോൾ 88,856 ഡോളർ മിച്ചം വെച്ച് ഫോമായെ പുതിയ ടീമിനെ ഏല്പിച്ച ട്രഷറർ എന്ന ഖ്യാതി ബിജു തോണിക്കടവിലിന് സ്വന്തമാണ്.



ബിജു തോണിക്കടവിൽ
(പ്രസിഡണ്ട്)



പോൾ പി. ജോസ്
(സെക്രട്ടറി)



പ്രദീപ് നായർ
(ട്രഷറർ)



സാമുവൽ മത്തായി
(വൈസ് പ്രസിഡണ്ട്)



ഡോ. മഞ്ജു പിള്ള
(ജോയിന്റ് സെക്രട്ടറി)



ജോൺസൺ കണ്ണൂക്കാടൻ
(ജോയിന്റ് ട്രഷറർ)

**ജോസ് കണിയാലി**

ഏറ്റെടുത്ത ചുമതലകളിലെല്ലാം അത്യപൂർവ്വമായ പ്രവർത്തനമികവും സംഘടനാ പാടവവും അർപ്പണബോധവും അമേരിക്കൻ മലയാളികൾക്കിടയിൽ തെളിയിച്ചു കാണിച്ച വ്യക്തിയാണ് പോൾ പി. ജോസ്. നിലവിൽ ഫോമായുടെ ജോയിന്റ് സെക്രട്ടറിയായ പോൾ പദവി ഏറ്റെടുത്ത ശേഷം ചുരുങ്ങിയ കാലയളവിൽ തന്റെ പ്രവർത്തന മികവ് തെളിയിച്ചതാണ്.

ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട പ്രദീപ് നായർ, താഴെതട്ടിൽ നിന്നുള്ള പ്രവർത്തനത്തിലൂടെ മുൻനിരയിലേക്ക് വന്ന് എല്ലാവരുമായും നല്ല ബന്ധം കാത്തുസൂക്ഷിക്കുന്ന അപൂർവ്വം വ്യക്തികളിലൊരാളാണ്. 2006-ൽ യോങ്കേഴ്സ് മലയാളി അസോസിയേഷനിൽ കമ്മിറ്റി മെംബർ ആയി സംഘടനാ പ്രവർത്തനം ആരംഭിച്ച പ്രദീപിന് പിന്നീട് അസോസിയേഷന്റെ എല്ലാ പദവികളും അലങ്കരിക്കുവാൻ സാധിച്ചു.

ബാലജനസഖ്യത്തിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച് വിദ്യാർത്ഥി നേതാവായി നേതൃപാടവം തെളിയിച്ച സാമുവൽ മത്തായി ഡാളസ് മലയാളി അസോസിയേഷൻ സെക്രട്ടറി, പ്രസിഡണ്ട് എന്നീ നിലകളിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെച്ചു. 2020 -2022-ൽ ഫോമായുടെ നാഷണൽ കമ്മിറ്റിയംഗമായും മികച്ച പ്രവർത്തനമാണ് കാഴ്ചവെച്ചത്.

ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട അരിസോണയിലെ പ്രശസ്ത ഡോക്ടറും സാമൂഹിക പ്രവർത്തകയും കലാകാരിയുമായ ഡോ. മഞ്ജു പിള്ള കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി അരിസോണ മലയാളി സമൂഹത്തിലെ നിറസാന്നിദ്ധ്യമാണ്. നിലവിൽ ഫോമാ വിമൻസ് ഫോറത്തിന്റെ നാഷണൽ ജോയിന്റ് ട്രഷററായി സ്തുത്യർഹമായ സേവനം കാഴ്ചവെച്ചുകൊണ്ടിരിക്കുന്നു. അരിസോണ മലയാളി അസോസിയേഷന്റെ നിരവധി നേതൃപദവികൾ വഹിച്ചിട്ടുള്ള മഞ്ജു ഇപ്പോൾ പ്രസ്തുത സംഘടനയുടെ അഡ്വൈസറി കൗൺസിൽ അംഗമാണ്.

ജോയിന്റ് ട്രഷറർ ആയി തെരഞ്ഞെടുക്കപ്പെട്ട ജോൺസൺ കണ്ണൂക്കാടൻ ഫോമയുടെ ആരംഭം മുതൽ സംഘടനയുടെ വളർച്ചയിൽ പങ്കാളി ആയിരുന്നു. 2018-ൽ ചിക്കാഗോയിൽ വെച്ച് നടന്ന ഫോമാ കൺവൻഷന്റെ അത്യുജ്വല വിജയത്തിന്റെ കോ-ഓർഡിനേറ്റർ ആയിരുന്നു. പിന്നീടുള്ള രണ്ടു വർഷം ഫോമായുടെ നാഷണൽ ക്രെഡൻഷ്യൽ കോ-ഓർഡിനേറ്റർ ആയും കാൻകൂണിൽ വെച്ച് നടത്തപ്പെട്ട ഫോമാ കൺവൻഷന്റെ കലാമേളയുടെ ചെയർമാനായും വിജയകരമായി പ്രവർത്തിച്ചു. പൂണ്ടാകാനയിൽ വെച്ച് നടത്തപ്പെട്ട ഇക്കഴിഞ്ഞ ഫോമാ കൺവൻഷന്റെ സുവനീർ കമ്മിറ്റി കോ-ചെയർമാനുമായിരുന്നു.

## തീരസംരക്ഷണ സേനയിൽ ഇനി സ്ത്രീകൾക്കും തുല്യാവസരം

ന്യൂഡൽഹി: സായുധസേനകളിൽ ലിംഗസമത്വമെന്ന ആവശ്യത്തിന് ഊർജം പകർന്ന് പ്രതിരോധ മന്ത്രാലയം വനിതകൾക്ക് നിയമനത്തിലും ഉദ്യോഗക്കയറ്റത്തിലും തുല്യാവകാശം ഉറപ്പാക്കുന്നതടക്കം ഒരുപിടി നിർണായക തീരുമാനങ്ങൾ പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് പ്രഖ്യാപിച്ചു. കടലിൽ കാണാതായ ഉദ്യോഗസ്ഥരുടെ കുടുംബങ്ങൾക്ക് സഹായധനം ലഭിക്കാനുള്ള നടപടികൾ ലഘൂകരിച്ചതാണ് മറ്റൊന്ന്. ഈ പ്രഖ്യാപനങ്ങൾ സ്ത്രീ ശക്തിയോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വെളിപ്പെടുത്തുന്നതോടൊപ്പം 2027-ൽ സുവർണ ജൂബിലി ആഘോഷിക്കാൻ തയാറെടുക്കുന്ന സേനയെ ശക്തിപ്പെടുത്തുമെന്നും രാജ്നാഥ് സിംഗ് പറഞ്ഞു. സ്ത്രീകൾക്ക് സേനയിൽ തുല്യാവകാശം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നിയമനങ്ങളും ഉദ്യോഗക്കയറ്റങ്ങളും നൽകുമെന്നും ഇനി മുതൽ സ്ത്രീകൾക്ക് ഹ്രസ്വസേവന നിയമനങ്ങൾക്കൊപ്പം സ്ഥിരംനിയമനങ്ങൾക്കും അർഹതയുണ്ടാകും. അതോടൊപ്പം പുരുഷന്മാർക്ക് ഇനി ഹ്രസ്വസേവനങ്ങളിലും നിയമനം ലഭിക്കും. നയത്തിന്റെ ഭാഗമായി പ്രാരംഭ പരിശീലനം മുതൽതന്നെ സ്ത്രീകൾക്ക് അവസരങ്ങളിൽ തുല്യത ഉറപ്പാക്കും. നിലവിൽ സ്ഥിരം ജീവനക്കാരായ വനിതാ ഉദ്യോഗസ്ഥർക്ക് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കുകളിലേക്ക് ജോലിക്കയറ്റം ലഭിക്കും. യോഗ്യത തെളിയിക്കുന്നപക്ഷം ഹ്രസ്വസേവന നിയമനത്തിലുള്ള സ്ത്രീകൾക്ക് സ്ഥിരം നിയമനം നൽകുമെന്നും അദ്ദേഹം പറഞ്ഞു. സൈനികരുടെ കുടുംബക്ഷേമത്തിൽ ഊന്നിയുള്ളതാണ് രണ്ടാമത്തെ തീരുമാനം. ഇതിലൂടെ ജോലിക്കിടെ കടലിൽ കാണാതായവരുടെ കുടുംബങ്ങൾക്ക് ധനസഹായം ലഭിക്കാനുള്ള നടപടികൾ ലളിതമാക്കും. കടലിൽ കാണാതായവരെ മരിച്ചതായി പ്രഖ്യാപിക്കാനുള്ള അധികാരം തീരസംരക്ഷണ സേനയ്ക്കു ലഭിക്കുന്നതോടെ ഇവരുടെ കുടുംബങ്ങൾക്ക് നിലവിലെ കാലതാമസം ഒഴിവാക്കി അർഹമായ സഹായധനം ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിലെ കർത്തവ്യഭവൻ രണ്ടിൽ നടന്ന പത്രസമ്മേളനത്തിൽ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗ്, തീരസംരക്ഷണ സേന ഡയറക്ടർ ജനറൽ പരമേശ് ശിവമണി എന്നിവരും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.

## മുസ്ലിംലീഗിൽ ഒരാൾക്ക് ഒറ്റപ്പദവി

മലപ്പുറം: ഒരാൾക്ക് ഒരുപദവിയെന്ന സംഘടനാ തീരുമാനം കർശനമായി നടപ്പാക്കാൻ മുസ്ലിം ലീഗ്. മന്ത്രിമാരും എം.എൽ.എമാരും പാർട്ടി പദവികൾ ഉടൻ ഒഴിയണം. സംസ്ഥാന ഭാരവാഹിസ്ഥാനം ഒഴിയുന്നവരെ സംസ്ഥാന സെക്രട്ടേറിയറ്റംഗമായി നിലനിർത്തും.

മുസ്ലിംലീഗ് നേതൃയോഗത്തിൽ സംസ്ഥാന പ്രസിഡന്റ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങളാണ് ഇക്കാര്യത്തിൽ നിർദേശം നൽകിയത്. ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെടുന്നവർ ലീഗിലെയും പോഷകസംഘടനകളിലെയും പദവികൾ ഒഴിയണമെന്നാണ് നിർദേശം.

അവർ ജനപ്രതിനിധി എന്ന നിലയ്ക്കുള്ള ഉത്തരവാദിത്വങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. സംഘടനാ ചുമതലകളിൽ കൂടുതൽപേർക്ക് അവസരം നൽകുന്നതിന്റെ ഭാഗമായാണ് നടപടി. എന്നാൽ, മുതിർന്ന നേതാവ് എന്ന പരിഗണനയിൽ ദേശീയ ജന. സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടിക്ക് ഇളവുനൽകിയേക്കും.

ഒരാൾക്ക് ഒരുപദവി എന്ന നിർദേശവുമായി സംസ്ഥാന കമ്മിറ്റി നേരത്തേതന്നെ സർക്കുലർ ഇറക്കിയിരുന്നു. തദ്ദേശസ്ഥാപനങ്ങളിൽ അദ്ധ്യക്ഷരും ഉപാദ്ധ്യക്ഷരും സ്ഥിരംസമിതി അദ്ധ്യക്ഷന്മാരുമാകുന്നവർക്കടക്കം ഒറ്റപ്പദവി നിർദേശം ബാധകമാണ്.

# അമേരിക്കൻ പ്രസിഡണ്ടിന്റെ ആശംസയോടെ NAMKC ക്നാനായ മഹാസംഗമത്തിന് ആവേശകരമായ സമാപനം

പെൻസിൽവേനിയ: നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്യൂണിറ്റിയുടെ (NAMKC) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നോർത്ത് അമേരിക്കൻ ക്നാനായ മഹാസംഗമത്തിന് ചരിത്ര വിജയത്തോടെ ആവേശകരമായ സമാപനം. വൻ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ സമാപനസമ്മേളനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു.

മഹാസംഗമത്തിന് കൂടുതൽ ആവേശം പകർന്ന് അമേരിക്കൻ പ്രസിഡണ്ടിന്റെ പ്രത്യേക ആശംസാസന്ദേശവും സമ്മേളനത്തിൽ വായിച്ചു. ക്നാനായ സമൂഹം അമേരിക്കൻ മണ്ണിൽ നല്കുന്ന മഹത്തായ സംഭാവനകളെയും അവരുടെ സാംസ്കാരിക പാരമ്പര്യത്തെയും പ്രസിഡണ്ട് തന്റെ സന്ദേശത്തിൽ പ്രശംസിച്ചു. വേദിയിൽ വെച്ച് ഈ ആശംസാ സന്ദേശം വായിച്ച ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത, അമേരിക്കൻ പ്രസിഡണ്ടിന്റെ ഈ പ്രശംസ ക്നാനായ സമുദായ ചരിത്രത്തിലെ സമാനതകളില്ലാത്ത അംഗീകാരമാണെന്ന് വിശേഷിപ്പിച്ചു. ആഗോള ക്നാനായ സമൂഹത്തിന് ഒന്നാകെ ഇതൊരു വലിയ അഭിമാന നിമിഷമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്യൂണിറ്റിയുടെ (NAMKC) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നോർത്ത് അമേരിക്കൻ ക്നാനായ മഹാസംഗമത്തിന്റെ സമാപനസമ്മേളനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം തോട്ടത്തിൽ, സമുദായ ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ, ഫാ. മാർക്കോസ് എം. ചാലുപറമ്പിൽ, ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യൻ കൗൺസിലർ എൽദോസ് പുന്നൂസ് ഐഎഫ്എസ്, മാനേജിംഗ് കമ്മിറ്റി അംഗം ടിജു ഏബ്രഹാം തോട്ടുപുറത്ത്, NAMKC പ്രസിഡണ്ട് ജേക്കബ് തോമസ് ഇടവഴിക്കൽ, സെക്രട്ടറി അജയ് മാത്യു വാഴയ്ക്കൽ, ട്രസ്റ്റി മിന്നു സജി ഇരണക്കൽ തുടങ്ങിയവർ സമീപം.



വാഷിങ്ടൺ ഡിസി വൈറ്റ് ഹൗസിലെ യുഎസ് ഗവൺമെന്റിന്റെ സീനിയർ എക്സിക്യൂട്ടീവ് സർവീസ് (SES) അംഗമായ റവ.ഫാ. അലക്സാണ്ടർ ജെ. കുര്യൻ സമ്മേളനത്തിൽ മുഖ്യസാന്നിദ്ധ്യമായി പങ്കെടുത്ത് നടത്തിയ പ്രഭാഷണം ഏറെ ശ്രദ്ധേയമായി. ക്നാനായ സമൂഹത്തിന്റെ വളർച്ചയും പൊതുജനസമൂഹത്തിൽ അവർ കൈവരിച്ച ഉന്നതിയും എടുത്തുപറഞ്ഞ പ്രഭാഷണം മഹാസംഗമത്തിന് കൂടുതൽ ഗൗരവവും ദിശാബോധവും നല്കി.


ഇതിനു പുറമെ ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ പ്രതിനിധിയും

**അജയ് മാത്യു വാഴയ്ക്കൽ**

കൗൺസിലറുമായ എൽദോസ് പുന്നൂസ് ഐഎഫ്എസിന്റെ സാന്നിദ്ധ്യവും പ്രഭാഷണവും മഹാസംഗമത്തിന്റെ മാറ്റ് കൂട്ടി. രാജ്യാന്തര തലത്തിൽ ശ്രദ്ധേയനായ അദ്ദേഹത്തിന്റെ വാക്കുകൾ സദസ്സിന്റെ സവിശേഷ ശ്രദ്ധയും അംഗീകാരവും പിടിച്ചുപറ്റുന്നതിനൊപ്പം സമ്മേളനത്തിന് കൂടുതൽ ഗൗരവവും പ്രൗഢിയും നല്കുകയും ചെയ്തു.

തുടർന്നു നടന്ന സമ്മേളനത്തിൽ സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം തോട്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. സമുദായ ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ, ഫാ. മാർക്കോസ് എം. ചാലുപറമ്പിൽ, മാനേജിംഗ് കമ്മിറ്റി അംഗം ടിജു ഏബ്രഹാം തോട്ടുപുറത്ത്, NAMKC പ്രസിഡണ്ട് ജേക്കബ് തോമസ് ഇടവഴിക്കൽ, സെക്രട്ടറി അജയ് മാത്യു വാഴയ്ക്കൽ, ട്രസ്റ്റി മിന്നു സജി ഇരണക്കൽ എന്നിവർ പ്രസംഗിച്ചു.

നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്യൂണിറ്റിയുടെ (NAMKC) ബിസിനസ് മീറ്റിങ്ങിൽ അടുത്ത നാല് വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾ: പ്രസിഡണ്ട്-രാജൻ കുര്യാക്കോസ് പുന്നാറ്റുശ്ശേരിൽ, വൈസ് പ്രസിഡണ്ട് തോമസ് ജോസഫ് ചരിവുപറമ്പിൽ, സെക്രട്ടറി റെന്നി ഇരണക്കൽ, ട്രസ്റ്റി ജെസ്സി പ്രസാദ് വടവുപറമ്പിൽ, ജോയിന്റ് സെക്രട്ടറി നിമിഷ നിഖിൽ പുതുച്ചിറയിൽ. പ്രധാന ഭാരവാഹികൾക്കു പുറമെ എട്ട് ഗവേണിംഗ് ബോർഡ് അംഗങ്ങളെയും യോഗത്തിൽ തെരഞ്ഞെടുക്കുകയുണ്ടായി.






# മലങ്കര യാക്കോബായ സഭ അമേരിക്കൻ അതിഭദ്രാസനത്തിന്റെ 37–ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസ് സമാപിച്ചു











ന്യൂജേഴ്സി: മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ അതിഭദ്രാസനത്തിന്റെ 37–ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസ് ന്യൂജേഴ്സിയിലുള്ള ഭദ്രാസന ആസ്ഥാനത്തു വെച്ച് ഇദം പ്രഥമമായി ജൂലൈ മാസം 22–ാം തീയതി മുതൽ 25–ാം തീയതി വരെ നടത്തപ്പെട്ടു. ഈ വർഷത്തെ കോൺഫറൻസ് ജൂലൈ 25–ാം തീയതി യാക്കോബായ സുറിയാനി സഭയുടെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ ശ്രേഷ്ഠ കാതോലിക്ക ആബൂൺ മോർ ബസ്സേലിയോസ് ജോസഫ് ഒന്നാമൻ ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയോടെ സമാപിച്ചു.

സ്ഥാനാരോഹണത്തിനുശേഷം

**വർഗീസ് പാലമലയിൽ**

ആദ്യമായി അമേരിക്കയിൽ എഴുന്നള്ളിവന്ന ശ്രേഷ്ഠ പിതാവിന് ന്യൂയോർക്കിലുള്ള പൊമോണയിൽ വെച്ച് നടന്ന ബാങ്കറ്റിൽ അതിവിപുലമായ സ്വീകരണമാണ് നല്കിയത്. അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലീത്തായും പാത്രിയർക്കൽ വികാരിയുമായ അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു.

ഭദ്രാസന സെക്രട്ടറി റവ.ഫാ. പോൾ തോട്ടക്കാട്ട് ശ്രേഷ്ഠ ബാവയേയും ഓറിയന്റൽ ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് കടന്നുവന്ന അഭിവന്ദ്യ പിതാക്കന്മാരേയും കേരളത്തിലെ വിവിധ ക്രൈസ്തവ സഭകളെ പ്രതിനിധീകരിച്ച് കടന്നുവന്ന സഭാപിതാക്കന്മാരെയും വൈദികരെയും സന്നിഹിതരായിരുന്ന മറ്റേവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

യോഗത്തിൽ അഭിവന്ദ്യ യൂഹാനോൻ മോർ കാവാക്ക് മെത്രാപ്പോലീത്ത (സിറിയക് ഓർത്തഡോക്സ്, ഈസ്റ്റേൺ ഭദ്രാസനം), അഭിവന്ദ്യ ഡോക്ടർ അയൂബ് മോർ സിൽവാനിയോസ് മെത്രാപ്പോലീത്ത (ക്നാനായ അതിഭദ്രാസനം), ആസ്ട്രേലിയയിൽ നിന്നുള്ള റവ.ഫാ. ജേക്കബ് ജോസഫ് പിഎച്ച്.ഡി (കീനോട്ട് സ്പീക്കർ), റവ.ഫാ. ജോസഫ് ഷമ്മാസ് (യൂത്ത് സ്പീക്കർ) എന്നിവർ സംസാരിച്ചു. വിവിധ സഭാ മേലദ്ധ്യക്ഷന്മാർ, കാനഡയിലെയും അമേരിക്കയിലെയും കോർ എപ്പിസ്കോപ്പമാർ, വൈദികർ, ഭക്തസംഘടനാ ഭാരവാഹികൾ, വിശ്വാസികൾ എന്നിവരും ബാവയുടെ സ്വീകരണ യോഗത്തിൽ പങ്കെടുത്തു. യോഗത്തിൽ പങ്കെടുത്ത ഓറിയന്റൽ ഓർത്തഡോക്സ് സഭയിലെ എല്ലാ മെത്രാ





പ്പോലീത്തമാർക്കും വിവിധ ക്രൈസ്തവസഭാ മേലദ്ധ്യക്ഷന്മാർക്കും ശ്രേഷ്ഠ ബാവ ഭദ്രാസനത്തിന്റെ സ്നേഹോപഹാരം നല്കി.

ജൂലൈ മാസം 24–ാം തീയതി വെള്ളിയാഴ്ച നടന്ന സാംസ്കാരികത്തനിമ വിളിച്ചോതുന്ന ഘോഷയാത്രയും അതിനെത്തുടർന്നുള്ള സമാപന സമ്മേളനവും ശ്രേഷ്ഠബാവയുടെയും അഭിവന്ദ്യ മെത്രാപ്പോലീത്തമാരുടെയും കോർ എപ്പിസ്കോപ്പമാരുടെയും വൈദികരുടെയും വിശ്വാസിസമൂഹത്തിന്റെയും സാന്നിദ്ധ്യം കൊണ്ട് വളരെയേറെ ശ്രദ്ധേയമായിരുന്നു. സമാപനസമ്മേളനത്തിൽ ഭദ്രാസന ട്രഷറർ സിമി ജോസഫ് ഏവർക്കും നന്ദി രേഖപ്പെടുത്തി.

സമാപന ദിവസത്തെ വിശുദ്ധ കുർബാന ശ്രേഷ്ഠബാവയുടെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനിയുടെയും കോർ എപ്പിസ്കോപ്പമാരുടെയും വൈദികരുടെയും സഹകാർമ്മികത്വത്തിലും നടന്നു.

ആത്മീയത നിറഞ്ഞുനിന്ന ഈ കോൺഫറൻസിൽ ദൈവത്തോട് കൂടുതൽ അടുക്കുവാനും വിശ്വാസത്തിൽ വളരാനും ഉള്ള തീക്ഷ്ണമായ അർപ്പണബോധം നേടിത്തന്നുവെന്ന് കോൺഫറൻസിൽ പങ്കെടുത്ത വിശ്വാസികൾ വിലയിരുത്തി.

സർവ്വശക്തനായ ദൈവത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ വർഷത്തെ കുടുംബമേള ന്യൂജേഴ്സിയിലെ ഭദ്രാസന ആസ്ഥാനത്ത് സമാപിച്ചു.

# 16-ാമത് KCCNA കൺവൻഷൻ ഓഗസ്റ്റ് 6 മുതൽ; മിസ്സോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് മുഖ്യാതിഥി

ഫോർട്ട് ലോഡർഡെയിൽ, ഫ്ളോറിഡ: വടക്കെ അമേരിക്കയിലെ ക്നാനായ സമൂഹത്തിന്റെ ഏറ്റവും വലിയ കുടുംബ സംഗമമായ 16-ാമത് KCCNA (Knanaya Catholic Congress of North America) കൺവൻഷന് 2026 ഓഗസ്റ്റ് 6-ന് ഫ്ളോറിഡയിലെ അത്യാധുനിക ബ്രൗവാർഡ് കൗണ്ടി കൺവൻഷൻ സെന്ററിൽ വർണ്ണാഭമായ ചടങ്ങുകളോടെ തുടക്കമാകും. ഉദ്ഘാടനച്ചടങ്ങിൽ മിസ്സോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് മുഖ്യാതിഥിയായി പങ്കെടുക്കും. സമൂഹസേവന രംഗത്തും പൊതുപ്രവർത്തനരംഗത്തും ശ്രദ്ധേയനായതോടൊപ്പം KCYLNAയുടെ പ്രഥമ പ്രസിഡണ്ടുകൂടിയായ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഉദ്ഘാടനച്ചടങ്ങിന് കൂടുതൽ പ്രൗഢി പകരും.

ഓഗസ്റ്റ് 6 മുതൽ 9 വരെ നടക്കുന്ന ഈ മഹാസമ്മേളനത്തിൽ അമേരിക്കയിലെ യും കാനഡയിലെയും വിവിധ സംസ്ഥാനങ്ങളിൽ നിന്നായി

**ബൈജു ആലപ്പാട്ട്**

ആയിരക്കണക്കിന് ക്നാനായ കുടുംബങ്ങൾ പങ്കെടുക്കും. വിശ്വാസം, പാരമ്പര്യം, കുടുംബമൂല്യങ്ങൾ, സംസ്കാരം എന്നിവയെ ഒരുമിപ്പിക്കുന്ന ആത്മീയ, സാംസ്കാരിക, വിദ്യാഭ്യാസ, യുവജന, കുടുംബ, കായിക, വിനോദ പരിപാടികളുടെ സമന്വയമാണ് നാല് ദിവസങ്ങളിലായി ഒരുക്കിയിരിക്കുന്നത്. കൺവൻഷന്റെ ഔദ്യോഗിക ദിനക്രമവും ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൺവൻഷന് ആത്മീയ നേതൃത്വം നല്കുന്നതിനായി KCCNA സ്പിരിച്വൽ ഡയറക്ടർ ഫാ. ബോബൻ വട്ടംപുറത്ത്, KCASF (മയാമി) സ്പിരിച്വൽ ഡയറക്ടർ ഫാ. സജി പിണർക്കയിൽ, ഫാ. തോമസ് താഴപ്പള്ളിൽ, ഫാ. ബിജു പാട്ടശ്ശേരിൽ എന്നിവർ പങ്കെടുക്കും.

ഒന്നാംദിനം-ഓഗസ്റ്റ് 6 (വ്യാഴാഴ്ച) ഉദ്ഘാടനദിനം: രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. വൈകിട്ട് 4.30-ന് വി. കുർബാനയ്ക്കുശേഷം ക്നായി തൊമ്മൻ ഹാളിൽ ഉദ്ഘാടന സമ്മേളനം നടക്കും. ആതിഥേയ യൂണിറ്റുകളായ താമ്പായും മയാമിയും അവതരിപ്പിക്കുന്ന മനോഹരമായ സ്വാഗതപരിപാടികളും അരങ്ങേറും. വിവിധ വേദികളിലായി യുവജന ഐസ് ബ്രേക്കർ പരിപാടികളും ഓഫ്സൈറ്റ് യുവജന പരിപാടികളും സംഘടിപ്പിക്കും. രാത്രി 9 മണി മുതൽ ഐഡിയ സ്റ്റാർ സിംഗർ വിജയികൾ അവതരിപ്പിക്കുന്ന മെഗ് എന്റർടൈൻമെന്റ് ഷോ പ്രധാന ആകർഷണമായിരിക്കും.

രണ്ടാംദിനം-ഓഗസ്റ്റ് 7 (വെള്ളിയാഴ്ച) പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും ആഘോഷദിനം: രാവിലെ 9 മണിക്ക് ആരംഭിക്കുന്ന വർണ്ണാഭമായ കൺവൻഷൻ ഘോഷയാത്രയിൽ KCCNA-യുടെ 25 യൂണിറ്റുകളും തനത് പാരമ്പര്യവും സംസ്കാരവും വിളിച്ചോതുന്ന അലങ്കാരങ്ങളുമായി അണിനിരക്കും. ഘോഷയാത്ര രാവിലെ 11 മണിയോടെ ക്നായി തൊമ്മൻ ഹാളിൽ സമാപിക്കും. തുടർന്ന് Gym Kna, KCCNA Women's Forum അവതരിപ്പിക്കുന്ന പ്രൗഢഗംഭീരമായ Knanaya Royal Kingdom Pageant, സീനിയർ സിറ്റിസൺ ചർച്ചകൾ, കുട്ടികൾക്കായുള്ള മാജിക്ഷോ, വിവിധ യൂണിറ്റുകളുടെ സാംസ്കാരിക പരിപാടികൾ, സ്റ്റേജ് പെർഫോമൻസുകൾ, യുവജന Dj Night എന്നിവ അരങ്ങേറും.

മൂന്നാംദിനം-ഓഗസ്റ്റ് 8 (ശനിയാഴ്ച) മത്സരങ്ങളുടെയും കുടുംബസംഗമത്തിന്റെയും ദിനം. KCCNA Got Talent (Art and Literature) മത്സരങ്ങൾ, കായികമത്സരങ്ങൾ, വിവിധ സെമിനാറുകൾ, ഇൻഡോർ ടൂർണമെന്റുകൾ, വിവിധ യൂണിറ്റുകളുടെ കലാപരിപാടികൾ എന്നിവ ദിനം മുഴുവൻ നടക്കും. രാത്രി KCYLNA അവതരിപ്പിക്കുന്ന Mr. & Mrs. Kna & Battle of the Cities മെഗാ ഇവന്റ് പ്രധാന ആകർഷണമായിരിക്കും.

സമാപനദിവസം-ഓഗസ്റ്റ് 9 (ഞായറാഴ്ച): വി. കുർബാനയോടെയാണ് സമാപനദിന പരിപാടികൾ ആരംഭിക്കുന്നത്. തുടർന്ന് കായിക ഫൈനൽ മത്സരങ്ങൾ, വിവിധ Forane Get-Together സംഗമങ്ങൾ, കോളജ്, Alumni Meeting, National Council Meeting, സമാപന ബാങ്ക്വറ്റ്, കുടുംബവിരുന്ന്, യുവജന ബാങ്ക്വറ്റ്, Dj Illest അവതരിപ്പിക്കുന്ന സംഗീതവിരുന്ന് എന്നിവയോടെ കൺവൻഷന് തിരശ്ശീല വീഴും.




ആത്മീയതയും പാരമ്പര്യവും കുടുംബബന്ധങ്ങളും ആഘോഷിക്കുന്ന ഈ മഹാസംഗമത്തിൽ വിശുദ്ധ കുർബാനകൾ, ദേശീയതല കലാ-കായിക മത്സരങ്ങൾ, സെമിനാറുകൾ, യുവജന-കുടുംബ പരിപാടികൾ, സംഗീത-വിനോദ വിരുന്നുകൾ എന്നിവ നാല് ദിനങ്ങളിലായി അരങ്ങേറും.

ഇത് ഒരു സാധാരണ കൺവൻഷൻ മാത്രമല്ല, തലമുറകളെ ബന്ധിപ്പിക്കുന്ന വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും കുടുംബ ഐക്യത്തിന്റെയും മഹാസംഗമമാണ് എന്ന സന്ദേശത്തോടെയാണ് സംഘാടകർ ലോകമെമ്പാടുമുള്ള എല്ലാ ക്നാനായ കുടുംബങ്ങളെയും ഈ ചരിത്ര മുഹൂർത്തത്തിന്റെ ഭാഗമാകാൻ ഹൃദയപൂർവം ക്ഷണിക്കുന്നത്.

KCCNA യ്ക്ക് നേതൃത്വം നല്കുന്നത് പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ (താമ്പ), എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്), ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ (ചിക്കാഗോ), ജോയിന്റ് സെക്രട്ടറി ഡോ. സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ), ട്രഷറർ ജോജോ തറയിൽ (ഹൂസ്റ്റൺ), വൈസ് പ്രസിഡണ്ട് ജേക്കബ് കുസുമാലയം (ന്യൂയോർക്ക്), ജോയിന്റ് ട്രഷറർ ജെസ്നി കൊട്ടിയാനിക്കൽ (അറ്റ്ലാന്റ) എന്നിവരാണ്.

ഇവർക്കൊപ്പം കൺവൻഷൻ ചെയർമാൻ ജോബി ഊരാളിൽ, ആതിഥേയ യൂണിറ്റ് പ്രസിഡണ്ടുമാരായ ജയമോൾ മൂശാരിപ്പറമ്പിൽ (താമ്പ), എബി തെക്കനാട്ട് (മയാമി) എന്നിവരും നൂറുകണക്കിന് കമ്മിറ്റിഅംഗങ്ങളും സന്നദ്ധപ്രവർത്തകരും മാസങ്ങളായി നടത്തിയ കൂട്ടായ പരിശ്രമമാണ് 16-ാമത് KCCNA നാഷണൽ കൺവൻഷന്റെ വിജയത്തിനായുള്ള ശക്തമായ അടിത്തറ.

# വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ മീറ്റ് കൊച്ചിയിൽ ഓഗസ്റ്റ് 22-ന്

കൊച്ചി: വേൾഡ് മലയാളി കൗൺസിൽ (WMC) ഗ്ലോബലിന്റെ നേതൃത്വത്തിൽ 2026 ഓഗസ്റ്റ് 22-ന് കൊച്ചിയിലെ റാഡിസൺ ബ്ലൂ ഹോട്ടലിൽ നടക്കുന്ന 'WMC Global Meet @ Kochi'-ന് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെ വൻ പങ്കാളിത്തം ഉറപ്പായി. അഞ്ച് ഗ്ലോബൽ റീജിയനുകളിലെയും വിവിധ പ്രോവിൻസുകളിലെയും ഭാരവാഹികളും പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കും.




WMC ഗ്ലോബൽ ചെയർമാൻ തോമസ് മൊട്ടയ്ക്കൽ, ഗ്ലോബൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ, ഗ്ലോബൽ ജനറൽ സെക്രട്ടറി ഷാജി മാത്യു, ഗ്ലോബൽ ട്രഷറർ സണ്ണി വെളി യത്ത്, ഗ്ലോബൽ വൈസ് പ്രസിഡണ്ട് (അഡ്മിനിസ്ട്രേഷൻ) ജെയിംസ് കൂടൽ, അഡ്വൈസറി ബോർഡ് ചെയർമാൻ ടി. പി. വിജയൻ എന്നിവർ സമ്മേളനത്തിന് നേതൃത്വം കൊടുക്കുകയും പങ്കെടുക്കുകയും ചെയ്യും.

മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ, വിവിധ ജനപ്രതിനിധികൾ, സാഹിത്യ, സാമൂഹിക, സാംസ്കാരിക, വ്യവസായ രംഗങ്ങളിലെ പ്രമുഖർ എന്നിവരും സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു.

പ്രവാസി മലയാളികളുടെ ആഗോള സഹകരണവും സാമൂഹിക സേവന പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുക, പുതിയ വികസന പദ്ധതികൾക്ക് രൂപം നല്കുക, ലോകമെമ്പാടുമുള്ള WMC നേതൃത്വത്തെ ഒരുമിച്ച് കൊണ്ടുവരിക എന്നിവയാണ് സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. സമ്മേളനത്തിന്റെ പ്രധാന ആകർഷണമായി WMC ഗ്ലോബൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫന്റെ സ്പോൺസർഷിപ്പിൽ നടക്കുന്ന ഒരു കോടി WMC ഗ്ലോബൽ നേഴ്സിങ് സ്കോളർഷിപ്പ് പ്രോഗ്രാം അവതരിപ്പിക്കും. ഈ പദ്ധതിയിലൂടെ ആകെ നൂറ് നേഴ്സിങ് വിദ്യാർത്ഥികൾക്ക് 1,00,000 വീതം വിദ്യാഭ്യാസ സഹായം നല്കും. പദ്ധതിയുടെ ആദ്യഘട്ടത്തി

**ഷാജി മാത്യു**

ൽ 25 വിദ്യാർത്ഥികൾക്ക് തിരുവനന്തപുരത്തുവെച്ച് ജനുവരിയിൽ സ്കോളർഷിപ്പ് വിതരണം ചെയ്തിരുന്നു.

രണ്ടാം ഘട്ടത്തിൽ 25 വിദ്യാർത്ഥികൾക്ക് കൊച്ചിയിൽ നടക്കുന്ന WMC ഗ്ലോബൽ മീറ്റിൽ സ്കോളർഷിപ്പ് വിതരണം ചെയ്യും. ശേഷിക്കുന്ന 50 വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുടർഘട്ടങ്ങളിൽ വിതരണം ചെയ്യുമെന്ന് സംഘാടകർ അറിയിച്ചു. WMC തിരു-കൊച്ചി പ്രൊവിൻസ് സമ്മേളനത്തിന്റെ ഏകോപന ചുമതല വഹിക്കും.

ലോകമെമ്പാടുമുള്ള WMC റീജിയനുകളിലെയും പ്രൊവിൻസുകളിലെയും പ്രതിനിധികളുടെ സാന്നിദ്ധ്യവും ഗ്ലോബൽ നേതൃത്വത്തിന്റെ പങ്കാളിത്തവും സമ്മേളനത്തെ ശ്രദ്ധേയമാക്കുമെന്ന് സംഘാടകർ അറിയിച്ചു.



ജെയിംസ് ഇല്ലിക്കൽ
(കെസിസിഎൻഎ പ്രസിഡണ്ട്)

# 16–ാമത് കെസിസിഎൻഎ കൺവൻഷനിലേക്ക് സ്വാഗതം

AUGUST 6-9, 2026
FORT LAUDERDALE, FLORIDA



ജോബി ഊരാളിൽ
(കൺവൻഷൻ ചെയർപേഴ്സൺ)

## കെസിസിഎൻഎ എക്സിക്യൂട്ടീവ്



JAMES ILLIKAL
PRESIDENT



SIJU CHERUVANKALAYIL
EXECUTIVE VP



VIPIN CHALUNKAL
GENERAL SECRETARY



DR. SUSAN THENGUMTHARAYIL
JOINT SECRETARY



JOJO THARAYIL
TREASURER



JACOB KUSUMALAYAM
VICE PRESIDENT



JESNEY KOTTIYANICKAL
JOINT TREASURER

## കൺവൻഷൻ ടീം



Joby Uralil
Convention
Chairperson,Tampa



Aby Thekkanatt
KCASF President



Jayamol Moosariparampil
KCCCF President



Siby Chanasseril
Convention
Co-Chairperson Miami



Anish Nadakuzhackal
Convention
Co-Chairperson Youth
Tampa




Rogi Kaniyamparambil
Convener Miami



Jomon Chemmarapallil
Convener Tampa



Sanjay Naduparambil
Convener Miami



Soji Puthuparambil
Convener Tampa



Manoj Thanath
Convener Miami



Tomy Vaduthala
Convener Tampa

## കെസിസിഎൻഎ മുൻ പ്രസിഡണ്ടുമാർ


Late ഡോ. അബ്രഹാം നിരവത്ത് (1988-1991)


Late ജോൺ ആകശാല (1992-1994)


ജോസ് കണിയാലി (1995-1997)


ബേബി ഊരാളിൽ (1998-2000)


സിറിയക് വെട്ടുപാറപ്പുറത്ത് (2001-2003)


ജോണി പുത്തൻപറമ്പിൽ (2003-2005)


ജോയി വാച്ചാച്ചിറ (2005-2007)


ജോസ് കോട്ടൂർ (2007-2009)



ജോർജ് നെല്ലാമറ്റത്തിൽ (2009-2011)


ഡോ. ഷീൻസ് ആകശാല (2011-2013)



റ്റോമി മ്യാൽക്കരപ്പുറത്ത് (2013-2015)


സണ്ണി പൂഴിക്കാല (2015-2017)


ബേബി മണക്കുന്നേൽ (2017-2019)


അനി മഠത്തിൽതാഴെ (2019-2021)


സിറിയക് കൂവക്കാട്ടിൽ (2021-2023)


ഷാജി എടാട്ട് (2023-2025)

## കെസിസിഎൻഎ റീജണൽ വൈസ് പ്രസിഡണ്ടുമാർ


RVP-Arun Powathil - Atlanta-Miami



RVP- Babu Thaiparambil - Chicago


RVP-Godvin Kochupurackal -Minnasota-Ohio-Detroit


RVP-Jobin Marangattil Arizona-Los Angeles-San Jose-Las Vegas-Sacramento


RVP-Joby Uralil - TAMPA


RVP-Minu Kodunninam Kunnel -Canada


RVP-Phils Mappilassery -Houston


RVP-Saji Orapankal- New York


RVP-Sylvester Kodunninam Kunnel -Dallas- San Antonio


RVP-Tomy Thekkanattu - Philadelphia-Boston-Washington


Alvin Pinarkyil - President -KCYLNA



Danny Pallattumadam - President-KCWFNA


Punnoose Vanchipurackal -President KCYNA


Fr. Boban Vattampurath Spiritual director

# ക്നാനായ കൺവൻഷന് തിരി തെളിയുന്നു

ലേഖകൻ



ജോസ് കണിയാലി

മയാമി: ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയിലുള്ള ബ്രോവാർഡ് കൗണ്ടി കൺവൻഷൻ സെന്ററിൽ ഇനി ക്നാനായ ഉത്സവത്തിന്റെ ദിനങ്ങൾ. നടവിളിയുടെ ആരവങ്ങളും മാർഗ്ഗംകളിയുടെ പദവിന്യാസങ്ങളും പുരാതനപ്പാട്ടിന്റെ അലയൊലികളും കൺവൻഷൻ ഹാളുകളെ ശബ്ദമുഖരിതമാക്കും. മധ്യപൂർവ്വ ദേശത്തുനിന്ന് ഒത്തുതിരിച്ചവർ മയാമിയിൽ ഒത്തുചേരുകയാണ്. സൂര്യനും ചന്ദ്രനും ഉള്ളിടത്തോളം കാലം നിലനിൽക്കുമെന്ന് പ്രതിജ്ഞയെടുത്ത ക്നാനായ ജനത അവരുടെ തനിമയും ഒരുമയും ആഘോഷിക്കുന്നു. വടക്കെ അമേരിക്കയിലെ ക്നാനായ കത്തോലിക്കരുടെ ദേശീയ സംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക (KCCNA) ആണ് നാലു ദിനങ്ങൾ നീളുന്ന, നാലായിരത്തോളം ക്നാനായ മക്കൾ പങ്കെടുക്കുന്ന ഈ മഹാസംഗമത്തിന് നേതൃത്വം നല്കുന്നത്.

പതിനേഴ് നൂറ്റാണ്ടിന്റെ ഇരമ്പുന്ന സ്മരണകൾ ക്നാനായ സമൂഹത്തിന്റെ പൊതുബോധത്തിന്റെ സവിശേഷതയാണ്. ചേരമാൻ പെരുമാളിൽ നിന്നും ലഭിച്ച എഴുപത്തിരണ്ട് പദവികൾ ക്നാനായ സമൂഹത്തിന്റെ പ്രൗഢമായ സംസ്കാരത്തിനും മഹത്തായ പാരമ്പര്യത്തിനും ചരിത്രം നല്കിയ അംഗീകാരമാണ്. ഏഴാംകടലിനക്കരെയുള്ള അമേരിക്കൻ ഐക്യനാടുകളിലെത്തിയപ്പോഴും ക്നാനായ ജനത അവരുടെ പൈതൃകവും പാരമ്പര്യവും കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുന്നു.

നിസ്വാർത്ഥരായ സമുദായ സ്നേഹികളാണ് കെസിസിഎൻഎ സംഘടനയ്ക്ക് ഇതിനോടകം നേതൃത്വം നല്കിയത്. മഹാന്മാരായ നേതാക്കന്മാരുടെ ദീർഘവീക്ഷണവും കഠിനാദ്ധ്വാനവും ഈ സംഘടനയെ വടക്കെ അമേരിക്കയിലെ ഏറ്റവും വലിയ സമുദായ സംഘടനയായി വളർത്തി. കെസിസിഎൻഎയുടെ രൂപീകരണത്തിനും വളർച്ചയ്ക്കും മുന്നിട്ടു പ്രവർത്തിച്ചിട്ടുള്ള എല്ലാവരെയും പ്രത്യേകിച്ച് മൺമറഞ്ഞ തോമസ് മുളക്കൽ, ഡോ. അബ്രഹാം നിരവത്ത്, ജോൺ ആകശാല, ചാക്കോ പൂവത്തുങ്കൽ, ജോസഫ് പതിയിൽ എന്നിവരെ ഈയവസരത്തിൽ ആദരവോടെ അനുസ്മരിക്കുന്നു.


16-ാമത് കെസിസിഎൻഎ കൺവൻഷന് ആതിഥേയത്വം വഹിക്കുന്നത് മയാമി യൂണിറ്റും താമ്പാ യൂണിറ്റുമാണ്. 26 ക്നാനായ കത്തോലിക്ക സംഘടനകൾ ഇന്ന് കെസിസിഎൻഎയുടെ ശക്തിസ്രോതസ്സായി നിലകൊള്ളുന്നു. കൺവൻഷന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ, ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ, കൺവൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ എന്നിവർ അറിയിച്ചു. രജിസ്റ്റർ ചെയ്ത പ്രതിനിധികൾക്കായുള്ള ഹോട്ടൽ താമസം, ഭക്ഷണം, ഗതാഗതം, രജിസ്ട്രേഷൻ, സുരക്ഷാ സംവിധാനങ്ങൾ എന്നിവയെല്ലാം തയ്യാറായിക്കഴിഞ്ഞു. കൂടാതെ മറ്റു പ്രോഗ്രാമുകൾ, ദിവ്യബലി, സാംസ്കാരിക ഘോഷയാത്ര, സെമിനാറുകൾ, കൾച്ചറൽ പ്രോഗ്രാമുകൾ, പ്രായഭേദമെന്യെ എല്ലാവർക്കും പ്രത്യേകം പ്രോഗ്രാമുകൾ, കലാ-കായിക മത്സരങ്ങൾ തുടങ്ങി വൈവിധ്യമാർന്ന പരിപാടികൾ കൺവൻഷൻ വേദികളെ സമ്പന്നമാക്കും.

കെസിസിഎൻഎക്ക് നേതൃത്വം നല്കുന്നത് പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ (ഫ്ളോറിഡ), എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്), ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ (ചിക്കാഗോ), ജോയിന്റ് സെക്രട്ടറി ഡോ. സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ), ട്രഷറർ ജോജോ തറയിൽ (ഹൂസ്റ്റൺ), വൈസ് പ്രസിഡണ്ട് ജേക്കബ് കുസുമാലയം (ന്യൂയോർക്ക്), ജോയിന്റ് ട്രഷറർ ജെസ്നി കൊട്ടിയാനിക്കൽ (അറ്റ്ലാന്റ) എന്നിവരാണ്.

കൺവൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ (താമ്പാ), ആതിഥേയ യൂണിറ്റ് പ്രസിഡണ്ടുമാരായ എബി തെക്കനാട്ട് (മയാമി), ജയമോൾ മൂശാരിപ്പറമ്പിൽ (താമ്പാ), കൺവൻഷൻ കോ-ചെയർപേഴ്സൺമാരായ സിബി ചാണശ്ശേരിൽ, അനീഷ് നടക്കുഴക്കൽ, കൺവീനർമാരായ റോജി കണിയാംപറമ്പിൽ, ജോമോൻ ചെമ്മരപ്പള്ളിൽ, സൻജയ് നടുപ്പറമ്പിൽ, സോജി പുതുപ്പറമ്പിൽ, മനോജ് താനത്ത്, റ്റോമി വടുതല എന്നിവരുടെ നേതൃത്വത്തിൽ 45-ലധികം സബ് കമ്മിറ്റികളും 200-ലധികം പ്രവർത്തകരും സജീവമായി കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.

നാനാത്വത്തിൽ ഏകത്വമെന്ന ആദർശത്തെ നെഞ്ചിലേറ്റുന്ന അമേരിക്കൻ സംസ്കാരത്തിന് ഈ ക്നാനായ സംസ്കാരവും ഒരു മുതൽക്കൂട്ടാകും. 16-ാമത് കെസിസിഎൻഎ കൺവൻഷൻ ചരിത്രത്താളുകളിൽ സ്ഥാനം പിടിക്കുമെന്നതിൽ സംശയമില്ല. പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലിനും മറ്റ് അണിയറ പ്രവർത്തകർക്കും എക്കാലവും അഭിമാനിക്കാവുന്ന ഒരു മഹാസംഗമമായി ഇത് മാറട്ടെയെന്ന് ആശംസിക്കുന്നു.



ബൈജു പുന്നൂസ് ആലപ്പാട്ട്
(കെസിസിഎൻഎ പിആർഒ)

## കെസിസിഎൻഎ മുൻ ജനറൽ സെക്രട്ടറിമാർ



ജോയി വാച്ചാച്ചിറ
(1988–1991)




ജോസ് കണിയാലി
(1992–1994)



ജോസ് കോരക്കുടിലിൽ
(1995–1997)




ബേബി മണക്കുന്നേൽ
(1998–2000)



പീറ്റർ ചാഴികാട്ട്
(2001–2003)




ഡോ. ഷീൻസ് ആകശാല
(2003–2005)



അബ്രഹാം പറയംകാലായിൽ
(2005–2007)



സിറിയക് പുത്തൻപുരയിൽ
(2007–2009)



സുനിൽ മാധവപ്പള്ളിൽ
(2009–2011)



സിബി വാഴപ്പള്ളിൽ
(2011–2013)



ആന്റോ കണ്ടോത്ത്
(2013–2015)



പയസ് വേളൂപ്പറമ്പിൽ
(2015–2017)



അബ്രഹാം പുതിയിടത്തുശ്ശേരിൽ
(2017–2019)



ലൂക്ക് തുരുത്തുവേലിൽ
(2019–2021)



ലിജോ മച്ചാനിക്കൽ
(2021–2023)



അജീഷ് പോത്തൻ താമരത്ത്
(2023–2025)

# സഹാനുഭൂതി പ്രവർത്തിയിലൂടെ തെളിയിക്കുന്ന നമ്മുടെ മുഖ്യമന്ത്രി

**അനിൽ പെണ്ണുക്കര**

**വി.** ഡി. സതീശൻ എന്ന രാഷ്ട്രീയ നേതാവിനെ വിലയിരുത്തുമ്പോൾ, പ്രസംഗങ്ങളെക്കാൾ കൂടുതൽ സംസാരിക്കുന്നത് അദ്ദേഹത്തിന്റെ പ്രവർത്തികളാണ്. അധികാരത്തിന്റെ ഉയരത്തിലിരുന്നാലും, മുഖ്യമന്ത്രി പദ്ധത്തിൽ ഇരുന്നാലും മനുഷ്യരുടെ വികാരങ്ങളെയും ജീവിതപ്പോരാട്ടങ്ങളെയും ഹൃദയം കൊണ്ട് ചേർത്തുപിടിക്കുന്ന സമീപനമാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്.

ഓട്ടിസം ബാധിച്ച ഒരു കുട്ടി എഴുതിയ പുസ്തകത്തിന്റെ പ്രകാശനത്തിന് ക്ഷണം ലഭിച്ചപ്പോൾ, അത് ഒരു ഔപചാരിക ചടങ്ങായി മാത്രം അദ്ദേഹം കണ്ടില്ല.




പുസ്തകം വെറുതെ പ്രകാശനം ചെയ്യാൻ വേദിയിലെത്തുകയല്ല ചെയ്തത്. ആ പുസ്തകം മുഴുവൻ വായിച്ചറിഞ്ഞ ശേഷമാണ് അദ്ദേഹം ചടങ്ങിൽ പങ്കെടുത്തത്.

പുസ്തകം വായിച്ചശേഷം അദ്ദേഹം പറഞ്ഞത് വെറും അഭിനന്ദനവാക്കുകളായിരുന്നില്ല. കേരളത്തിലെ മാത്രമല്ല, ലോകത്തിലെ തന്നെ ഏറ്റവും പ്രായം കുറഞ്ഞ ഓട്ടിസ്റ്റിക് തത്ത്വചിന്തകന്റെ പുസ്തകമാണ് താൻ പ്രകാശനം ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. അതിലൂടെ ആ കുഞ്ഞിന്റെ കഴിവിനും ചിന്തകൾക്കും അദ്ദേഹം നൽകിയ അംഗീകാരം ഏറെ ശ്രദ്ധിക്കപ്പെട്ടു.

എന്നാൽ അതിലും ഹൃദയസ്പർശിയായ നിമിഷം മറ്റൊന്നായിരുന്നു. ആ കുഞ്ഞിനെ ഈ നിലയിലെത്തിക്കാൻ അക്ഷീണം പരിശ്രമിച്ച അമ്മയോടാണ് ആദ്യം ആദരവും ബഹുമാനവും തോന്നിയതെന്ന് അദ്ദേഹം തുറന്നുപറഞ്ഞു. ആ ബഹുമാനം വേദിയിൽവെച്ച് തന്നെ നൽകുകയും ചെയ്തു. അത് ഒരു അമ്മയുടെ നിശ്ശബ്ദ പോരാട്ടത്തിന് ലഭിച്ച ഏറ്റവും വലിയ അംഗീകാരമായിരുന്നു.

ആ ചടങ്ങിൽ അദ്ദേഹം പറഞ്ഞ ഒരു വാചകം ഇന്നും അനേകം കുടുംബങ്ങൾക്ക് പ്രതീക്ഷയുടെ വെളിച്ചമാണ്:

‘ആർക്കാണ് Disability? നമുക്കാണ് Disability. അവർക്ക് Difference ആണ്.’

കുട്ടികളെ മാറ്റാൻ ശ്രമിക്കുന്നതിനേക്കാൾ, അവരെ മനസ്സിലാക്കുകയും അംഗീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന സമൂഹമാണ് നമുക്ക് വേണ്ടതെന്ന വലിയ സന്ദേശമായിരുന്നു ആ വാക്കുകൾ.

അതിന് മറുപടിയായി ആ കുഞ്ഞിന്റെ അമ്മ പറഞ്ഞത് ഇങ്ങനെയായിരുന്നു: ഈ വാക്കുകൾ തനിക്ക് വലിയ പ്രതീക്ഷയും ആത്മവിശ്വാസവും നൽകിയെന്നും, തന്റെ കുട്ടിയെ മാറ്റാൻ അല്ല, മനസ്സിലാക്കാൻ സമൂഹത്തെ പ്രേരിപ്പിക്കുന്ന ഈ സന്ദേശത്തിന് ഹൃദയംനിറഞ്ഞ നന്ദിയുണ്ടെന്നും.

ഒരു നേതാവിന്റെ മഹത്വം അധികാരത്തിലല്ല, മനുഷ്യരെ കാണുന്ന കാഴ്ചപ്പാടിലാണ്. ആ കാഴ്ചപ്പാടിൽ സഹാനുഭൂതിയും കരുതലും മനുഷ്യത്വവും ചേർന്നുനിൽക്കുമ്പോൾ, രാഷ്ട്രീയം ജനങ്ങൾക്ക് കൂടുതൽ പ്രതീക്ഷ നൽകുന്നു. ആ പ്രതീക്ഷയുടെ പേരാണ് മുഖ്യമന്ത്രി വി.ഡി. സതീശൻ.

# മുറിവുകൾ മായുന്നില്ല പ്രതീക്ഷ കൈവിടുന്നില്ല




**മു**ണ്ടക്കൈച്ചൂരൽമല ദുരന്തത്തിന് രണ്ട് വർഷം പിന്നിടുമ്പോൾ കേരളം വീണ്ടും വേദനയുടെ ഓർമ്മകളിലേക്ക് തിരിഞ്ഞുനോക്കുകയാണ്. പ്രകൃതിയുടെ താണ്ഡവത്തിൽ ഒരൊറ്റ രാത്രി കൊണ്ട് ജീവിതവും സ്വപ്നങ്ങളും പ്രിയപ്പെട്ടവരുമെല്ലാം നഷ്ടപ്പെട്ട നൂറുകണക്കിന് മനുഷ്യരുടെ കണ്ണീരിന് ഇന്നും ഉണങ്ങാനായിട്ടില്ല. ആ ദുരന്തത്തിന്റെ രണ്ടാം വാർഷിക ദിനത്തിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ പങ്കുവെച്ച ഫേസ്ബുക്ക് കുറിപ്പ്, ആ മുറിവുകൾ ഇന്നും കേരളത്തിന്റെ മനസ്സിൽ എത്ര ആഴത്തിൽ പതിഞ്ഞുകിടക്കുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തലായി മാറുകയാണ്.

‘മണ്ണും ജലവും കൊണ്ട് മുറിവേറ്റവർ... ഒറ്റരാത്രി കൊണ്ട് എല്ലാം നഷ്ടപ്പെട്ടവർ...’ എന്ന വാക്കുകളിലൂടെയാണ് അദ്ദേഹം കുറിപ്പ് ആരംഭിക്കുന്നത്. ദുരന്തത്തിന്റെ ഭീകരതയെ ഏറ്റവും ലളിതമായ ഭാഷയിൽ അവതരിപ്പിക്കുന്ന ഈ വാചകങ്ങൾ, ആ രാത്രിയുടെ ഭീതിയും വേദനയും വീണ്ടും മനസ്സിലേക്ക് കൊണ്ടുവരുന്നു. പ്രിയപ്പെട്ടവരുടെ ഓർമ്മകളുമായി പുത്തുമലയിൽ ഒരുമിച്ചുകൂടിയ ജനങ്ങളുടെ ദുഃഖവും, പൂക്കളും പ്രാർത്ഥനകളുമായി അവർ നടത്തിയ ആദരാഞ്ജലിയും കേരളത്തിന്റെ കൂട്ടായ സ്മരണയുടെ ഭാഗമാണ്.

പ്രകൃതി ദുരന്തങ്ങൾ കെട്ടിടങ്ങളും റോഡുകളും മാത്രമല്ല തകർക്കുന്നത്; മനുഷ്യരുടെ ജീവിതങ്ങളെയും പ്രതീക്ഷകളെയും ബന്ധങ്ങളെയും കൂടിയാണ്. അതുകൊണ്ടുതന്നെ ദുരന്തബാധിതരെ ചേർത്തുപിടിക്കേണ്ടത് സർക്കാരിന്റെ പ്രാഥമിക ഉത്തരവാദിത്തമാണെന്ന് മുഖ്യമന്ത്രി തന്റെ കുറിപ്പിലൂടെ വ്യക്തമാക്കുന്നു. സർവസ്വവും നഷ്ടപ്പെട്ടവർക്ക് പുനരധിവാസവും സുരക്ഷിതമായ ജീവിതവും ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന സന്ദേശം അദ്ദേഹം നൽകുന്നു.

ദുരന്തത്തിന്റെ ആഘാതത്തിൽ നിന്ന് പൂർണമായി മുക്തരാകാൻ പലർക്കും വർഷങ്ങൾ വേണ്ടിവരും. ചിലർക്കത് ജീവിതകാലം മുഴുവൻ കൂടെയുണ്ടാകുന്ന വേദനയാണ്. അത്തരമൊരു സാഹചര്യത്തിൽ സാമ്പത്തിക സഹായം മാത്രമല്ല, മാനസിക പിന്തുണയും സാമൂഹിക ഐക്യവും ഒരുപോലെ പ്രധാനമാണ്. ‘അവരെ പിന്തുണക്കുന്നതിൽ കേരളം ഒറ്റക്കെട്ടാണ്’ എന്ന മുഖ്യമന്ത്രിയുടെ വാക്കുകൾ, ദുരന്തസമയത്ത് കേരളം കാട്ടിയ ഐക്യത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും തുടർച്ചയാണ്. മുണ്ടക്കൈച്ചൂരൽമല ദുരന്തം ഒരു പ്രദേശത്തിന്റെ മാത്രം ദുരന്തമായിരുന്നില്ല; അത് മുഴുവൻ കേരളത്തെയും കണ്ണീരിലാഴ്ത്തിയ ദുരന്തമായിരുന്നു. ആ വേദന മറക്കാതെ, ദുരന്തബാധിതർക്കൊപ്പം എന്നും നിൽക്കുമെന്ന ഉറപ്പും പ്രതീക്ഷയും പുതുക്കിക്കൊണ്ടാണ് ഈ രണ്ടാം വാർഷികം കടന്നുപോകുന്നത്. ഓർമ്മകൾ മായുന്നില്ല. മുറിവുകൾ ഉണങ്ങിയിട്ടില്ല. എന്നാൽ അതിജീവനത്തിന്റെ കരുത്തും പരസ്പരം കൈപിടിച്ചുനിർത്തുന്ന കേരളത്തിന്റെ മനസ്സും ഇന്നും അതേപോലെ ശക്തമാണ്. ദുരന്തത്തിൽ ജീവൻ നഷ്ടമായവർക്ക് ആദരാഞ്ജലിയും, അതിജീവനത്തിന്റെ പാതയിൽ മുന്നേറുന്നവർക്ക് കരുത്തും പ്രതീക്ഷയും പകരുന്ന സന്ദേശമായാണ് മുഖ്യമന്ത്രിയുടെ ഈ കുറിപ്പ് വായിക്കപ്പെടുന്നത്.

**അനിൽ പെണ്ണുക്കര**



# ജനവിശ്വാസത്തിന് ലഭിച്ച അംഗീകാരം




അനിൽ പെണ്ണുക്കര

കേരള നിയമസഭാ ലൈബ്രറി കമ്മിറ്റി ചെയർമാനായി അഡ്വ. വർഗീസ് മാമ്മൻ; പുതിയ ചുമതലകൾക്ക് അഭിനന്ദനങ്ങളുടെ പ്രവാഹം.

ജനപ്രതിനിധിയെന്ന നിലയിൽ ആത്മാർത്ഥതയും ഉത്തര വാദിത്വബോധവും കൈമുതലാക്കി പൊതുരംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്ന അഡ്വ. വർഗീസ് മാമ്മന്, കേരള നിയമസഭയുടെ ലൈബ്രറി കമ്മിറ്റി ചെയർമാൻ എന്ന സുപ്രധാന ചുമതല ലഭിച്ചത് തിരുവ ല്ലയ്ക്കും കേരള കോൺഗ്രസ് പ്രസ്ഥാനത്തിനും അഭിമാന നിമിഷമായി മാറിയിരിക്കുകയാണ്. ഇതോടൊപ്പം നിയമസഭയുടെ പരിസ്ഥിതി സമിതിയിലും ഹൗസ് കമ്മിറ്റിയിലും അംഗമായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത് അദ്ദേഹത്തിന്റെ ജനകീയ പ്രവർത്തനങ്ങൾക്കും നിയമസഭയിലെ സജീവ ഇടപെടലുകൾക്കും ലഭിച്ച അംഗീകാരമായാണ് പൊതുസമൂഹം വിലയിരുത്തുന്നത്.

നിയമസഭയുടെ പ്രവർത്തനങ്ങളിൽ ഗവേഷണത്തിന്റെയും വിജ്ഞാനശേഖരണത്തിന്റെയും കേന്ദ്രബിന്ദുവാണ് ലൈബ്രറി കമ്മിറ്റി. നിയമനിർമാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അറിവും പഠനവും കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ ഈ കമ്മിറ്റിക്ക് നിർണായക പങ്കുണ്ട്. അത്തരമൊരു സമിതിയുടെ നേതൃത്വം വർഗീസ് മാമ്മനെപ്പോലുള്ള അനുഭവസമ്പന്നനായ ജനപ്രതിനിധിക്ക് ലഭിച്ചത് നിയമസഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുമെന്ന പ്രതീക്ഷയാണ് ഉയർത്തുന്നത്.

പരിസ്ഥിതി സംരക്ഷണം, സുസ്ഥിര വികസനം, പൊതുജനക്ഷേമം എന്നിവയ്ക്ക് വലിയ പ്രാധാന്യം നൽകുന്ന ഇന്നത്തെ സാഹചര്യത്തിൽ, പരിസ്ഥിതി സമിതിയിലും ഹൗസ് കമ്മിറ്റിയിലും അദ്ദേഹത്തിന് ലഭിച്ച അംഗത്വവും ഏറെ പ്രസക്തമാണ്. നിയമസഭയുടെ കാര്യക്ഷമമായ പ്രവർ ത്തനങ്ങൾക്കും ജനങ്ങളുടെ ആവശ്യങ്ങൾ സഭയിൽ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും ഈ പുതിയ ഉത്തരവാദിത്വങ്ങൾ വഴിയൊരു ക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

എളിമയും സൗമ്യതയും ജനങ്ങളോടുള്ള അടുപ്പവുമാണ് അഡ്വ. വർഗീസ് മാമ്മന്റെ പൊ തുജീവിതത്തിന്റെ മുഖമുദ്ര. തിരുവല്ലയുടെ വികസനത്തിനായി നിരന്തരം ഇടപെടുകയും ജനങ്ങളുടെ പ്രശ്നങ്ങൾ നിയമസഭയിൽ ശക്തമായി അവതരിപ്പിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ പ്രവർത്തനശൈലി, ഈ പുതിയ ചുമതലകളിലും മികച്ച മാതൃക സൃഷ്ടിക്കുമെന്ന ആത്മവിശ്വാ സമാണ് ജനങ്ങൾ പങ്കുവെക്കുന്നത്.

പുതിയ ഉത്തരവാദിത്വങ്ങൾ വ്യക്തിപരമായ നേട്ടം മാത്രമല്ല, ജനങ്ങൾ നൽകിയ വിശ്വാസ ത്തിന്റെയും പിന്തുണയുടെയും അംഗീകാരമാണെന്നും, ഇത് തിരുവല്ലയുടെ ശബ്ദം നിയമസഭയിൽ കൂടുതൽ ശക്തമാകാൻ സഹായിക്കുമെന്നും രാഷ്ട്രീയ – സാമൂഹിക രംഗങ്ങളിലെ പ്രമുഖർ അഭിപ്രായപ്പെടുന്നു.

കേരളത്തിന്റെ വികസനത്തിനും നിയമസഭയുടെ കാര്യക്ഷമത വർധിപ്പി ക്കുന്നതിനും ഈ പുതിയ ചുമതലകൾ ഗുണകരമാകട്ടെയെന്നും, ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് പ്രവർത്തിക്കാൻ അദ്ദേഹത്തിന് സാധിക്കട്ടെയെന്നും ആശംസിച്ചുകൊണ്ട് വിവിധ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മേഖലകളിൽ നിന്നുള്ള പ്രമുഖരും പ്രവർത്തകരും അഭിനന്ദനങ്ങൾ അറിയി ച്ചുവരികയാണ്.

കേരള നിയമസഭാ ലൈബ്രറി കമ്മിറ്റി ചെയർമാനായും, പരിസ്ഥിതി സമിതിയിലെയും ഹൗസ് കമ്മിറ്റിയിലെയും അംഗമായും തെരഞ്ഞെടുക്കപ്പെട്ട അഡ്വ. വർഗീസ് മാമ്മന് ഹൃദയം നിറഞ്ഞ അഭിനന്ദ നങ്ങളും വിജയാശംസകളും.

പുതിയ ഉത്തരവാദിത്വങ്ങൾ ജനാധി പത്യത്തിനും ജനസേവനത്തിനും കൂടുതൽ കരുത്തേകുന്ന മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കട്ടെ.

## ആദ്യശമ്പളം തിരുവല്ല ചുമത്ര സ്വദേശിയുടെ വൃക്കമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്കായി നൽകി അഡ്വ. വർഗ്ഗീസ് മാമ്മൻ എം. എൽ.എ

തന്റെ ആദ്യ ശമ്പളം തിരുവല്ല ചുമത്ര സ്വദേശിയുടെ വൃക്കമാറ്റിവെ ക്കൽ ശസ്ത്രക്രിയയ്ക്കായി നൽകി അഡ്വ. വർഗ്ഗീസ് മാമ്മൻ എം.എൽ.എ പൊതു സമൂഹത്തിന് മാതൃക യാകുന്നു.

തിരുവല്ല ചുമത്ര സ്വദേശി സുൽ ഫിക്കറിന്റെ വൃക്കമാറ്റിവെക്കൽ ശസ്ത്രക്രിയയുടെ ധനശേഖരണാ ർത്ഥം ചുമത്രയിൽ നടന്ന ജനകീയ ആലോചനാ യോഗത്തിലാണ് അദ്ദേഹം ഈ പ്രഖ്യാപനം നടത്തിയത്.

ജീവൻ രക്ഷിക്കാനുള്ള ഈ ദൗത്യ ത്തിൽ നാടൊന്നാകെ കൈകോർ ക്കണമെന്ന് എല്ലാവരോടും അഭ്യർഥി ക്കുകയും ഓരോ ചെറിയ സഹായവും ഒരു കുടുംബത്തിന് വലിയ പ്രതീക്ഷയാകട്ടെ എന്ന് അദ്ദേഹം ആശംസിക്കുകയും ചെയ്തു. എം. എൽ.എ ആയ ശേഷം തിരുവല്ല



നിയോജക മണ്ഡലത്തിൽ നിരവധി ജനകീയ പ്രശ്നങ്ങളിൽ ഇടപെടുകയും ഉടനടി പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുന്ന അഡ്വ. വർഗീസ് മാമ്മൻ പ്രവർ ത്തനങ്ങളിലൂടെ മണ്ഡലത്തിൽ ഇതി നോടകം തന്നെ ശ്രദ്ധേയനായി കഴിഞ്ഞു.

# പ്രത്യാശയുടെയും കൂട്ടായ്മയുടെയും പ്രേക്ഷിതദൗത്യത്തിന്റെയും ആഹ്വാനത്തോടെ 12–ാമത് സീറോ–മലങ്കര കത്തോലിക്കാ ഫാമിലി കൺവൻഷൻ സമാപിച്ചു

ഡോ. ജോർജ് എം. കാക്കനാട്

സ്റ്റാംഫോർഡ്, കണക്റ്റിക്കട്ട്: വടക്കെ അമേരിക്കയിലെ 12-ാമത് സീറോ-മലങ്കര കത്തോലിക്കാ ഫാമിലി കൺവൻഷന് പ്രൗഢഗംഭീരമായ സമാപനം. ഭക്തിനിർഭരമായ പൊന്തിഫിക്കൽ വിശുദ്ധ കുർബാനയോടും പ്രചോദനാത്മകമായ വാലിഡെക്റ്ററി (സമാപന) സമ്മേളനത്തോടും കൂടിയാണ് നാലു ദിവസം നീണ്ടുനിന്ന കൺവൻഷൻ അവസാനിച്ചത്. അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നുമായി എത്തിയ വൈദികരും സമർപ്പിതരും അനേകം വിശ്വാസികളും സഭയിലെ പിതാക്കന്മരോടൊപ്പം ഒത്തുചേർന്നപ്പോൾ ഈ സമാപനസമ്മേളനം വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും പ്രേക്ഷിത ചൈതന്യത്തിന്റെയും മഹത്തായ സാക്ഷ്യമായി മാറി.



നാല്നാൾ നീണ്ടുനിന്ന പ്രാർത്ഥനകൾക്കും ആരാധനയ്ക്കും സൗഹൃദ കൂട്ടായ്മകൾക്കും നവീകരണത്തിനും ദൈവത്തിന് നന്ദിയർപ്പിച്ചുകൊണ്ട് വിശ്വാസികൾ ദിവ്യബലിയിൽ പങ്കുചേർന്നു. സീറോമലങ്കര കത്തോലിക്കാ സഭയുടെ സമ്പന്നമായ പാരമ്പര്യം വിളിച്ചോതിയ ശുശ്രൂഷകൾ തോമ്മാശ്ലീഹായിലൂടെ ഭാരതത്തിനു ലഭിച്ച വിശ്വാസത്തിന്റെ പ്രേക്ഷിത ചൈതന്യത്തെ വീണ്ടും ജ്വലിപ്പിച്ചു.



ബിഷപ് മാത്യൂസ് മാർ പക്കോമിയോസ് 'നിങ്ങൾ പോയി സകല ജനങ്ങളെയും ശിഷ്യപ്പെടുത്തുവിൻ' പൊന്തിഫിക്കൽ വിശുദ്ധ കുർബാന മദ്ധ്യേ നല്കിയ സന്ദേശത്തിൽ ക്രിസ്തുവിന്റെ വലിയ പ്രേക്ഷിത ദൗത്യത്തെക്കുറിച്ചാണ് പിതാവ് പ്രസംഗിച്ചത്. സഭയിൽ അംഗമായിരിക്കുക എന്നതിലുപരി ഓരോ മാമ്മോദീസാ സ്വീകരിച്ച വ്യക്തിയും സജീവമായ ഒരു മിഷനറി ശിഷ്യനാകാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് പിതാവ് ഓർമ്മിപ്പിച്ചു.

ഒലീവ് മലയിൽവെച്ച് യേശു ശിഷ്യന്മാർക്ക് നല്കിയ പ്രധാനപ്പെട്ട മൂന്ന് കല്പനകളെ പിതാവ് അടിവരയിട്ടു പറഞ്ഞു.

സുവിശേഷം പ്രസംഗിക്കുക 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' ഈ സുവിശേഷം ഏതെങ്കിലും ഒരു കൂട്ടർക്ക് മാത്രമുള്ളതല്ല, അത് സാർവത്രികമാണ്. ക്രിസ്തുവിന്റെ രക്ഷാകരസന്ദേശം വാക്കുകളിലൂടെയും ജീവിത സാക്ഷ്യത്തിലൂടെയും പങ്കുവെക്കാൻ ഓരോ ക്രൈസ്തവനും കടമയുണ്ട്. മാമ്മോദീസ നല്കുക. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസ നല്കി ഏവരെയും ദൈവ കുടുംബത്തിലേക്കും സഭാ കൂട്ടായ്മയിലേക്കും ക്ഷണിക്കുക. ശിഷ്യരാക്കുക-യേശു കല്പിച്ചതെല്ലാം പ്രമാണിച്ച് വിശുദ്ധിയിലും ദൈവഹിതത്തോടുള്ള അനുസരണത്തിലും വളരുന്ന ശിഷ്യന്മാരെ വാർത്തെടുക്കുക. 'ലോകാവസാനം വരെ ഞാൻ നിങ്ങളുടെ കൂടെയുണ്ട്' എന്ന ക്രിസ്തുവിന്റെ ഉറപ്പ് നല്കുന്ന ധൈര്യവും പ്രത്യാശയുമാണ് സഭയുടെ സുവിശേഷവത്കരണത്തിന്റെ നിത്യവും നിലനിൽക്കുന്ന സ്രോതസ്സെന്ന് ബിഷപ് ഓർമ്മിപ്പിച്ചു.





മാമ്മാദീസായിലൂടെ ലഭിച്ച കൃപ സ്വകാര്യമായി സൂക്ഷിക്കാനുള്ളതല്ല, മറിച്ച് സന്തോഷകരമായ സാക്ഷ്യത്തിലൂടെയും കരുണാർദ്രമായ സേവനത്തിലൂടെയും അത് മറ്റുള്ളവരിലേക്ക് ഒഴുകിയെത്തണം. സഭയുടെ ദൗത്യം ഇടവകയുടെ അതിരുകളിൽ മാത്രം ഒതുങ്ങേണ്ടതല്ല. അത് വീടുകളിലേക്കും ജോലിസ്ഥലങ്ങളിലേക്കും വിദ്യാലയങ്ങളിലേക്കും സമൂഹത്തിലേക്കും വ്യാപിക്കണം. സുവിശേഷത്തിന്റെ ആനന്ദം എന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനം ഉദ്ധരിച്ചുകൊണ്ട്, വാക്കുകളേക്കാൾ ഉപരി സ്വന്തം ജീവിതത്തിലൂടെ ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ പിതാവ് വിശ്വാസികളെ ആഹ്വാനം ചെയ്തു.





പുനരൈക്യ പ്രസ്ഥാനത്തിന്റെ ശില്പിയായ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ കാഴ്ചപ്പാട് അനുസ്മരിച്ച പിതാവ് വിശുദ്ധിയിലും ഐക്യത്തിലും സുവിശേഷവൽക്കരണത്തിലും അധിഷ്ഠിതമായ ഒരു സഭയെ പടുത്തുയർത്താൻ ഓരോ കുടുംബത്തോടും ആഹ്വാനം ചെയ്തു. കൺവൻഷന്റെ യഥാർത്ഥ വിജയം അതിലെ പങ്കാളിത്തത്തിലോ പരിപാടികളുടെ മികവിലോ അല്ല, മറിച്ച് തിരികെ പോകുന്ന ഓരോ വ്യക്തിയും പുതുക്കപ്പെട്ട ശിഷ്യന്മാരായി ക്രിസ്തുവിനെ പ്രഘോഷിക്കുന്നുണ്ടോ എന്നതിലാണ് ഇരിക്കുന്നതെന്ന് പറഞ്ഞാണ് ബിഷപ് തന്റെ സന്ദേശം അവസാനിപ്പിച്ചത്.

സീറോ മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ ശ്രേഷ്ഠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ അയച്ച വീഡിയോ സന്ദേശം ഏവരുടെയും ഹൃദയം തൊടുന്നതായിരുന്നു. കൺവൻഷന്റെ വിജയത്തിനായി പ്രയത്നിച്ച അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് മെത്രാപ്പോലീത്ത, വൈദികർ, സമർപ്പിതർ, സംഘാടകർ, വോളന്റിയർമാർ, സ്പോൺസർമാർ, എല്ലാ വിശ്വാസികൾ എന്നിവരെയും ബാവ അനുമോദിച്ചു. ഈ കൺവൻഷൻ വ്യക്തികളെ ശാക്തീകരിക്കുകയും കുടുംബങ്ങളെ പുതുക്കുകയും ഇടവക സമൂഹങ്ങളെ ചൈതന്യവത്താക്കുകയും സഭയുടെ ഐക്യം ദൃഢമാക്കുകയും ചെയ്ത ഒരു വലിയ സാക്ഷ്യമാണെന്ന് ബാവ പറഞ്ഞു.

ലെയോ പതിനാലാമൻ മാർപാപ്പയുടെ പ്രബോധനങ്ങളെ അനുസ്മരിച്ചുകൊണ്ട് ആർട്ടിഫിഷ്യൽ ഇന്റലിജൻസും സാങ്കേതിക വിദ്യകളും വേഗത്തിൽ വളരുന്ന ഈ കാലഘട്ടത്തിൽ ഓരോമനുഷ്യന്റെയും അന്തസ്സ് സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബാവ സംസാരിച്ചു. ഓരോ വ്യക്തിയിലുമുള്ള ദൈവിക അന്തസ്സിനെ അംഗീകരിക്കുന്നതിലാണ് യഥാർത്ഥ ക്രൈസ്തവ സാക്ഷ്യം ആരംഭിക്കുന്നത്.

തന്റെ മെത്രാഭിഷേകത്തിന്റെ സിൽവർ ജൂബിലി വേളയിലാണ് ഈ കൺവൻഷൻ നടക്കുന്നത് എന്നത് ബാവ പ്രത്യേകമായി അനുസ്മരിച്ചു. തന്റെ ആദ്യത്തെ എപ്പിസ്കോപ്പൽ ദൗത്യം വടക്കെ അമേരിക്കയിലെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയിട്ടായിരുന്നുവെന്നും അന്നുമുതൽ വിശ്വാസികൾ നല്കിയ സ്നേഹവും പ്രാർത്ഥനയുമാണ് തന്നെ ഇന്നത്തെ നിലയിൽ രൂപപ്പെടുത്തിയതെന്നും ബാവ കൃതജ്ഞതയോടെ ഓർത്തു. സഭയെ നയിക്കാനും പാവപ്പെട്ടവരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും കരുതാനുമുള്ള തന്റെ ദൗത്യത്തിൽ തുടർന്നും പ്രാർത്ഥനകൾ ഉണ്ടാകണമെന്ന് ബാവ അഭ്യർത്ഥിച്ചു.

സമാപന സമ്മേളനത്തിൽ അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് മെത്രാപ്പോലീത്ത നന്ദിയർപ്പിച്ചു സംസാരിച്ചു. രണ്ടുമാസം പ്രായമുള്ള കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെ വടക്കെ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയിരക്കണക്കിനു മൈലുകൾ താണ്ടി എത്തിയത് ക്രിസ്തുവിനോടുള്ള സ്നേഹവും തോമ്മാശ്ലീഹായിലൂടെ ലഭിച്ച വിശ്വാസ പാരമ്പര്യവും കൊണ്ടാണെന്ന് പിതാവ് പറഞ്ഞു. ഈ കൺവൻഷൻ കേവലം ഒരു കൂട്ടായ്മയായിരുന്നില്ല, മറിച്ച് അത് ദൈവസാന്നിദ്ധ്യത്തിന്റെ ആഘോഷവും വിശ്വാസാനുഭവവും ക്രിസ്തുവിലുള്ള നമ്മളുടെ ഐക്യത്തിന്റെ സാക്ഷ്യവുമായിരുന്നു: മാർ സ്റ്റെഫാനോസ് പ്രസ്താവിച്ചു.

നാല് ദിവസത്തെ കൺവൻഷനിൽ ഗാഢമായി ദിവ്യബലി ശുശ്രൂഷകൾ, ചിന്തോദ്ദീപകമായ ക്ലാസുകൾ, യുവജനങ്ങൾക്കും (ശേഷം 26-ാം പേജിൽ)

# ഫൊക്കാന കൺവൻഷന് കലാപ്രൗഢി പകരാനും ചരിത്രത്തിന്റെ ഭാഗമാകാനും പ്രിയതാരം നവ്യ നായർ എത്തുന്നു

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: നോർത്ത് അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ പ്രവാസി സംഗമമായ ഫൊക്കാനയുടെ 2026-ലെ അന്തർദ്ദേശീയ കൺവൻഷന് മാറ്റുകൂട്ടി മലയാളത്തിന്റെ പ്രശസ്ത ചലച്ചിത്രതാരവും നർത്തകിയുമായ നവ്യ നായർ കൽഹാരി റിസോർട്ടിലെ വേദിയിലെത്തും. മൂന്നാം ദിവസം (ഓഗസ്റ്റ് 8) ഗ്രാൻഡ് ഫിനാലെയിൽ നവ്യാ നായരുടെ ഡാൻസുകളോടെ ആയിരിക്കും തുടക്കം. ഓഗസ്റ്റ് 6 മുതൽ 8 വരെ കൽഹാരി റിസോർട്ടിൽ നടക്കുന്ന കൺവൻഷനിൽ നവ്യ നായരുടെ സാന്നിദ്ധ്യം കലാ-സാംസ്കാരിക പരിപാടികൾക്ക് കൂടുതൽ മികവും പ്രൗഢിയും പകരുമെന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു.

മലയാള സിനിമയിൽ ശ്രദ്ധേയമായ കഥാപാത്രങ്ങളിലൂടെ പ്രേക്ഷകഹൃദയങ്ങളിൽ ഇടംനേടിയ നവ്യ നായർ അഭിനയരംഗത്തെ മികവിനൊപ്പം ശാസ്ത്രീയ നൃത്തത്തോടുള്ള സമർപ്പണത്തിലൂടെയും ഏറെ പ്രശംസ നേടിയ കലാകാരിയാണ്. കേരളത്തിന്റെ കലാപാരമ്പര്യത്തെ ലോകത്തിന്റെ വിവിധ വേദികളിലേക്ക് എത്തിച്ച നവ്യയുടെ സാന്നിദ്ധ്യം പ്രവാസി മലയാളികളുടെ ഈ മഹാസംഗമത്തിന് പ്രത്യേക അഭിമാനമായി മാറുമെന്ന് ഫൊക്കാന നേതൃത്വം വിലയിരുത്തുന്നു.

പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കുന്ന ഫൊക്കാന കൺവൻഷൻ ഇത്തവണ കുടുംബകേന്ദ്രീകൃതമായ ആശയങ്ങളും സമ്പന്നമായ സാംസ്കാരിക പരിപാടികളുമായി ശ്രദ്ധേയമാകുകയാണ്. ഒരു സംഘടനാസമ്മേളനം എന്നതിലുപരി ലോകമെമ്പാടുമുള്ള മലയാളി കുടുംബങ്ങളെ ഒരുമിപ്പിക്കുന്ന സാംസ്കാരിക മഹോത്സവമായാണ് കൺവൻഷൻ വിഭാവനം ചെയ്തിരിക്കുന്നത്.

നവ്യ നായർക്കൊപ്പം നടനും സംവിധായകനും ഗായകനുമായ നാദിർഷയും കൺവൻഷനിൽ പങ്കെടുക്കും. കൂടാതെ പ്രശസ്ത മജീഷ്യൻ ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിലുള്ള ഫ്യൂഷൻ ഷോ, 101 കലാകാരന്മാർ അണിനിരക്കുന്ന ഉദ്ഘാടന നൃത്താവിഷ്കാരം, നോർത്ത് അമേരിക്കയിലെ കലാപ്രതിഭകളെ അവതരിപ്പിക്കുന്ന അമേരിക്ക ഗോട്ട് ടാലന്റ് എന്നീ പരിപാടികളും കലാവിരുന്നിന്റെ പ്രധാന ആകർഷണങ്ങളായിരിക്കും. കേരളത്തിന്റെ കലാ-സാംസ്കാരിക പൈതൃകം അടുത്ത തലമുറയിലേക്ക് കൈമാറുക എന്നതാണ് ഫൊക്കാനയുടെ പ്രധാന




ലക്ഷ്യങ്ങളിലൊന്ന്. ശാസ്ത്രീയ നൃത്തത്തെയും മലയാള സംസ്കാരത്തെയും ഹൃദയത്തോട് ചേർത്തു നിർത്തുന്ന നവ്യ നായരുടെ സാന്നിദ്ധ്യം ആ ലക്ഷ്യത്തിന് കൂടുതൽ കരുത്തു പകരുമെന്ന് ഫൊക്കാന ഭാരവാഹികൾ പറഞ്ഞു. കുടുംബസമേതം അവധിക്കാലം ആഘോഷിക്കാനും മലയാളി സംസ്കാരത്തിന്റെ വൈവിധ്യം അനുഭവിക്കാനും ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുള്ള പ്രവാസി മലയാളികളെ ഒരുമിപ്പിക്കുന്ന ഫൊക്കാന കൺവൻഷൻ 2026 കലയും പാരമ്പര്യവും കുടുംബസ്നേഹവും ഒത്തുചേരുന്ന അപൂർവ വേദിയായി മാറുമെന്ന പ്രതീക്ഷയിലാണ് സംഘാടകർ.

# കേരള സെന്ററിന്റെ 34-ാം വാർഷിക അവാർഡ് ആഘോഷം ഒക്ടോബർ 24-ന്

ന്യൂയോർക്ക്: ന്യൂയോർക്ക് കേരള സെന്റർ അതിന്റെ ആരംഭകാലം മുതൽ തുടർച്ചയായി നടത്തിവരുന്ന ആനുവൽ അവാർഡ് ഗാല ഈ വർഷം ഒക്ടോബർ 24-ന് ആഘോഷിക്കുന്നതാണ്. തങ്ങളുടെ പ്രവർത്തന മേഖലകളിൽ മികച്ച നേട്ടം കൈവരിച്ചവരും സമൂഹനന്മയ്ക്ക് മികച്ച സംഭാവനകൾ നല്കിയവരുമായ ഇന്ത്യൻ അമേരിക്കൻ മലയാളികളിൽ നിന്ന് കേരള സെന്റർ (ഇന്ത്യൻ അമേരിക്കൻ കേരള കൾച്ചറൽ ആൻഡ് സിവിക് സെന്റർ) 2026-ലെ വാർഷിക അവാർഡുകൾ പരിഗണിക്കുന്നതിനായി നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. സാമൂഹിക സേവനം, രാഷ്ട്രീയ നേതൃത്വം, കലയും സാഹിത്യവും, പത്രപ്രവർത്തനം, സോഷ്യൽമീഡിയ ആക്ടിവിസം, മെഡിസിൻ, എൻജിനീയറിംഗ്, നേഴ്സിംഗ്, മറ്റ് പ്രഫഷൻസ്, ബിസിനസ്, കോർപ്പറേറ്റ് മാനേജ്മെന്റ്, അപ്ലൈഡ് സയൻസ് & ഐടി എന്നിവയാണ് അവാർഡ് വിഭാഗങ്ങൾ.

2026 ഒക്ടോബർ 24-ന് ശനിയാഴ്ച വൈകുന്നേരം ന്യൂയോർക്കിലെ എൽമണ്ടിലുള്ള കേരള സെന്റർ ഓഡിറ്റോറിയത്തിൽ നടക്കുന്ന വാർഷിക അവാർഡ് ആഘോഷവേളയിൽ അവാർഡ് ജേതാക്കളെ ആദരിക്കും. നാമനിർദ്ദേശങ്ങൾക്കൊപ്പം ബയോഡേറ്റയും സ്വന്തം നേട്ടങ്ങളും മുൻ അവാർഡുകളും സാക്ഷ്യപ്പെടുത്തുന്ന രേഖകളും ഉൾപ്പെടുത്തണം.

എല്ലാ നാമനിർദ്ദേശങ്ങളും 2026 ഓഗസ്റ്റ് 7-നകം Kerala Center Award Committee, 1824 Fairfax Street, Elmont, NY 11003 എന്ന വിലാസത്തിൽ അയയ്ക്കണം. kc@keralacenterny.com എന്ന ഇ-മെയിൽ വിലാസത്തിലും ഇത് അയയ്ക്കാവുന്നതാണ്.

ട്രൈസ്റ്റേറ്റ് ന്യൂയോർക്ക് പ്രദേശത്തെ കേരളീയർക്കും ഇന്ത്യൻ അമേരിക്കൻ സമൂഹത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഒരു non-profit and tax exempt 501 (c)(3) സംഘടനയാണ് കേരള സെന്റർ. 1993-ൽ ഇത് ഉദ്ഘാടനം ചെയ്യപ്പെട്ടു. തങ്ങളുടെ പ്രവർത്തനമേഖലകളിൽ മികവ് തെളിയിച്ചവരും സമൂഹത്തിന് മികച്ച സംഭാവനകൾ നല്കിയവരുമായ 185-ലധികം വ്യക്തികളെ കേരള സെന്റർ കഴിഞ്ഞ 33 വർഷത്തിനിടയിൽ ആദരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: കേരള സെന്റർ 516 358 2000, അലക്സ് കാവുംപുറത്ത് എസ്തപ്പാൻ പ്രസിഡണ്ട് 516 503 9387, രാജു തോമസ് ജനറൽ സെക്രട്ടറി 516 434 0669.

# വയലാർ പുരസ്കാര ജേതാവ് കെ.വി. മോഹൻകുമാർ ഫൊക്കാന കൺവൻഷനിൽ എത്തുന്നു

ശ്രീകുമാർ ഉണ്ണിത്താൻ




ന്യൂയോർക്ക്: മലയാള സാഹിത്യലോകത്തെ ശ്രദ്ധേയനായ നോവലിസ്റ്റും വയലാർ പുരസ്കാര ജേതാവും നോർക്ക റൂട്സ് ഡയറക്ടറുമായിരുന്ന കെ.വി. മോഹൻകുമാർ (റിട്ട.ഐഎഎസ്) ഫൊക്കാന 2026 ദേശീയ കൺവൻഷനിൽ പങ്കെടുക്കും. സാഹിത്യം, ഭരണനിർവഹണം, മാധ്യമപ്രവർത്തനം എന്നീ മേഖലകളിൽ ഒരുപോലെ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹത്തിന്റെ സാന്നിദ്ധ്യം പ്രവാസി മലയാളികളുടെ ഈ മഹാസംഗമത്തിന് കൂടുതൽ ബൗദ്ധിക തിളക്കവും സാഹിത്യഗൗരവവും പകരുമെന്ന് സംഘാടകർ അറിയിച്ചു. പത്ത് നോവലുകളും പതിമൂന്നിലധികം കഥാസമാഹാരങ്ങളും ഉൾപ്പെടെ 37-ഓളം കൃതികളുടെ രചയിതാവായ കെ.വി. മോഹൻകുമാർ, ഉഷ്ണരാശി എന്ന നോവലിലൂടെ 2018-ലെ വയലാർ പുരസ്കാരവും കേരള സാഹിത്യ അക്കാദമി പുരസ്കാരവും ഉൾപ്പെടെ നിരവധി ബഹുമതികൾ നേടിയിട്ടുണ്ട്. മാധ്യമപ്രവർത്തകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം പിന്നീട് കേരള സിവിൽ സർവീസിലും ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിലും ശ്രദ്ധേയമായ സേവനം അനുഷ്ഠിക്കുകയും പാലക്കാട്, കോഴിക്കോട് ജില്ലകളുടെ കളക്ടറായും സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ആദ്യ ചെയർമാനായും പ്രവർത്തിക്കുകയും ചെയ്തു.

സാഹിത്യത്തെയും സംസ്കാരത്തെയും ഒരുപോലെ ആഘോഷിക്കുന്ന ഫൊക്കാന 2026 ദേശീയ കൺവൻഷനിൽ കെ.വി. മോഹൻകുമാറിന്റെ പങ്കാളിത്തം എഴുത്തുകാരും വായനക്കാരും കലാസ്വാദകരും ഒരുപോലെ ആകാംക്ഷയോടെ കാത്തിരിക്കുന്ന നിമിഷമാണെന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി പറഞ്ഞു. പത്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ, പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി, ടി.ഡി. രാമകൃഷ്ണൻ, ജോസ് പനച്ചിപ്പുറം, പ്രമീളാദേവി ഉൾപ്പെടെ കലാസാഹിത്യ-സാംസ്കാരിക രംഗങ്ങളിലെ വിശിഷ്ട വ്യക്തിത്വങ്ങൾ അണിനിരക്കുന്ന ഫൊക്കാന 2026 ദേശീയ കൺവൻഷൻ പ്രവാസി മലയാളികളുടെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ സാംസ്കാരിക മഹാമേളകളിലൊന്നായി മാറുമെന്ന് ഭാരവാഹികൾ അറിയിച്ചു. ഫൊക്കാനയുടെ ഔദ്യോഗിക പരിപാടിപ്പട്ടിക പ്രകാരം ഓഗസ്റ്റ് 6 മുതൽ 9 വരെ നടക്കുന്ന കൺവൻഷനിൽ വൈവിധ്യമാർന്ന കലാ-സാഹിത്യ, സാംസ്കാരിക പരിപാടികളാണ് ഒരുക്കിയിരിക്കുന്നത്.



Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296
4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253
EQUAL HOUSING LENDER
Illinois Residential Mortgage Licensee
Mullappallil Law Group

Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# മാർത്തോമ്മാ സഭ പ്രവാസി സമൂഹം മാത്രമല്ല, സാക്ഷ്യം വഹിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്ന സഭ: തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത


സണ്ണി കല്ലൂപ്പാറ


ന്യൂയോർക്ക്: മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് റീജിയന്റെ ആഭിമുഖ്യത്തിൽ മോസ്റ്റ് റവ.ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയ്ക്ക് ഊഷ്മളമായ സ്വീകരണവും സ്നേഹവിരുന്നും ന്യൂയോർക്കിലെ ദി ഇൻ അറ്റ് ന്യൂ ഹൈഡ് പാർക്കിൽ സംഘടിപ്പിച്ചു.

നോർത്ത് ഈസ്റ്റ് റീജിയണിലെ വിവിധ ഇടവകകളിൽ നിന്നുള്ള വൈദികർ, സഭാനേതാക്കൾ, വിശ്വാസികൾ എന്നിവർ പങ്കെടുത്ത സമ്മേളനം ആത്മീയ കൂട്ടായ്മയ്ക്കും സഭയുടെ ദൗത്യത്തെക്കുറിച്ചുള്ള ചിന്തകൾ പങ്കുവെക്കുന്നതിനുമുള്ള വേദിയായി.

ഉദ്ഘാടന സന്ദേശത്തിൽ മാർത്തോമ്മാ സഭയുടെ സമകാലിക ദൗത്യവും സ്വത്വവും വിശദീകരിച്ച മെത്രാപ്പോലീത്ത, സഭയെ വെറുമൊരു ആഗോള പ്രവാസി സമൂഹമായി മാത്രം കാണാനാവില്ലെന്ന് ചൂണ്ടിക്കാട്ടി. മാർത്തോമ്മാ സമൂഹം ഒരു പ്രവാസി സമൂഹം എന്നതിലുപരി ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നതും ഏവരേയും സ്വാഗതം ചെയ്യുന്നതുമായ സഭയാണെന്ന് മെത്രാപ്പോലീത്ത പറഞ്ഞു.















ക്രിസ്തുവിന്റെ സ്നേഹവും കരുണയും ജീവിതത്തിലൂടെ പ്രകടമാക്കുന്ന സാക്ഷികളാകാൻ വിശ്വാസികളെ മെത്രാപ്പോലീത്ത ആഹ്വാനം ചെയ്തു. പശ്ചാത്തലമോ സാഹചര്യങ്ങളോ പരിഗണിക്കാതെ എല്ലാവരെയും സ്വീകരിക്കുകയും ദൈവസ്നേഹം അനുഭവിക്കാൻ ഇടവകകൾ തുറന്ന സമൂഹങ്ങളായി മാറുകയും വേണമെന്ന് മെത്രാപ്പോലീത്ത ഓർമ്മിപ്പിച്ചു.

വടക്കെ അമേരിക്കയിലെയും ലോകമെമ്പാടുമുള്ള സഭയുടെ ദൗത്യത്തെക്കുറിച്ച് പരാമർശിച്ച മെത്രാപ്പോലീത്ത, ആത്മീയ പൈതൃകം സംരക്ഷിക്കുന്നതോടൊപ്പം സമൂഹവുമായി സജീവമായി ഇടപെടേണ്ട ഉത്തരവാദിത്വം സഭയ്ക്കുണ്ടെന്ന് പറഞ്ഞു. സ്വന്തം അംഗങ്ങളെ മാത്രം പരിപാലിക്കുന്നതിലല്ല, സുവിശേഷ പ്രഘോഷണത്തിലൂടെയും കാരുണ്യ പ്രവർത്തനങ്ങളിലൂടെയും ക്രിസ്തുവിന്റെ സ്നേഹവും പ്രത്യാശയും ലോകത്തിലേക്ക് പകരുന്ന സഭയായിരിക്കണം മാർത്തോമ്മാ സഭയെന്നും മെത്രാപ്പോലീത്ത കൂട്ടിച്ചേർത്തു.

യുവജനങ്ങളുടെ ആത്മീയ വളർച്ചയും സഭയുടെ ഭാവി ശുശ്രൂഷകളിലെ നേതൃത്വവും മാർത്തോമ്മാ സഭയുടെ പ്രധാന മുൻഗണനകളിലൊന്നാണെന്ന് മെത്രാപ്പോലീത്ത പറഞ്ഞു.

വിശ്വാസത്തിൽ വേരൂന്നിയ യുവതലമുറയെ വളർത്തിയെടുക്കാൻ ഇടവകകളും കുടുംബങ്ങളും ഒരുമിച്ച് പ്രവർത്തക്കണമെന്നും ആരാധന, സുവിശേഷപ്രവർത്തനം, സാമൂഹിക പ്രതിബദ്ധത, നേതൃത്വപരിശീലനം എന്നിവയിൽ യുവജനങ്ങളുടെ സജീവപങ്കാളിത്തം സഭയുടെ വളർച്ചയ്ക്ക് അനിവാര്യമാണെന്നും മെത്രാപ്പോലീത്ത ചൂണ്ടിക്കാട്ടി. യുവജനങ്ങൾക്ക് അവരുടെ ദൈവവിളി തിരിച്ചറിയാനും സഭയുടെയും സമൂഹത്തിന്റെയും പരിവർത്തനത്തിന് ക്രിസ്തുവിന്റെ സാക്ഷികളായി മാറാനും അവസരങ്ങൾ സൃഷ്ടിക്കേണ്ടത് ഓരോ ഇടവകയുടെയും ഉത്തരവാദിത്വമാണെന്നും മെത്രാപ്പോലീത്ത പറഞ്ഞു.

ചടങ്ങിൽ മെത്രാപ്പോലീത്തായുടെ ആത്മകഥയായ 'An Anointed Life' പ്രകാശനം ചെയ്തു. നോർത്ത് ഈസ്റ്റ് റീജിയൻ ആക്ടിവിറ്റി കമ്മിറ്റി (NE-RAC) പ്രസിഡണ്ടും ഭദ്രാസനാധിപനുമായ റൈറ്റ് റവ.ഡോ. അബ്രാഹം മാർ പൗലോസ് എപ്പിസ്കോപ്പ അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന സെക്രട്ടറി റവ. ജോയൽ എസ്. തോമസ് പ്രാരംഭ പ്രാർത്ഥന നടത്തി. NERAC വൈസ് പ്രസിഡണ്ട് റവ. ബിജു പി. സൈമൺ സ്വാഗതവും സെക്രട്ടറി ജേക്കബ് ചാക്കോ നന്ദിയും രേഖപ്പെടുത്തി.

വിവിധ ഇടവകകളെ ആദരിക്കുകയും സമ്മേളനത്തിന്റെ വിജയത്തിനായി സഹകരിച്ച സ്പോൺസർമാരെ അനുമോദിക്കുകയും ചെയ്തു. പ്രാർത്ഥനയും സൗഹൃദസംഗമവും സ്നേഹവിരുന്നും കൊണ്ട് സമ്പന്നമായ സമ്മേളനം നോർത്ത് ഈസ്റ്റ് റീജിയണിലെ ഇടവകകൾ തമ്മിലുള്ള ഐക്യവും സാഹോദര്യബന്ധവും കൂടുതൽ ദൃഢമാക്കി.

സഭയുടെ വളർച്ചയ്ക്കും ദൗത്യനിർവഹണത്തിനുമായി പ്രാർത്ഥിച്ചുകൊണ്ടും സുവിശേഷത്തിന് വിശ്വസ്തമായ സാക്ഷ്യം വഹിക്കുകയും എല്ലാവരെയും ദൈവസ്നേഹത്തിലേക്ക് സ്വാഗതം ചെയ്യുന്ന ജീവസ്സുറ്റ ക്രൈസ്തവ സമൂഹമായി നിലകൊള്ളുമെന്ന പ്രതിജ്ഞ പുതുക്കിക്കൊണ്ടും സമ്മേളനം സമാപിച്ചു.

# അതിജീവനത്തിന്റെ അക്ഷരസാക്ഷ്യം: 'Where I LOST myself' പുസ്തകം വായനക്കാരിലേക്ക്

പി.പി. ചെറിയാൻ

കുന്നന്താനം: 17-ാം വയസ്സിലുണ്ടായ ദാരുണമായ വാഹനാപകടവും തുടർന്നുണ്ടായ തളർച്ചയും ഓർമ്മക്കുറവും തോല്പിച്ചിട്ടും തോറ്റുകൊടുക്കാൻ തയ്യാറാകാത്ത ജെറിൻ ജോസഫ് ഏബ്രഹാം എന്ന യുവാവിന്റെ പ്രചോദനാത്മകമായ അനുഭവക്കുറിപ്പുകൾ അടങ്ങിയ പുസ്തകം Where I LOST myself വായനക്കാരിലേക്ക്.

വെല്ലൂർ സിഎംസി ആശുപത്രിയിലെ നാല് ചുവരുകൾക്കുള്ളിൽ ശരീരം തളർന്നും ഓർമ്മകൾ പൂർണ്ണമായി മാഞ്ഞുപോയും കഴിഞ്ഞ നിമിഷങ്ങളിൽ നിന്നാണ് ജെറിൻ വീണ്ടും ജീവിതത്തിലേക്ക് പിച്ചവെച്ചു തുടങ്ങിയത്. അക്ഷരങ്ങളും വാക്കുകളും വീണ്ടും പഠിച്ചെടുത്ത്, നിശബ്ദതയെ അതിജീവിച്ച് ജെറിൻ എഴുതിയ അനുഭവങ്ങളാണ് ഈ പുസ്തകം.





പ്രതിസന്ധികളെ മറികടന്ന വിദ്യാഭ്യാസം, ശാരീരിക ബുദ്ധിമുട്ടുകളും മറവിയും വെല്ലുവിളി ഉയർത്തുമ്പോഴും കഠിനാദ്ധ്വാനത്തിലൂടെ കോഴഞ്ചേരി സെന്റ് തോമസ് കോളജിൽ രണ്ടാം വർഷ ബി.എ ഇംഗ്ലീഷ് സാഹിത്യ വിദ്യാർത്ഥിയായ ജെറിൻ ഒന്നാംവർഷ പരീക്ഷകളിൽ ഉജ്വല വിജയമാണ് കൈവരിച്ചത്.

മാരാമൺ മാർത്തോമ്മാ ഇടവകയിലെ കുന്നന്താനം പ്രാർത്ഥനായോഗാംഗമായ ജെറിൻ ദൈവവേലയ്ക്കായി തന്നെ അർപ്പിക്കണമെന്ന ആഗ്രഹത്തോടെ മുന്നോട്ടു പോകുകയാണ്.

വിധിക്ക് മുന്നിൽ തളരാത്ത ഒരു മനസ്സിന്റെ ഈ സാക്ഷ്യപത്രം ഏത് പ്രതിസന്ധിയിലും പ്രത്യാശ നല്കുന്ന ഒന്നാണ്.

Where I LOST myself ഇപ്പോൾ Amazon, Flipkart എന്നിവയിലൂടെ വായനക്കാർക്ക് ലഭ്യമാണ്.

# നവചരിത്രം കുറിച്ച് 35–ാമത് സിഎസ്ഐ നോർത്ത് അമേരിക്കൻ ഫാമിലി & യൂത്ത് കോൺഫറൻസ് സമാപിച്ചു

പി.പി. ചെറിയാൻ

ഡാളസ് (ടെക്സസ്): ചർച്ച് ഓഫ് സൗത്ത് ഇന്ത്യയുടെ (സിഎസ്ഐ) ചരിത്രത്തിൽ പുതിയൊരു നാഴികക്കല്ല് കുറിച്ചുകൊണ്ട് നോർത്ത് അമേരിക്കയിലെ 35–ാമത് സിഎസ്ഐ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസും പുതുതായി രൂപീകരിച്ച സിഎസ്ഐ ഡയാസ്പോറ ഡയോസിസ് ഓഫ് നോർത്ത് അമേരിക്കയുടെ പൂർണ്ണ ഭരണഘടനാധിഷ്ഠിതമായ പ്രഥമ ഡയോസിസൻ കൗൺസിലും പ്രൗഢഗംഭീരമായി സമാ




പിച്ചു. ഡാളസിലെ ലവ് ഓഫ് ക്രൈസ്റ്റ് സിഎസ്ഐ സഭയുടെ ആഭിമുഖ്യത്തിൽ നടന്ന നാല് ദിവസം നീണ്ടുനിന്ന ഈ ചരിത്രസംഗമത്തിൽ നോർത്ത് അമേരിക്ക, ഇന്ത്യതുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി അഞ്ഞൂറിലധികം പ്രതിനിധികളും സഭാ മേലദ്ധ്യക്ഷന്മാരും പങ്കെടുത്തു. 'ക്രിസ്തുവിൽ തലമുറകളെ വളർത്തുക, ഒന്നിപ്പിക്കുക' (സങ്കീർത്തനങ്ങൾ 145:4) എന്നതായിരുന്നു കോൺഫറൻസിന്റെ പ്രമേയം.

വർണ്ണാഭമായ റാലിയും ഉദ്ഘാടന സമ്മേളനവും നാന്നൂറിലധികം ആളുകൾ അണിനിരന്ന വർണ്ണാഭമായ പ്രഘോഷണ ഘോഷയാത്രയോടെയാണ് കോൺഫറൻസിന് തുടക്കമായത്. ബാൻഡ്മേളം, പ്രാദേശിക പതാകകൾ, സഭാ ബാനറുകൾ എന്നിവയുടെ അകമ്പടിയോടെ വൈദികരും യുവജനങ്ങളും കുട്ടികളും കുടുംബങ്ങളും ഒന്നിച്ച് അണിനിരന്നു. തുടർന്ന് നടന്ന പ്രാരംഭ ആരാധനയ്ക്ക് ചർച്ച് ഓഫ് സൗത്ത് ഇന്ത്യ മോഡറേറ്റർ മോസ്റ്റ് റവ.ഡോ. കെ. റൂബൻ മാർക്ക് നേതൃത്വം നല്കി. ഇന്ത്യയിൽനിന്നുള്ള നാല് ബിഷപ്പുമാർ ആരാധനയിൽ സഹകാർമ്മികരായി.

റൈറ്റ് റവ. എ. പോൾ ഫ്രാൻസിസ് രവിചന്ദ്രൻ (മദ്രാസ് മഹായിടവക) റൈറ്റ് റവ.ഡോ. റോയ്സ് മനോജ് വിക്ടർ (മലബാർ മഹായിടവക), റൈറ്റ് റവ.ഡോ. വിൻസെന്റ് വിനോദ് കുമാർ (സെൻട്രൽ കർണാടക മഹായിടവക), റൈറ്റ് റവ.ഡോ. ഹേമചന്ദ്ര കുമാർ (സൗത്ത് കർണാടക മഹായിടവക), മഹായിടവക ഭാരവാഹികളും മാർത്തോമ്മാ എപ്പിസ്കോപ്പൽ, യുണൈറ്റഡ് മെത്തഡിസ്റ്റ് തുടങ്ങിയ ഇതര സഭാ പ്രതിനിധികളും ഇർവിങ് സിറ്റിയുടെ പ്രതിനിധിയായ മിസ്റ്റർ ആൽബർട്ട് സി. സപാന്റയും ചേർന്ന് പരമ്പരാഗത ഭദ്രദീപം കൊളുത്തി സമ്മേളനം ഉദ്ഘാടനം ചെയ്തു.

കോൺഫറൻസ് ലോഗോ പ്രകാശനം, തീം സോങ് അവതരണം, സ്മരണിക പ്രകാശനം എന്നിവയും ചടങ്ങിൽ നടന്നു. പ്രശസ്ത സുവിശേഷ ഗായകൻ ബ്രദർ ജോളി അബ്രഹാം, ശ്രീമതി മെഴ്സി തോമസ് എന്നിവരുടെ ഗാനസന്ധ്യ ഉദ്ഘാടനച്ചടങ്ങിന് മാറ്റ്കൂട്ടി.

അന്താരാഷ്ട്ര ക്രിസ്തീയ ചിന്തകനും പ്രഭാഷകനുമായ ഡോ. സാം ജോർജ് നിർവഹിച്ച മുതിർന്നവരുടെ പ്രഭാഷണം റൈറ്റ് റവ. എ. പോൾ ഫ്രാൻസിസ് രവിചന്ദ്രൻ സന്ദേശം നല്കി. വലിയ എൽഇഡി ലൈറ്റിംഗ് ശബ്ദസംവിധാനങ്ങൾ എന്നിവയുടെ അകമ്പടിയോടെ നടന്ന മീറ്റിംഗുകൾക്കു പുറമെ ബൈബിൾ സ്റ്റഡി, സെമിനാറുകൾ, ചർച്ചകൾ, സ്പോർട്സ് മത്സരങ്ങൾ, കൾച്ചറൽ പ്രോഗ്രാമുകൾ എന്നിവയും നാല് ദിവസങ്ങളിലായി സംഘടിപ്പിച്ചു.





ഡയാസ്പോറ ഡയോസിസിന്റെ ചരിത്രപരമായ തുടക്കം നോർത്ത് അമേരിക്കയിലുടനീളമുള്ള സിഎസ്ഐ സഭകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ച സിഎസ്ഐ ഡയാസ്പോറ ഡയോസിസ് ഓഫ് നോർത്ത് അമേരിക്കയുടെ ആദ്യ കൗൺസിൽ യോഗം സമ്മേളനത്തിന്റെ ഭാഗമായി ചേർന്നു. അമേരിക്കയിലും കാനഡയിലുമുള്ള സിഎസ്ഐ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി പതിറ്റാണ്ടുകളായി പ്രവർത്തിച്ച മുൻകാല നേതാക്കളെ ചടങ്ങിൽ ആദരിച്ചു. അഞ്ചു ബിഷപ്പുമാരുടെയും വൈദികരുടെയും നേതൃത്വത്തിൽ നടന്ന ദിവ്യബലി ആരാധനയോടെയും നോർത്ത് അമേരിക്കയിലെ വിവിധ സഭകളിൽനിന്നുള്ള ഗായകർ അണിനിരന്ന മാസ്സ് ക്വയറിന്റെ ഗാനാലാപനത്തോടെയും കോൺഫറൻസിന്റെ ആത്മീയ സമ്മേളനങ്ങൾ സമാപിച്ചു.









# DESPOTIC LEADERS ARE DANGEROUS

Joseph Kurian, Houston

A Despotic leader is the most dangerous and derailed person who is selfish, arrogant, mean spirited, crazy, cruel, carless,and cunning and must be dealt with. This is a person who wants absolute control on everything whether he or she is qualified enough to handle different issues. Regardless of the horrible consequences due to their wild and stupid decisions, this person will continue to talk and act like an expert on any serious matters.

A despotic leader is very harsh, angry, agitated and ignores all accepted practices or refuse to accept expert opinions of people around him. The correct way is not important to this person, the spirit of anger, revenge, hatred and humiliation of those who oppose this leader is his way of getting away with bad policies and destructive behaviors.

A despotic person will never learn frommistakes, will never admit their mistakes, always accuse others for their own foolish decisions that causes so much sufferings and damages and they will keep on lying about things and no one will be able to change this person and those who try will be ridiculed. These are dictators, who often uses brutal force, threats, and punishments, inflict fear and mercilessly rule the entire nation, organization or group through terror. They are so self-centered, manipulative and will not let anyone to correct their mistakes.

Abuse of power, blatant disregard of the laws, bullying others, lying constantly about things and make fun of any one to save their face. It is all about himself or herself. These kind of leaders will violate all basic rules, discriminate against those they don't like, give preferential treatments to those who support them. When people cannot deal or debate with a despotic leader, no one will speak and the problem will continue. Fear of standing alone is why people tolerate this behavior.Someone said this very wise words. "Neutrality helps the oppressor, never the victim. Silence encourages the tormentor, never the tormented". Powerful and meaningful words.

Adolf Hitler and Joseph Stalin are good examples of despotic lea-



Joseph Kurian

ders, Nebuchadnezzar in the Bible was a despotic leader. Hitler ruled Germany from 1933 to 1945 and caused the horrible holocaust, murdering around six million Jews and many others. Stalin ruled Soviet Union from 1929 to 1953 empowered forced labor camps for millions, massivemanmade famine in Ukraine.

Nebuchadnezzar was adespotic ruler who destroyedJerusalem, exiled the Jews and demanded the people to worship his own golden statue or suffer consequences. King Herod in the Bible ordered the execution of young children in Bethlehem to protect his throne. King Ahab and queen Jezebel and their own daughter Athaliah were all despotic rulers, promoted violence, idolatry, murdered prophets of God, killed own children for power. All their life ended so horrible due to the craziness and crimes they had committed.

In politics and religion, the people mustrecognize these leaders and take every action to remove them from power otherwise the nation, the organizationwill suffer so severely. They don't care what happens to the people, the country or the organization, all they want is power and profit while the people are suffering.

Despotic leaders cause severe social, economic, political, religious harm, widespread corruption, allow cruel behaviors, violate constitutions and written laws, ignores all legal, moral, ethical values. It is all about them and not about the people. They will ban free press, silence or destroy good journalists, will not accept fair elections, cause so much fear and confusion and they seek absolute control of all the aspects of the government or organization.

No checks and balances, no free speech, no accountability, ignores the will of the people, careless about decency, truth, facts and cover up things that are dangerous, indecent and illegal. They will act loyal, nice, religious, caring etc., but deep inside they are full of poison that will eventually kill the Nation, organization and even themselves.

Pride will never win, arrogance and stupidity will never succeed, and despotism or dictatorship will ended up in failure. We have so many examples of very famous people in politics, religion and in our world who have destroyed others and Nations thru their despotic style leadership. They are so dangerous to society. We must recognize them, not applaud or admire them by not knowing the poison they are injecting into people.

"The chains of despotism once fastened upon a Nation, ages might pass away before they could be shaken off" words of William Henry Harrison. This is very true. So we must understand the danger and the long suffering.

We must have discerning spirit, ability to recognize the hidden dangers, understand the horrible consequences, be vigilant and know their true character and take all actions to remove them from power before it is too late.

What type of a leader is leading your Nation, Church or organization? How are things better or getting worse? Why are you so quiet and silent if things are getting from bad to worse? We must voice our opinion otherwise we will also be victims under these despotic rulers who do not care much about any one. Please know the hidden dangers and the destructive path these despotic leaders are leading. Yes, they are very dangerous.

# KCWFNA Presents the Knanaya Royal Kingdom Pageant

**Maria Kaitharam, KCWFNA General Secretary**

Florida: The KCWFNA team is thrilled to present our biggest production yet - the KCWFNA Presents: Knanaya Royal Kingdom Pageant, taking place on Friday, August 7, at 1:00 PM on the Main Stage during the KCCNA 2026 Convention in Fort Lauderdale, Florida.

This exciting event brings together 28 participants representing Knanaya units from across North America as they compete in four prestigious categories: Queen, King, Princess, and Prince. Contestants will showcase their talents and personalities through three exciting rounds: Introduction, Talent, and Question & Answer.

To ensure a fair and unbiased competition, the pageant will be evaluated by three distinguished non-Knanaya judges, who will have the challenging task of selecting this year's Royal Kingdom winners.

More than just a competition, the Knanaya Royal Kingdom Pageant celebrates confidence, talent, leadership, and the vibrant spirit of our youth and families. Months of planning and preparation have gone into making this one of the premier events of the convention, and we cannot wait to share this unforgettable experience with our community.

Join us as we crown our Royal Kingdom and celebrate the incredible talent that makes our Knanaya community so special. We look forward to seeing you there!




# Vanitha Vismayam: Blue Beyond Borders, United by Strength

**Maria Kaitharam, KCWFNA General Secretary**

Florida: Get ready for an unforgettable celebration as KCWFNA proudly presents Vanitha Vismayam: Blue Beyond Borders, United by Strength on Sunday, August 9, immediately following Holy Mass on the Main Stage at the KCCNA 2026 Convention.

More than 200 women from across North America will come together in one spectacular performance that celebrates the beauty of unity, culture, and family. Through an inspiring blend of music, traditional dance, live instruments, and vibrant artistic expression, this one-of-a-kind presentation reflects the strength found when women from different backgrounds unite with one purpose.

Every movement, every melody, and every beat tells a story of togetherness. It reminds us that our greatest strength comes not from being the same, but from embracing our unique gifts and celebrating them as one family.

Vanitha Vismayam is more than a performance, it is a tribute to our heritage, our sisterhood, and the generations of women who continue to inspire our community.

Don't miss what promises to be one of the most memorable moments of this year's convention.

# സീറോ-മലങ്കര കത്തോലിക്കാ ഫാമിലി കൺവൻഷൻ സമാപിച്ചു

(22-ാം പേജിൽനിന്നും)

കുട്ടികൾക്കുമായി പ്രത്യേക പരിപാടികൾ, സാംസ്കാരിക സന്ധ്യകൾ എന്നിവ നടന്നു. സൗഹൃദങ്ങൾ പുതുക്കപ്പെടുകയും കുടുംബങ്ങൾ ശക്തമാകുകയും ചെയ്ത സന്ദർഭമായിരുന്നു ഇത്. കൺവൻഷൻ സ്റ്റാംഫോർഡിൽ അവസാനിക്കുന്നില്ലെന്നും വിശ്വാസികൾ തങ്ങളുടെ ദൈനംദിന ജീവിതത്തിൽ സുവിശേഷം ജീവിക്കുമ്പോൾ അത് തുടരുകയാണെന്നും പിതാവ് ഓർമ്മിപ്പിച്ചു. മെത്രാഭിഷേകത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ക്ലീമീസ് ബാവയ്ക്ക് കൺവൻഷൻ ഒന്നുചേർന്ന് ആശംസകളും പ്രാർത്ഥനകളും നേർന്നു. പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച വൈദികർ, സമർപ്പിതർ, ഗായകസംഘം, വോളന്റിയർമാർ, സംഘാടകർ തുടങ്ങിയ എല്ലാവർക്കും പിതാവ് നന്ദി രേഖപ്പെടുത്തി.

സമാപനസമ്മേളനത്തിൽ അൽമായരെ പ്രതിനിധീകരിച്ച് ജോർജ് കെ. ജെയിംസ്, മലങ്കര കത്തോലിക്ക യൂത്ത് മൂവ്മെന്റ് (എംസിവൈഎം) പ്രസിഡണ്ട് ജോയൽ ഏബ്രഹാം, മലങ്കര കത്തോലിക്ക ചിൽഡ്രൻസ് ലീഗ് (എംസിസിഎൽ) പ്രസിഡണ്ട് ടി. സാവിയോ ജോർജ് എന്നിവർ സംസാരിച്ചു.

കൺവൻഷന്റെ മുഖ്യ സ്പോൺസർമാരായ ബാബു സ്റ്റീഫൻ & ഫാമിലി, ഏബ്രഹാം ഫിലിപ്പ് & ഫാമിലി എന്നിവരെയും മറ്റ് സ്പോൺസർമാരെയും ചടങ്ങിൽ ആദരിച്ചു. ഡോ. ജെയിംസ് തോമസ്, ഡോ. ജിമോൾ ജോർജ് എന്നിവർ സമാപനസമ്മേളനത്തിന്റെ അവതാരകരായിരുന്നു.

ഒരു പുതിയ പെന്തെക്കോസ്ത അനുഭവം സമ്മാനിച്ചുകൊണ്ട്, തിരികെ പോകുന്ന ഓരോ കുടുംബത്തെയും സുവിശേഷത്തിന്റെ സന്ദേശവാഹകരായി അയച്ചുകൊണ്ടാണ് 12-ാമത് സീറോ-മലങ്കര കത്തോലിക്കാ ഫാമിലി കൺവൻഷന് സ്റ്റാംഫോർഡിൽ തിരശ്ശീലവീണത്.

# ചിക്കാഗോ മലയാളി അസോസിയേഷൻ ഓണാഘോഷം ഓഗസ്റ്റ് 14-ന്; മജീഷ്യൻ മുതുകാടിന്റെ എം-ക്യൂബ് ഷോ മുഖ്യ ആകർഷണം

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള ഈ വർഷത്തെ ഓണാഘോഷപരിപാടികൾ ഓഗസ്റ്റ് 14-ന് വെള്ളിയാഴ്ച വൈകിട്ട് 5.30-ന് മോർട്ടൻ ഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

മെഗാ ചെണ്ടമേളം, മെഗാ തിരുവാതിര, വൈവിധ്യങ്ങളായ കലാപരിപാടികൾ ഉൾപ്പെടെ വ്യത്യസ്തമായ ഒരു ഓണാഘോഷമാണ് ഇത്തവണത്തേതെന്ന് പ്രസിഡണ്ട് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡണ്ട് ലൂക്ക് ചിറയിൽ, ജോ. സെക്രട്ടറി സാറാ അനിൽ, ജോ. ട്രഷറർ പ്രിൻസ് ഈപ്പൻ, കോ-ഓർഡിനേറ്റർമാരായ ജിനോയ് മാത്യു, ഡോ. സൂസൻ ചാക്കോ എന്നിവർ അറിയിച്ചു.

പ്രശസ്ത മജീഷ്യൻ ഗോപിനാഥ് മുതുകാടിന്റെ എം ക്യൂബ് ഷോ ഇത്തവണത്തെ ഓണആഘോഷങ്ങളുടെ മുഖ്യ ആകർഷണമായിരിക്കും. എംഎൽഎമാരായ എം.ജെ. സെബാസ്റ്റ്യൻ (പൂഞ്ഞാർ), വി.പി. സജീന്ദ്രൻ (കുന്നത്തുനാട്), അപു ജോൺ ജോസഫ് (തൊടുപുഴ) പ്രശസ്ത ചെണ്ടവിദഗ്ദ്ധൻ മട്ടന്നൂർ ശങ്കരൻകുട്ടി, ചിക്കാഗോയിലെ വിവിധ സാമൂഹിക, സാംസ്കാരിക പ്രവർത്തകർ എന്നിവർ ഓണാഘോഷപരിപാടികളിൽ പങ്കെടുക്കും.

2026-ൽ ഉന്നതവിജയം കരസ്ഥമാ



ഗോപിനാഥ് മുതുകാട്

ക്കിയ ഹൈസ്കൂൾ ഗ്രാജ്വേറ്റുകൾക്ക് ഓണാഘോഷവേദിയിൽ സ്കോളർഷിപ്പുകൾ വിതരണം ചെയ്യും.

വൈകിട്ട് 5.30-ന് ഓണസദ്യ, തുടർന്ന് ഘോഷയാത്ര, ചെണ്ടമേളം, തിരുവാതിര എന്നിവ നടക്കും. തുടർന്നു നടക്കുന്ന മജീഷ്യൻ മുതുകാടിന്റെ എം-ക്യൂബ് ഷോ വ്യത്യസ്തമായ ഒരു അനുഭവമായിരിക്കുമെന്ന് സംഘാടകർ പറഞ്ഞു. പരിപാടിയിൽ പങ്കെടുക്കുന്നതിനും 2026 ഓണം അവിസ്മരണീയമായ ഒരു അനുഭവമാക്കി മാറ്റുന്നതിനുമായി എല്ലാ മലയാളി സുഹൃത്തുക്കളെയും ക്ഷണിക്കുന്നതായി സംഘാടകർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ജോസ് മണക്കാട്ട് 847 830 4128, ബിജു മുണ്ടക്കൽ 773 673 8820, അച്ചൻകുഞ്ഞ് മാത്യു 847 912 2578.



ജോസ് മണക്കാട്ട്



ബിജു മുണ്ടക്കൽ



അച്ചൻകുഞ്ഞ് മാത്യു



ലൂക്ക് ചിറയിൽ



സാറാ അനിൽ



പ്രിൻസ് ഈപ്പൻ



ഡോ. സൂസൻ ചാക്കോ



ജിനോയ് മാത്യു

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.86 |
| യൂറോ | 109.34 |
| സ്റ്റെർലിംഗ്പൗണ്ട് | 127.83 |
| സ്വിസ് ഫ്രാങ്ക് | 117.74 |
| സിംഗപ്പൂർ ഡോളർ | 74.37 |
| കനേഡിയൻ ഡോളർ | 68.01 |
| ഒമാൻ റിയാൽ | 249.31 |
| ബഹ്റൈൻ ദിനാർ | 254.86 |
| സൗദി റിയാൽ | 25.58 |
| യു.എ.ഇ. ദിർഹം | 26.20 |
| കുവൈത്ത് ദിനാർ | 309.01 |

## ഡാളസ് ഗ്രാന്റാക്കി മാറ്റിയ ഗ്രാൻഡ് പേരന്റ്സ് ഡേ ആഘോഷം

ജോക്കുട്ടി മേലേടത്ത്

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവകയിൽ യൂത്ത് മിനിസ്ട്രിയുടെയും കെസിവൈഎലിന്റെയും നേതൃത്വത്തിൽ ഗ്രാൻഡ് പേരന്റ്സ് ഡേ ഏറെ വിപുലമായും ഹൃദ്യമായും ആഘോഷിച്ചു. കോപ്പൽ സെന്റ് അൽഫോൻസ പള്ളി വികാരി ഫാ. ജിമ്മി ഇളക്കളത്തൂർ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നല്കി.

ആഘോഷത്തോടനുബന്ധിച്ച് നടത്തിയ ഫോട്ടോ ചലഞ്ച് മത്സരത്തിൽ വിജയികളായ ജോസമ്മ ചെമ്മാച്ചേരിൽ, ബിജു തടത്തിപറമ്പിൽ, സിറിൾ പെരിങ്ങലത്ത് എന്നിവർക്ക് പ്രത്യേക സമ്മാനങ്ങൾ നല്കി. തുടർന്ന് എല്ലാ ഗ്രാൻഡ് ചിൽഡ്രൻസും ഗ്രാൻഡ് പേരന്റ്സിന് പൂക്കൾ നല്കി. ആഘോഷം യുവജനം ഏറ്റെടുക്കുക വഴി ഏവർക്കും നവ്യാനുഭവമായി.





# ഫിലാഡൽഫിയ – കേരള വിമാന സർവീസിനായുള്ള ഓർമ്മാ ഇന്റർനാഷണലിന്റെ പ്രവർത്തനങ്ങൾ മാധ്യമങ്ങൾക്കു മുന്നിൽ അവതരിപ്പിച്ച് പ്രസ് മീറ്റ്

**മെർളിൻ മേരി അഗസ്റ്റിൻ**

ഫിലാഡൽഫിയ: ഫിലാഡൽഫിയ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ദോഹ വഴി കേരളത്തിലേക്കുള്ള യാത്രകൾക്ക് ഏറെ പ്രയോജനകരമാകുന്ന ഖത്തർ എയർവേയ്സിന്റെ ഫിലാഡൽഫിയ-ദോഹ സർവീസ് 2026 ഓഗസ്റ്റ് 1 മുതൽ പുനരാരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഈ ലക്ഷ്യത്തിനായി കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി ഓർമ്മാ ഇന്റർനാഷണൽ നടത്തിയ പ്രവർത്തനങ്ങളും വിവിധ തലങ്ങളിലെ ഇടപെടലുകളും സമൂഹത്തിനും മാധ്യമങ്ങൾക്കും മുന്നിൽ അവതരിപ്പിക്കുന്നതിനായി ഫിലാഡൽഫിയയിൽ വിപുലമായ പ്രസ് മീറ്റ് സംഘടിപ്പിച്ചു.







ഫിലാഡൽഫിയ, ന്യൂജേഴ്സി, ഡെലവെയർ മേഖലകളിലെ പ്രമുഖ മലയാളം ടെലിവിഷൻ, പത്ര, ഓൺലൈൻ മാധ്യമ പ്രതിനിധികൾ, വിവിധ മലയാളി സംഘടനകളുടെ നേതാക്കൾ, സാമൂഹിക-സാംസ്കാരിക പ്രവർത്തകർ എന്നിവർ പങ്കെടുത്ത സമ്മേളനം ഓർമ്മാ ഇന്റർനാഷണൽ പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു.

ജോസ് തോമസ് (ചെയർ, ഓർമ്മാ ടാലന്റ് പ്രൊമോഷൻ ഫോറം) പരിപാടി പരിചയപ്പെടുത്തി. തുടർന്ന് ഓർമ്മാ ഇന്റർനാഷണൽ ട്രസ്റ്റി ബോർഡ് ചെയർ ജോസ് ആറ്റുപുറവും, പബ്ലിക് അഫയേഴ്സ് ഫോറം ചെയർ വിൻസെന്റ് ഇമ്മാനുവേലും സമ്മേളനത്തിൽ പങ്കെടുത്ത വിശിഷ്ടാതിഥികളെയും വിവിധ സംഘടനാ പ്രതിനിധികളെയും മാധ്യമപ്രവർത്തകരെയും പരിചയപ്പെടുത്തി. തുടർന്ന് വിൻസെന്റ് ഇമ്മാനുവേൽ 2015 മുതൽ ഫിലാഡൽഫിയയിൽ നിന്ന് കേരളത്തിലേക്കുള്ള മികച്ച വിമാനസൗകര്യം യാഥാർത്ഥ്യമാക്കുന്നതിനായി ഓർമ്മാ ഇന്റർനാഷണൽ നടത്തിയ വിവിധ ഇടപെടലുകളെക്കുറിച്ചും വിമാനത്താവള അധികൃതരുമായും ജനപ്രതിനിധികളുമായും വിമാനക്കമ്പനികളുമായും നടത്തിയ തുടർച്ചയായ ആശയവിനിമയങ്ങളെക്കുറിച്ചും വിശദീകരിച്ചു.

ഓർമ്മാ ഇന്റർനാഷണൽ പിആർഒ മെർളിൻ മേരി അഗസ്റ്റിൻ അവതരിപ്പിച്ച പ്രത്യേക റിപ്പോർട്ടിൽ ഫിലാഡൽഫിയ-കേരള വിമാന സൗകര്യത്തിനായി സംഘടന നടത്തിയ പ്രവർത്തനങ്ങളുടെ സമഗ്ര ചരിത്രം അവതരിപ്പിച്ചു.

2015 മുതൽ വിൻസെന്റ് ഇമ്മാനുവേലിന്റെ നേതൃത്വത്തിൽ ഫിലാഡൽഫിയ അന്താരാഷ്ട്ര വിമാനത്താവള അധികൃതരുമായി നിരവധി കൂടിക്കാഴ്ചകൾ സംഘടിപ്പിച്ചതായും ഫിലാഡൽഫിയ സിറ്റി മേയറുടെയും മറ്റ് ഭരണ നേതൃത്വത്തിന്റെയും സഹകരണത്തോടെ ഇന്ത്യയിലെ കേന്ദ്രമന്ത്രിമാർക്കും വിവിധ അന്താരാഷ്ട്ര വിമാനക്കമ്പനികൾക്കും ഔദ്യോഗിക നിവേദനങ്ങൾ സമർപ്പിച്ചതായും സമൂഹത്തിന്റെ യാത്രാ ആവശ്യകതകൾ സംബന്ധിച്ച വിവരശേഖരണം നടത്തി വിമാനത്താവള അധികൃതരുമായി നിരന്തരം ആശയവിനിമയം നടത്തിയതായും റിപ്പോർട്ടിൽ വിശദീകരിച്ചു.

ഫിലാഡൽഫിയ വിമാനത്താവളത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകൾ, സമൂഹത്തിന്റെ ആവശ്യകതകൾ സംബന്ധിച്ച വിശദമായ അവതരണങ്ങൾ, വിമാന സർവീസ് വികസനവുമായി ബന്ധപ്പെട്ട പ്രത്യേക ഉപദേശക സമിതിയിൽ ഇന്ത്യൻ മലയാളി സംഘത്തിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തിയ നടപടി, വിവിധ ജനപ്രതിനിധികളുടെയും ഭരണനേതൃത്വത്തിന്റെയും പിന്തുണ ഉറപ്പാക്കിയത് തുടങ്ങിയ സുപ്രധാന ഇടപെടലുകളും റിപ്പോർട്ടിൽ വിശദമായി അവതരിപ്പിച്ചു.

ഈ പ്രഖ്യാപനത്തിന്റെ പൂർണ്ണമായ അംഗീകാരം ഒരു വ്യക്തിക്കോ സംഘടനയ്ക്കോ മാത്രം അവകാശപ്പെടാനാവില്ലെന്നും ഫിലാഡൽഫിയയിൽ നിന്നുള്ള കേരള വിമാനസർവീസിന്റെ ആവശ്യകത വിവിധ അധികാരകേന്ദ്രങ്ങളിൽ തുടർച്ചയായി ഉന്നയിക്കുകയും സമൂഹത്തിന്റെ ശബ്ദം വിമാനത്താവള അധികൃതരിലേക്കും വിമാനക്കമ്പനികളിലേക്കും നയരൂപീകരണ കേന്ദ്രങ്ങളിലേക്കും എത്തിക്കുന്നതിൽ ഓർമ്മാ ഇന്റർനാഷണൽ സജീവവും ശ്രദ്ധേയവുമായ പങ്കുവഹിച്ചിട്ടുണ്ടെന്നും സംഘടന വ്യക്തമാക്കി.




സമ്മേളനത്തിൽ സംസാരിച്ച വിവിധ സംഘടനാ നേതാക്കൾ ഖത്തർ എയർവേയ്സിന്റെ ഫിലാഡൽഫിയ സർവീസ് പുനരാരംഭിക്കുന്നത് പെൻസിൽവേനിയ, ന്യൂജേഴ്സി, ഡെലവെയർ മേഖലകളിലെ ആയിരക്കണക്കിന് മലയാളി കുടുംബങ്ങൾക്ക് വലിയ അനുഗ്രഹമാണെന്നും ഭാവിയിൽ കേരളത്തിലേക്കും ഇന്ത്യയിലെ മറ്റ് പ്രധാന നഗരങ്ങളിലേക്കും കൂടുതൽ സൗകര്യപ്രദമായ വിമാനബന്ധങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള കൂട്ടായ പ്രവർത്തനങ്ങൾ തുടരുമെന്നും അഭിപ്രായപ്പെട്ടു.

പ്രസ് മീറ്റിൽ ഓർമ്മാ ഇന്റർനാഷണൽ ട്രസ്റ്റി ബോർഡ് ചെയർ ജോസ് ആറ്റുപുറം, പബ്ലിക് അഫയേഴ്സ് ഫോറം ചെയർ വിൻസെന്റ് ഇമ്മാനുവേൽ, ഓർമ്മാ ഇന്റർനാഷണൽ പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ, ടാലന്റ് പ്രൊമോഷൻ ഫോറം ചെയർ ജോസ് തോമസ്, ഫിലാഡൽഫിയ പോലീസ് സർജന്റും ഓർമ്മാ ഫിലാഡൽഫിയ വൈസ് പ്രസിഡണ്ടുമായ ബ്ലെസൺ മാത്യു. ഫോമാ വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ഡബ്ല്യുഎംസി ഫിലാഡൽഫിയ പ്രൊവിൻസ് പ്രസിഡണ്ട് നൈനാൻ മത്തായി, ഡബ്ല്യുഎംസി ഫിലാഡൽഫിയ സെക്രട്ടറി ലൂക്കോസ് മാത്യു, ഡബ്ല്യുഎംസി വൈസ് ചെയർ ജെയിംസ് പീറ്റർ, ഓർമ്മാ ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡണ്ട് ഷൈല രാജൻ, ഡബ്ല്യുഎംസി ഫിലാഡൽഫിയ ചെയർപേഴ്സൺ അജി പണിക്കർ, ഫിലാഡൽഫിയ സിറ്റി കമ്മീഷണർ മാത്യു തരകൻ, പമ്പ പ്രസിഡണ്ട് അലക്സ് തോമസ്, തോമസ് പോൾ, ജോയ് തട്ടാർകുന്നേൽ, സാറ ഐപ്പ്, ലൈല മാത്യു, കോട്ടയം അസോസിയേഷൻ പ്രതിനിധി ജീമോൻ ജോർജ്, ഏഷ്യാനെറ്റ് പ്രതിനിധിയും ഓർമ്മാ വിഷ്വൽ മീഡിയ കോ-ഓർഡിനേറ്ററുമായ അരുൺ കോവാട്ട്, ഓർമ്മാ ട്രഷറർ റോഷൻ പ്ലാമൂട്ടിൽ, ജോ തോമസ്, ഫ്രാൻസിസ് പടയാട്ടി, രാജു പടയാട്ടിൽ, സണ്ണി പടയാട്ടി, ഏറോപാക്സ് ട്രാവൽസിന്റെ ജോർജ് പനയ്ക്കൽ, ജോർജുകുട്ടി അമ്പാട്ട്, ജേക്കബ് കോര, ഓർമ്മാ ഫിലാഡൽഫിയ വൈസ് പ്രസിഡണ്ട് സെബിൻ സെബാസ്റ്റ്യൻ, ജോൺ പണിക്കർ, പോൾ തെക്കുംതല, ഷാജി (മയൂര), ഫിലിപ്പോസ് ചെറിയാൻ, മാനുവൽ തോമസ് എന്നിവർ ഉൾപ്പെടെ വിവിധ മലയാളി സംഘടനകളുടെ നേതാക്കളും പ്രതിനിധികളും പങ്കെടുത്തു.

പ്രമുഖ മലയാളം ടെലിവിഷൻ ചാനലുകളുടെയും ഓൺലൈൻ മാധ്യമങ്ങളുടെയും പത്രമാധ്യമങ്ങളുടെയും പ്രതിനിധികൾ സമ്മേളനം വിശദമായി റിപ്പോർട്ട് ചെയ്തു.

ഓർമ്മാ ഇന്റർനാഷണൽ പിആർഒ മെർളിൻ മേരി അഗസ്റ്റിൻ നന്ദി രേഖപ്പെടുത്തി.

ഫിലാഡൽഫിയ മേഖലയിലെ മലയാളി സമൂഹത്തിന്റെ പൊതുതാല്പര്യ വിഷയങ്ങളിൽ ഭാവിയിലും സജീവമായി ഇടപെടുമെന്നും കേരളത്തിലേക്കും ഇന്ത്യയിലെ മറ്റ് പ്രധാന നഗരങ്ങളിലേക്കും കൂടുതൽ സൗകര്യപ്രദമായ വിമാനബന്ധങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ സംവിധാനങ്ങൾ, വിമാനക്കമ്പനികൾ, വിമാനത്താവള അധികൃതർ, വിവിധ മലയാളി സംഘടനകൾ എന്നിവരുമായി സഹകരിച്ച് പ്രവർത്തനം തുടരുമെന്നും ഓർമ്മാ ഇന്റർനാഷണൽ നേതൃത്വം അറിയിച്ചു.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to

**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

# SEEKING BRIDEGROOM CONTD.....

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

KERALA EXPRESS

# നിര്യാതരായി

## കെ.പി. ജോൺ

**ചെങ്ങന്നൂർ:** കരിങ്ങാട്ടിൽ സ്റ്റോഴ്സ്, കരിങ്ങാട്ടിൽ ട്രാവൽസ് എന്നിവയുടെ ഉടമ പേരിശ്ശേരി കരിങ്ങാട്ടിൽ കെ.പി. ജോൺ (ജോണി–80) അന്തരിച്ചു. ഭാര്യ മൂവാറ്റുപുഴ കടുവാക്കുഴി മോളി ജോൺ. മക്കൾ: എലിസബത്ത് ജോൺ (യുഎസ്), ജോബി ജോൺ (കണ്ണൂർ), ജോൺസൺ കെ. ജോൺ. മരുമക്കൾ: എബി കുരുവിള (യുഎസ്), സുശീൽ ആറോൺ (കണ്ണൂർ), ജാസ്മിൻ.

**പാലാ:** കെഎസ്ആർടിസി റിട്ട. വെഹിക്കിൾ സൂപ്പർവൈസർ പള്ളിത്താഴത്ത് പി.കെ. ജോർജ് (വർക്കിച്ചൻ–89) അന്തരിച്ചു.

**മൂവാറ്റുപുഴ:** കീഴില്ലം മണ്ണൂരികൊച്ചിയിൽ പന്നിക്കണ്ടത്തിൽ ജോൺ മാത്യു (75) അന്തരിച്ചു.

**കിടങ്ങൂർ സൗത്ത്:** ഡൽഹി സാകേത് സെന്റ് മേരീസ് പബ്ലിക് സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപകൻ കടമുറിയിൽ കെ.സി. ജെയിംസ് (62) അന്തരിച്ചു.

**പൂവരണി:** കുളിരുപ്ലാക്കൽ ഏലിക്കുട്ടി ചാക്കോ (99) അന്തരിച്ചു.

**ഇരിങ്ങാലക്കുട:** ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ റിട്ട. ഡോക്ടർ ശങ്കൂരിക്കൽ പോൾ (86) അന്തരിച്ചു.

## തങ്കമ്മ പണിക്കർ

**തുരുത്തി:** പുളിന്താനം തങ്കമ്മ പണിക്കർ (86) അന്തരിച്ചു. പാദുവ പാറപ്പുറത്ത് കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ കരുണാകരപ്പണിക്കർ. മകൻ: സജി പണിക്കർ. മരുമകൾ: ദിവ്യ (ഇരുവരും യുഎസ്).

**പാലാരിവട്ടം:** തേക്കാനത്ത് മണ്ണൂക്കാരൻ പരേതനായ എം.എൽ. ഫ്രാൻസിസിന്റെ ഭാര്യ എൽസി ഫ്രാൻസിസ് (94) അന്തരിച്ചു.

**കടുത്തുരുത്തി:** വാലാച്ചിറ പുതുക്കരി ക്ലാരമ്മ (88) അന്തരിച്ചു.

**ചാത്തൻതറ:** കുരുമ്പൻമൂഴി മാളിയേക്കൽ ഏലിയാമ്മ (തങ്കമ്മ–91) അന്തരിച്ചു.

**ചിങ്ങവനം:** കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ കുറിശിമശേരിയിൽ എം.സി. തോമസ് (സണ്ണി–79) അന്തരിച്ചു.

**കടനാട്:** സിആർപിഎഫ് റിട്ട. സീനിയർ ഫാർമസിസ്റ്റ് ചക്കാലക്കൽ ലീലാമ്മ സെബാസ്റ്റ്യൻ (62) അന്തരിച്ചു.

**കുറിച്ചിത്താനം:** ദൈവവചന സഭാംഗവും മുൻ പ്രൊവിൻഷ്യലുമായ ഫാ. അഗസ്റ്റിൻ കാരമേൽ (93) മധുര വാഡിപ്പെട്ടിയിൽ അന്തരിച്ചു.

**ചങ്ങനാശേരി:** മിഷനറീസ് ഓഫ് ലിറ്റിൽ ഫ്ളവർ സമൂഹാംഗമായ സിസ്റ്റർ മേരി ഷാന്താൾ (ഫിലോമിന–83) അന്തരിച്ചു.

**എലിവാലി:** മൂക്കൻതോട്ടത്തിൽ ജോണി മൈക്കിളിന്റെയും ലൈസയുടെയും മകൾ അഞ്ജു (23) അന്തരിച്ചു.

## പെണ്ണമ്മ വർഗീസ്

**പായിപ്പാട്:** കിടങ്ങന്നൂർ മോടിപറമ്പിൽ പെണ്ണമ്മ വർഗീസ് (85) അന്തരിച്ചു. കടനാട് കല്ലുതുണ്ടിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പാസ്റ്റർ കെ.സി. വർഗീസ്. മക്കൾ: എം.വി. അലക്സാണ്ടർ, പാസ്റ്റർ എം.വി. സൈമൺ (ദുബായ്), പാസ്റ്റർ സാം വർഗീസ് (യുകെ), പാസ്റ്റർ തോമസ് വർഗീസ്, മേഴ്സി മനോജ്, ഷൈനി തോമസ് (യുഎസ്). മരുമക്കൾ: ഡെയ്സി, സെലിൻ (ദുബായ്), ലിസി (യുകെ), മോളി, പാസ്റ്റർ മനോജ് മാത്യു, പാസ്റ്റർ തോമസ് തരകൻ (യുഎസ്).

**കൊല്ലം:** ലോകസഞ്ചാരിയും സഞ്ചാര സാഹിത്യകാരനും റേഡിയോ അവതാരകനും ചിന്നക്കട ഹൗസ് ഓഫ് മ്യൂസിക് സ്ഥാപക ഉടമയുമായ അഞ്ചുകല്ലുംമൂട് അക്ഷരം വീട്ടിൽ എ.ക്യൂ മഹ്ദി (82) അന്തരിച്ചു.

## ബിബി ചെറിയാൻ

**തിരുവല്ല:** പരുത്തിക്കാട്ടിൽ ബിബി ചെറിയാൻ (53) ന്യൂയോർക്കിൽ അന്തരിച്ചു. കോട്ടയം മാങ്ങാനം ചെറിയമഠംപാലായിൽ പരേതനായ ജോൺ ചെറിയാന്റെ മകളാണ്. ഭർത്താവ് വിനു ചാക്കോ. മകൻ ആൻഡ്രൂ നോയൽ ചാക്കോ.

**കവിയൂർ:** മാവേലിൽ പരേതനായ സി.പി. തമ്പിക്കുട്ടിയുടെ ഭാര്യ അന്നമ്മ തമ്പി (85) അന്തരിച്ചു.

**ചെങ്ങളം:** ചങ്ങംകേരിൽ റോസമ്മ ജോസഫ് (71) അന്തരിച്ചു.

**കൊഴുവനാൽ:** വാവലുമാക്കൽ റോസമ്മ മാത്യു (61) അന്തരിച്ചു.

**വാകത്താനം:** നാലുന്നാക്കൽ വടക്കേമുക്കട സി.എം. തോമസിന്റെ മകൻ തോമസ് മത്തായി (ബിജു–50) അന്തരിച്ചു.

**വെമ്പള്ളി:** ആരംപള്ളിൽ തങ്കമ്മ ജോർജ് (82) അന്തരിച്ചു.

**അഞ്ചൂറ്റിമംഗലം:** ചവരനാപൊത്തിയിൽ (തോട്ടുവളപ്പിൽ) ചിന്നമ്മ സെബാസ്റ്റ്യൻ (74) അന്തരിച്ചു.

**കുറവിലങ്ങാട്:** കളപ്പുരയ്ക്കൽ അന്നമ്മ സെബാസ്റ്റ്യൻ (89) അന്തരിച്ചു.

**തിടനാട്:** മാടമലപുന്നക്കുഴിയിൽ പി.ജെ. തോമസ് (കൊച്ച്–83) അന്തരിച്ചു.

**കോട്ടയം:** കുന്നുംപുറത്ത് കെ.എം. വർഗീസ് (ബേബി–79) അന്തരിച്ചു.

**മറ്റത്തിപ്പാറ:** മലേപ്പറമ്പിൽ അന്നമ്മ (ചിന്നമ്മ–93) അന്തരിച്ചു.

മുതലക്കോടം: റിട്ട. ഡിഇഒ പൊട്ടംപ്ലാക്കൽ പി.ടി. പോൾ (94) അന്തരിച്ചു.

**മീനടം:** മഞ്ഞാടി വയലി കൊല്ലാട്ട് സി.എ. ഏലിയാമ്മ (മോളമ്മ–67) അന്തരിച്ചു.

**കളത്തിൽപടി:** തോണിക്കടവിൽ കുന്നേൽ മേരി തോമസ് (80) അന്തരിച്ചു.

## പി.എം. രാജൻ

**ആലപ്പുഴ:** മാവേലിക്കര റിട്ട. ഡിഇഒ മുട്ടംപള്ളിയാമ്പിൽ പി.എം. രാജൻ (89) അന്തരിച്ചു. ഭാര്യ പരേതയായ മണിയമ്മ (റിട്ട. അദ്ധ്യാപിക). മക്കൾ: ടി.ആർ രാജേഷ് (യുഎസ്), ഡോ. ടി. ആർ. രാജീവ്, ടി.ആർ. രാജശ്രീ (തിരുവാർപ്പ് പഞ്ചായത്ത് സെക്രട്ടറി). മരുമക്കൾ: സോബി രാജേഷ് (യുഎസ്), ഡോ. സദാശിവൻ.

**മാമ്മൂട്:** ജില്ലാ കോടതി റിട്ട. സീനിയർ സൂപ്രണ്ട് മണിവിലാസം ആർ. രാധാകൃഷ്ണൻ (71) അന്തരിച്ചു.

**നാലുമുക്ക്:** ഇരട്ടയാർ പഞ്ചായത്ത് മുൻ അംഗം നെല്ലിപ്പാറ കൊച്ചുപറമ്പിൽ സിബി തോമസ് (58) അന്തരിച്ചു.

**കാഞ്ഞിരത്താനം:** കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ് റിട്ട. ഉദ്യോഗസ്ഥ അറയ്ക്കപ്പറമ്പിൽ ലീലാമ്മ സ്കറിയ (84) അന്തരിച്ചു.

**ഉടുമ്പന്നൂർ:** കെഎസ്ആർടിസി റിട്ട. ഡ്രൈവർ വേലുക്കാവിൽ രാജപ്പൻ നായർ (88) അന്തരിച്ചു.

**രാമങ്കരി:** ചേന്നാട്ടുശ്ശേരി കോലത്തുപള്ളിക്കളം സി.ജെ. തോമസ് (തോമ്മാച്ചൻ–81) അന്തരിച്ചു.

**വെച്ചൂച്ചിറ:** മണ്ണടിശ്ശാല എക്സ് സർവീസ്മെൻസ് കോളനി ബ്ലോക്ക് നമ്പർ 72–ൽ മംഗലത്ത് സുകുമാരൻ നായർ (ഉത്തമൻ–65) അന്തരിച്ചു.

**വാഴക്കാല:** ചെമ്പുമുക്ക് കെ.കെ. റോഡിൽ മാത്യു ഫിലിപ്പ് പനച്ചിപ്പുറം (78) അന്തരിച്ചു.

**കൊച്ചി:** ഐഡിബിഐ മുൻ ജനറൽ മാനേജരും കെയർ റേറ്റിങ് സ്ഥാപക മാനേജിങ് ഡയറക്ടറുമായ ചെങ്ങന്നൂർ ഓതറ പതക്കാട്ടിൽ പി.എം. തോമസ് (88) അന്തരിച്ചു.

**വെള്ളൂർ:** വി.എസ്.എസ്.സി റിട്ട. പ്രൊജക്ട് അസി. ഇഞ്ചക്കാട്ട് അന്നമ്മ വർഗീസ് (81) അന്തരിച്ചു.

**തിരുവല്ല:** എം.ജി.ഡി.എച്ച്എസ് റിട്ട. പ്രധാനാദ്ധ്യാപിക കാവുംഭാഗം പൗവ്വത്തിലാത്ത് വാക്കയിൽ പുതുശേരി മറിയാമ്മ സാമുവൽ (മോളി–85) അന്തരിച്ചു.

**തൊടുപുഴ:** മൈലക്കൊമ്പ് തടത്തിൽ പുത്തൻപുരയിൽ മറിയക്കുട്ടി വർഗീസ് (91) അന്തരിച്ചു.

**പള്ളിപ്പുറം:** കേളമംഗലം പാലയ്ക്കൽ പാറശേരിൽ ജോൺ വില്ലയിൽ ത്രേസ്യാമ്മ ജോൺ (പെണ്ണമ്മ–89) അന്തരിച്ചു.

**മുളക്കുളം:** ബനാറസ് മെഡിക്കൽ മിഷൻ സർജനായിരുന്ന മൂസേടത്ത് മുറംതൂക്കിൽ ഡീക്കൻ ഡോ. രാജൻ (85) അന്തരിച്ചു.

**ആറാട്ടുപുഴ:** താഴത്തേത് കൊളഞ്ഞി കൊമ്പിൽ കെ.സി. ചാക്കോ (പാപ്പച്ചൻ–93) അന്തരിച്ചു.

## ജോൺ ഡാനിയൽ

**ചോറ്റാനിക്കര:** ഒമാൻ എയർ റിട്ട. ഉദ്യോഗസ്ഥൻ കുരിക്കാട് യൂണിടെക് സനം വില്ലയിൽപടി കിഴക്കേതിൽ ജോൺ ഡാനിയൽ (മോനച്ചൻ–70) അന്തരിച്ചു. ഭാര്യ തിരുവല്ല പാടിയിൽ ലാജി. മക്കൾ: നീത (യുഎസ്), നമിത. മരുമക്കൾ: നെബു (യുഎസ്), സുജിത്.

**ഇടപ്പാടി:** പ്രഭുദാസി സിസ്റ്റേഴ്സ് ഓഫ് അജ്മീർ കോൺഗ്രിഗേഷൻ ഉദയ്പൂർ പ്രോവിൻസിന്റെ മുൻ പ്രൊവിൻഷ്യൽ സുപ്പീരിയറും ഉദയ് സെ. തെരേസാസ് കോൺവന്റ് അംഗവുമായ സിസ്റ്റർ അനീറ്റ തുരുത്തിക്കാട്ട് (83) അന്തരിച്ചു.

## ജോൺ മത്തായി



**പെണ്ണുക്കര:** കോടുകുളഞ്ഞി മയ്യൂത്തറ മലയിൽ ജോൺ മത്തായി (ജോണിക്കുട്ടി–63) യുഎസിൽ അന്തരിച്ചു. ഭാര്യ കന്നുവീട്ടിൽ ആനി ജോൺ. മകൻ: ജോവൽ ജോൺ. മരുമകൾ ആൻ (ഇരുവരും യുഎസ്).

**വാഴൂർ ഈസ്റ്റ്:** പ്ലാത്തോട്ടത്തിൽ ജോയി ജോർജ് (ജോസ്–76) അന്തരിച്ചു.

**അമനകര:** മേലേട്ട് എം.എ. ആഗസ്തി (ബേബി–78) അന്തരിച്ചു.

**പള്ളം:** കുമരകം കല്ലുകളത്തിൽ കെ.എ. തോമസ് (തോമാച്ചൻ–73) അന്തരിച്ചു.

**തിരുവനന്തപുരം:** കോർഡിയൽ ഹോംസ് ചെയർമാനും മാനേജിങ് ഡയറക്ടറും ഹോട്ടൽ കോർഡിയൽ സോപാനം മാനേജിങ് പാർട്ണറുമായ എൻ ധനഞ്ജയൻ ഉണ്ണിത്താൻ (70) അന്തരിച്ചു.

**കോടിക്കുളം:** ഓലിക്കൽ മറിയം തോമസ് (97) അന്തരിച്ചു.

**പൂഞ്ഞാർ:** വളതൂക്ക് വെട്ടിക്കുഴിയിൽ മാത്യു മത്തായി (പാപ്പച്ചൻ–83) അന്തരിച്ചു.

**കോടഞ്ചേരി:** താമരശ്ശേരി സെന്റ് ഫ്രാൻസിസ് പ്രോവിൻസ് ഈരൂട് അൽഫോൻസാ കോൺവന്റ് അംഗമായിരുന്ന സിസ്റ്റർ ലൂയിസ് ലാറ്റോ (87) അന്തരിച്ചു.

**മൈലപ്ര:** പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ഇംഗ്ലീഷ് വിഭാഗം മുൻ മേധാവി പതാലിൽ പ്രഫ. ജോസഫ് സഖറിയ (74) അന്തരിച്ചു.

**ചമ്പക്കര:** കളരിക്കൽപറമ്പിൽ (തകടിയേൽ) അന്നമ്മ ജോൺ (87) അന്തരിച്ചു.

## എം.ഡി. ജോസഫ്

**മഞ്ഞാമറ്റം:** മഞ്ഞാമറ്റത്തിൽ എം.ഡി. ജോസഫ് (84) അന്തരിച്ചു. ഭാര്യ കാരിത്താസ് കുറിച്ചിയാനിയിൽ കുഞ്ഞമ്മ ജോസഫ്. മക്കൾ: ജോബിൻ (ഖത്തർ), ജിബിൻ (യുഎസ്), റോണിയ (ഇറ്റലി). മരുമക്കൾ: ലിജി പത്തിൽ (കണ്ടങ്കരി), റാണി പുല്ലൻ (കോതമംഗലം), ബിനു കിഴക്കേത്തടത്തിൽ (ഇരിങ്ങാലക്കുട).

**കപ്പാട്:** കിടങ്ങൂർ എൻജിനീയറിങ് കോളജ് ജീവനക്കാരൻ മുണ്ടാട്ടുചുണ്ടയിൽ (ചീരാംകുഴിയിൽ) ബിനു സക്കറിയ (57) അന്തരിച്ചു.

**കൊച്ചി:** സീനിയർ ജേണലിസ്റ്റ് ഫോറം സ്ഥാപകനേതാക്കളിൽ ഒരാളും ദീർഘകാലം എറണാകുളം പ്രസ്ക്ലബ് നിർവാഹകസമിതി അംഗവുമായിരുന്ന ചോറ്റാനിക്കര ഇങ്കിരി റോഡ് കാര്യപറമ്പിൽ കെ.പി. തിരുമേനി (79) അന്തരിച്ചു.

**പാലാ:** സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ മുൻ റീജണൽ മാനേജർ കല്ലറയ്ക്കൽ കെ.എം. ജോസഫ് (പാപ്പച്ചൻ–86) അന്തരിച്ചു.

**അടിവാരം:** പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് മുൻ വൈസ് പ്രസിഡണ്ട് അമ്പഴത്തുങ്കൽ മേരി ജോർജ് (69) അന്തരിച്ചു.

## വൈ. ജോസഫ്

**മാമ്മൂട്:** വിമുക്തഭടൻ ഇടനാട് വൈ. ജോസഫ് (ചമ്പക്കുളം ജോസുകുട്ടി–72) അന്തരിച്ചു. ഭാര്യ മാമ്മൂട് കൊല്ലപ്പള്ളി ടെസി ജോസഫ്. മക്കൾ: സ്മിത, സൗമ്യ, ക്രിസ്റ്റി (യുഎസ്). മരുമക്കൾ: ജോസഫ് തോമസ് ചിലമ്പിൽ (പൈക), ജോബി തോമസ് നെല്ലിപ്പള്ളി (ചങ്ങനാശേരി), ആന്റണി ജോർജ് പള്ളിപ്പറമ്പിൽ (ആലപ്പുഴ).

**കുമാരനല്ലൂർ:** ജ്യോതിശാസ്ത്ര പണ്ഡിതനും പ്രഭാഷകനുമായ കുമാരനല്ലൂർ ദേവീക്ഷേത്രം സൗത്ത് ഗേറ്റിനു സമീപം ശ്രീവിജയവീട്ടിൽ ഡി. ശ്രീധരൻ (82) അന്തരിച്ചു.

**ആലപ്പുഴ:** ജില്ലാകോടതി വാർഡ് മാടയിൽ എം.സി. ചാക്കോ (ജോർജുകുട്ടി–70) അന്തരിച്ചു.

**നെടുകുന്നം:** കറുകച്ചാൽ ജെസി ബേക്കറി ഉടമ പെരുമ്പ്രാൽ പി.ആർ. വർഗീസ് (ജെയിംസ്കുട്ടി–73) അന്തരിച്ചു.

**തെക്കേത്തുകവല:** പടനിലം അയ്യനോലിൽ തകടിക്കൽ ശാരദാമ്മ (98) അന്തരിച്ചു.

**ആറാട്ടുപുഴ:** എച്ച്.എസ്. റിട്ട. അദ്ധ്യാപിക (മട്ടയ്ക്കൽ) പ്ലാവിലക്കണ്ടത്തിൽ ഐക്കരേത്ത് മേരി ഈപ്പൻ (മേരി ആന്റണി–80) അന്തരിച്ചു.

**അരീപ്പറമ്പ്:** തേമ്പള്ളിൽ കുടുംബാംഗമായ താന്നിക്കമറ്റത്തിൽ ഷീലാ തോമസ് (86) അന്തരിച്ചു.

**പരുമല:** കൊട്ടാപ്പള്ളിൽ തങ്കമ്മ മാത്യു (93) അന്തരിച്ചു.

## സൂസമ്മ ബിബി ഏബ്രഹാം

**നെടുങ്ങാടപ്പള്ളി:** കയ്യാലാത്ത് കരുന്നപ്പുഴ സൂസമ്മ ബിബി ഏബ്രഹാം (75) അന്തരിച്ചു. ചെന്നിത്തലകോട്ടപ്പുറത്ത് കുടുംബാംഗമാണ്. ഭർത്താവ്: കെ.എ. ഏബ്രഹാം. മക്കൾ: എബി ഏബ്രഹാം (ദോഹ), ഡോ. ചെറിയാൻ ഏബ്രഹാം (യുഎസ്). മരുമകൾ: എയ്ഞ്ചല ഉമ്മൻ വേങ്ങൽ (യുഎസ്).

**കരിമണ്ണൂർ:** വടക്കേക്കര പരേതനായ വി.ടി. ജോസഫിന്റെയും (റിട്ട. അദ്ധ്യാപകൻ) സെലിൻ ജോർജിന്റെയും (റിട്ട. അദ്ധ്യാപിക കരിമണ്ണൂർ സ്കൂൾ) മകൻ ജോബിൻ ജോസ് (42) ഓസ്ട്രേലിയയിൽ അന്തരിച്ചു.

## സി.ഡി. ദേവസ്യ

**കുറവിലങ്ങാട്:** പകലോമറ്റം ചെല്ലിക്കുന്നേൽ സി.ഡി. ദേവസ്യ (65) അന്തരിച്ചു. ഭാര്യ മല്ലപ്പള്ളി മുറിഞ്ഞകല്ലിൽ ഉഷ (യുഎസ്). മക്കൾ: ഡെയോണ, ഡെവിൻ (യുഎസ്).

**മാവേലിക്കര:** മാവേലിക്കര ബിഷപ്പ് ഹോഡ്ജസ് എച്ച്എസ്എസ് റിട്ട. അദ്ധ്യാപിക ഉമ്പർനാട്ട് വഞ്ചിത്തറ ടി. അമ്മിണിക്കുട്ടി (79) അന്തരിച്ചു.

**ഇലഞ്ഞി:** പാറക്കണ്ടത്തിൽ പി.ജെ. ജോസഫ് (അപ്പച്ചൻ–84) അന്തരിച്ചു.

**തിരുവല്ല:** വാരിക്കാട് പള്ളിക്കിഴക്കേതിൽ പരേതരായ ഡേവിഡ് തോമസിന്റെയും മേരിയുടെയും മകൻ വിൽസൺ ഡേവിഡ് (51) അന്തരിച്ചു.

**പാലാ:** പൈക ആരാധനമഠാംഗമായ സിസ്റ്റർ മർഗരീത്ത കപ്പലുമാക്കൽ (89) അന്തരിച്ചു.

**ചങ്ങനാശേരി:** വെരൂർ മുളകുപ്പാടത്ത് പരേതനായ തോമസ് തോമസിന്റെ ഭാര്യ ത്രേസ്യാമ്മ (പെണ്ണമ്മ–100) അന്തരിച്ചു.

**തിരുവഞ്ചൂർ:** കെഎസ്ആർടിസി റിട്ട. ഇൻസ്പെക്ടർ ചോറാറ്റിൽ കരോട്ട് (മാലിയിൽ) സി.എം. തോമസ് (കുഞ്ഞുമോൻ–80) അന്തരിച്ചു.

**പുതുപ്പള്ളി:** മള്ളിയിൽ എം.ഐ. ഏബ്രഹാം (കൊച്ച്–83) അന്തരിച്ചു.

**കുറിച്ചി:** താഴത്തേതിൽ ഏലിയാമ്മ മാത്യു (84) അന്തരിച്ചു.

**തോട്ടക്കാട്:** നെല്ലിക്കുഴി വയലാറ്റുപറമ്പിൽ പി.സി. മറിയാമ്മ (അമ്മിണി–80) അന്തരിച്ചു.

**പുതുപ്പള്ളി:** കുട്ടിക്കൽ പാലാക്കുന്നേൽ പി.സി. ജോസഫ് (അച്ചൻ–78) അന്തരിച്ചു.

**ചേർപ്പുങ്കൽ:** പാളയം നീലിപ്ലാക്കൽ തോമസ് ലൂയിസ് (ഉമ്മച്ചൻ–83) അന്തരിച്ചു.

**വണ്ണപ്പുറം:** പുളിക്കിയിൽ ഏലിയാമ്മ മാത്യു (92) അന്തരിച്ചു.

**കുറവിലങ്ങാട്:** കുന്നത്ത് ഏലമ്മ (84) അന്തരിച്ചു.

**കഞ്ഞ:** ദേവഗിരി നാഗവേലിൽ മേഴ്സി ഏലിയാസ് (70) അന്തരിച്ചു.

# PRIME KERALA INVESTMENT OPPORTUNITY FOR NRIs

## 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

## Favors Received



*Inserted by: Firm Believer, Boston*

## Favors Received



*Inserted by: Firm Believer, Boston*

# LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**

**Phone/Text: (847) 477-1202**

**Email: gisham26@gmail.com**

# വീടും സ്ഥലവും വില്പനയ്ക്ക്

തിരുവനന്തപുരം പട്ടം എൽഐസി ഓഫീസിന് സമീപം ലക്ഷ്മി നഗറിൽ അഞ്ചു സെന്റ് സ്ഥലത്ത് 2600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉള്ള എല്ലാവിധ സൗകര്യമുള്ള രണ്ടുനില വീട്, നാല് ബെഡ്റൂം, നാല് ബാത്ത്റൂം, ലിവിങ് റൂം, കിച്ചൻ ഡൈനിങ് റൂം, എന്റർടൈൻമെന്റ് റൂം, ബാൽക്കണി, 2 കാറിടത്തക്ക രീതിയിലുള്ള ഗ്യാരേജ്, 3 മുറികൾ എയർ കണ്ടീഷൻ ചെയ്ത വീടാണ്. അലൂമിനിയം ഷീറ്റ് റൂഫിലുണ്ട് ഫർണിച്ചർ സഹിതം ആണ് വിൽക്കുന്നത്. ആവശ്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**Mob: 91 999 544 8337**

## Favors Received



*Inserted by: Firm Believer, Atlanta*

## Favors Received



*Inserted by: Firm Believer, Atlanta*

Visit Our Website: www.keralaexpress.com for Classified Advt.




# ‘ഉന്മാദ’ത്തിലൂടെ ശക്തമായ കഥാപാത്രം അവതരിപ്പിച്ച ലിജോമോളുടെ സിനിമാ ലൊക്കേഷനിലെ വിശേഷങ്ങൾ



**മി**കച്ച അഭിനേത്രിയെന്നു പേരെടുത്ത ലിജോമോൾ ഇപ്പോൾ മലയാളത്തിൽ സജീവമാണ്. സമീപകാലത്ത് കരുത്തുറ്റ ഒട്ടേറെ കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ ലിജോമോൾക്ക് കഴിഞ്ഞു. ‘പൊന്മാനി’ലെ സ്റ്റെഫി, ‘നടന്ന സംഭവ’ത്തിലെ ധന്യ, ‘സംശയ’ത്തിലെ വിമല തുടങ്ങി ഒട്ടേറെ കഥാപാത്രങ്ങൾ ലിജോമോളുടെ മികവ് പ്രകടമാക്കുന്നു. ലിജോമോളുടെ മറ്റൊരു ശക്തമായ കഥാപാത്രമാണ് ‘ഉന്മാദ’ത്തിലെ സൗമ്യ. ഒരു പോലീസ് സ്റ്റേഷനിലെ അന്ധവിശ്വാസത്തെയും നിഗൂഢമായൊരു ഫയലിനെയും ചുറ്റിപ്പറ്റിയൊരുക്കുന്ന ക്രൈം ത്രില്ലർ ചിത്രമാണ് ഉന്മാദം. ഷാഹി കബീർ തിരക്കഥയെഴുതിയ ചിത്രം ഉടൻ പ്രദർശനത്തിനെത്തും. കുഞ്ചാക്കോ ബോബനും ലിജോമോളും പ്രധാന കഥാപാത്രങ്ങളാവുന്നു. ഇരുവരുമൊന്നിക്കുന്ന ആദ്യചിത്രമാണിത്. കിരൺ ദാസാണ് സംവിധായകൻ. പനോരമ സ്റ്റുഡിയോസിന്റെ മലയാളത്തിലെ മൂന്നാമത്തെ നിർമാണ സംരംഭമാണിത്. വ്യത്യസ്തമായൊരു പോലീസ് കഥയാണിതെന്നും സിനിമ കണ്ടിറങ്ങുമ്പോൾ നല്ല സിനിമ കണ്ടതിന്റെ സംതൃപ്തിയുറപ്പാണെന്നും ലിജോമോൾ പറയുന്നു. ലിജോമോൾ വിശേഷങ്ങൾ പങ്കുവെക്കുന്നു.

ഉന്മാദത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഷാഹിക്കയുടെ ഇതുവരെ വന്നിട്ടുള്ള പോലീസ് കഥകളിൽനിന്നെല്ലാം തികച്ചും വിഭിന്നമാണ് ഉന്മാദം. ത്രില്ലർ ജോണറിലാണ് ചിത്രമൊരുക്കിയിരിക്കുന്നത്. ചാക്കോച്ചന്റെ ഭാര്യയായ സൗമ്യയെന്ന കഥാപാത്രത്തെയാണ് ഞാൻ അവതരിപ്പിക്കുന്നത്. കുടുംബത്തിൽ ഇത്തിരി ഡോമിനന്റ് ആയി നിൽക്കുന്നയാളാണ് ഭാര്യ. ഷാഹിക്കയ്ക്ക് എങ്ങനെയാണ് ഇത്രയും വ്യത്യസ്തമായ പോലീസ് കഥകൾ കൊണ്ടുവരാൻ പറ്റുന്നതെന്നാണ് ഞാനാദ്യം ചിന്തിച്ചത്. പോലീസ് ഡിപ്പാർട്ട്മെന്റിൽ ജോലിചെയ്ത ആളാണ് അദ്ദേഹം. ഓരോ കഥയും അതിലെ കഥാപാത്രങ്ങളും വ്യത്യസ്തമാവണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ട്. അദ്ദേഹത്തിന്റെ ഓഫീസർ ഓൺ ഡ്യൂട്ടി എന്ന പോലീസ് ചിത്രത്തിൽ ചാക്കോച്ചൻ അഭിനയിച്ചിട്ടുണ്ട്. അതിൽ നിന്ന് വളരെ വ്യത്യസ്തമായ കഥാപാത്രമാണ് ഇപ്പോഴത്തേത്.

ഈ സിനിമയിലേക്ക് ആകർഷിച്ച മറ്റുകാര്യങ്ങളെന്തെന്നാൽ കഥ ഷാഹി കബീർ എന്ന എഴുത്തുകാരൻ, കിരൺ ദാസ് എന്ന സംവിധായകൻ, ചാക്കോച്ചൻ, പനോരമ സ്റ്റുഡിയോസ്, എഡിറ്ററായി എല്ലാവർക്കും സുപരിചിതനായിട്ടുള്ള ആളാണ് കിരൺ ദാസ്. മൊത്തത്തിൽ നോക്കുമ്പോൾ നല്ലൊരു ടീമാണ്. അഭിനേതാവെന്ന നിലയിൽ എനിക്കുമൊരു വിസിബിലിറ്റി കിട്ടുന്ന ചിത്രം.

ഇതിലെ കഥാപാത്രം ഒരു വെല്ലുവിളിയായിരുന്നോ എന്നു ചോദിച്ചാൽ അങ്ങനെയില്ല. പിന്നെ ഏതു സിനിമയായാലും ആദ്യത്തെ കുറച്ചുദിവസം സെറ്റിൽ എനിക്ക് ടെൻഷനാണ്. സെറ്റും വർക്കും പാറ്റേണും ആളുകളും മാറിക്കൊണ്ടിരിക്കുമെന്നതാണ് സിനിമയുടെ രീതി. ആദ്യത്തെ ഒരാഴ്ച എനിക്കെപ്പോഴും ബുദ്ധിമുട്ടാണ്, ടീമുമായി പൊരുത്തപ്പെടാനെടുക്കുന്ന സമയമേ വെല്ലുവിളിയായിട്ടുള്ളൂ.

എത്ര ബുദ്ധിമുട്ടായാലും ചില സാഹചര്യങ്ങളിൽ കുറച്ചുകൂടെ മൃദുവായും ദയയോടെയും ആളുകളോട് പെരുമാറണമെന്നൊരു തിരിച്ചറിവ് വന്നിട്ടുണ്ട് എന്നതാണ് ഈ സിനിമ നൽകിയ പാഠം. സൗമ്യയെന്ന കഥാപാത്രം എനിക്കൊപ്പമുണ്ടോയെന്ന് ചോദിച്ചാൽ ഇല്ല.

കുഞ്ചാക്കോ ബോബനടക്കമുള്ള സഹതാരങ്ങൾക്കൊപ്പമുള്ള അനുഭവം പറഞ്ഞാൽ ആദ്യമായി ഒപ്പം അഭിനയിക്കുകയാണെന്ന അപരിചിതത്വവും ടെൻഷനുമൊന്നും ചാക്കോച്ചന്റെ കൂടെയുണ്ടായിരുന്നില്ല. വളരെ സൗഹൃദത്തിലാണ് പെരുമാറിയത്. സെറ്റിലെ എല്ലാവരുമായും സൗഹൃദം കാട്ടുന്ന പ്രകൃതമാണ് അദ്ദേഹത്തിന്. നമ്മളെല്ലാവരും ചാക്കോച്ചനെ കണ്ടുവളർന്നവരാണ്, കാഴ്ചയിലാണെങ്കിലും ഊർജത്തിലായാലും ചാക്കോച്ചന് വലിയ മാറ്റമൊന്നും വന്നിട്ടില്ല.

കിരൺ ദാസിനെക്കുറിച്ചു ചോദിച്ചാൽ വളരെ ക്ലാരിറ്റിയുള്ള സംവിധായകൻ. എഡിറ്റിങ്ങിൽ വർഷങ്ങളുടെ പരിചയമുള്ളതുകൊണ്ട് ഒരു സീൻ പ്ലാൻ ചെയ്യുമ്പോൾത്തന്നെ അതിൽ എത്ര ഷോട്ടുകൾ വേണമെന്നതിലടക്കം കൃത്യതയുണ്ടായിരുന്നു. സീനെടുക്കുമ്പോൾ എങ്ങനെ വരുമെന്ന് നന്നായി അറിയാവുന്നതുകൊണ്ട് അഭിനേതാക്കൾക്കും എളുപ്പമാണ്.

അഭിനയപ്രാധാന്യമുള്ള കഥാപാത്രങ്ങളിലേക്കെത്താൻ കഴിയുന്നത് കഥയും കഥാപാത്രങ്ങളും എങ്ങനെയെന്ന് ശ്രദ്ധിച്ച് ഉറപ്പുവരുത്തിയിട്ടേ ഞാൻ തെരഞ്ഞെടുക്കാറുള്ളൂ. എന്തെങ്കിലും ചെയ്യാൻ കഴിയണം. ബാക്കിയെല്ലാം രണ്ടാമതേ വരുന്നുള്ളൂ. ഇമോഷണൽ വെയ്റ്റേജുള്ള കഥാപാത്രങ്ങളാണ് എന്റെയടുത്തേക്ക് എത്താറുള്ളതെന്ന് എനിക്കു തോന്നുന്നു. അതിലൊരു മാറ്റം ഉണ്ടായിക്കാണണമെന്ന് ആഗ്രഹമുണ്ട്. പലപ്പോഴും ഞാനത് പറഞ്ഞിട്ടുമുണ്ട്. നല്ല ചിരിക്കുന്ന, സന്തോഷമുള്ള, ടെൻഷനൊന്നുമില്ലാതെ ചെയ്യാനും ആളുകൾക്ക് നന്നായി ആസ്വദിക്കാനും പറ്റുന്ന സിനിമയുടെ ഭാഗമാകണം, അങ്ങനെയുള്ള ഒരു കാരക്ടർ വന്നെങ്കിലെന്ന് ആഗ്രഹിക്കുന്നു.

ക്യാമറയ്ക്കപ്പുറം സ്വകാര്യജീവിതവും സ്വന്തമായ ഇടവും ആഗ്രഹിക്കുന്നൊരാളാണ് ഞാൻ. അധികമൊന്നും സംസാരിക്കാനിഷ്ടപ്പെടാത്ത, എന്റേതായൊരു ഇടത്തിൽ ഒതുങ്ങിക്കൂടാൻ താത്പര്യപ്പെടുന്നയാൾ, ലൗഡ് ആയി ജീവിക്കാൻ ആഗ്രഹമേയില്ല. എന്റെ സുഹൃത്തുക്കൾക്കും അതൊക്കെത്തന്നെയേ എന്നെപ്പറ്റി പറയാനുണ്ടാവൂ എന്നാണ് വിശ്വാസം.

എന്നെപ്പറ്റി ആളുകൾക്കുണ്ടാവാനിടയുള്ള തെറ്റിദ്ധാരണ എന്തെന്നാൽ ഞാൻ കുറച്ച് സീരിയസായ, ജാടയുള്ളയാളാണെന്ന് ആളുകൾ തെറ്റിദ്ധരിച്ചേക്കാമെന്നു തോന്നുന്നു. ആളുകളുടെയടുത്ത് സ്വതന്ത്രമായി, സ്വസ്ഥമായി സംസാരിച്ചുവരാൻ കുറച്ചു സമയമെടുക്കും. പുതിയതായി പരിചയപ്പെട്ട് സംസാരിച്ചുവരുന്ന ഒരാൾക്ക് ഞാനത്ര ഇടപഴകാൻ പറ്റുന്നയാളായി തോന്നണമെന്നില്ല. ഒരുകണക്കിന് അതൊരു തെറ്റിദ്ധാരണയാണെന്നും പറയാനാകില്ല.

അഭിനയജീവിതത്തിലെ ഒരു ദിവസം വീണ്ടും ജീവിക്കാൻ അവസരം കിട്ടിയാൽ മഹേഷിന്റെ പ്രതികാരത്തിലെ എന്റെ ആദ്യദിനങ്ങളായിരിക്കും ഞാനാഗ്രഹിക്കുക. അന്നത് എനിക്ക് നന്നായി ആസ്വദിക്കാനോ മനസ്സിലാക്കാനോ പറ്റിയിട്ടുണ്ടോയെന്ന് സംശയമാണ്. സെറ്റിൽ അവരുടെയൊക്കെ കൂടെയുണ്ടായിരുന്ന ആദ്യത്തെ ആ സിനിമാ അനുഭവം എനിക്കൊന്നുകൂടി ജീവിച്ചാൽ കൊള്ളാമെന്നുണ്ട്.

ജയ് ഭീം സിനിമ ഇറങ്ങിയശേഷമാണ് ആരാധകരിൽനിന്ന് നല്ല അനുഭവം ഉണ്ടായത്. ചെന്നൈയിൽ ഒരു കഫേയിൽ കോഫി കുടിക്കുകയായിരുന്നു. ഒരു പെൺകുട്ടി അടുത്തുവന്ന് ജയ് ഭീമിൽ അഭിനയിച്ച ആളല്ലേയെന്ന് ചോദിച്ചു. അതേയെന്നു പറഞ്ഞപ്പോൾ ഒന്ന് കെട്ടിപ്പിടിച്ചോട്ടേയെന്ന് സമ്മതം ചോദിച്ചു. ഞാൻ അനുവദിച്ചപ്പോൾ, ഒരു മിനിറ്റോളം ആ കുട്ടിയെന്നെ കെട്ടിപ്പിടിച്ചു. എനിക്കത് കൗതുകവും അതേസമയം, വിചിത്രവുമായിത്തോന്നി. നന്ദിയും പറഞ്ഞ് ആ കുട്ടി പോയി. അതെന്റെ മനസ്സിൽ ഇന്നുമുണ്ട്. എന്നുമുണ്ടാവും.






# ‘പ്രഥമ ദൃഷ്ട്യാ കുറ്റക്കാർ’ സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി

**ലോ**ക്കപ്പ് മുതൽ പോലീസ് സ്റ്റേഷന്റെ എല്ലാ ഭാഗങ്ങളിലേക്കും നീളുന്ന കാമറക്കണ്ണുകൾ...

പ്രഥമ ദൃഷ്ട്യാ തന്നെ പൂർണമായും ഒരു പോലീസ് സ്റ്റോറി എന്ന ഫീൽ നൽകുന്ന ഫസ്റ്റ് ലുക്ക് മോഷൻ പോസ്റ്റർ.

പാർവതിയും സിദ്ധാർഥ് ഭരതനും മാത്യു തോമസും ഉണ്ണിമായ പ്രസാദും സ്റ്റേഷനകത്ത് യൂണിഫോം അണിഞ്ഞ് ബെഞ്ചിൽ ഒരുമിച്ചിരിക്കുന്നു. പലർക്കും പല മുഖഭാവങ്ങൾ... പ്രഥമ ദൃഷ്ട്യാ ഈ ഇരിപ്പിലും ഒരു പന്തികേട് തോന്നിക്കുന്നു. ഇൻവെസ്റ്റിഗേറ്റീവ് ജോണറിൽ ഒരുക്കിയ ചിത്രം സെപ്റ്റംബർ 11-ന് തിയറ്ററുകളിൽ എത്തും.

11 ഐക്കൺസിന്റെ ബാനറിൽ അർജുൻ സെൽവ നിർമിച്ച് ഷഹദ് സംവിധാനം ചെയ്യുന്ന ചിത്രമാണിത്. പ്രകാശൻ പറക്കട്ടെ, അനുരാഗം എന്നീ ചിത്രങ്ങൾക്ക് ശേഷമുള്ള ഷഹദിന്റെ സംവിധാന സംരംഭമാണിത്.

മലയാള സിനിമാ നിർമാണ രംഗത്തേക്ക് എത്തുന്ന പുതിയ ബാനറിന്റെ ഒരു ബിഗ് ബഡ്ജറ്റ് സിനിമ കൂടിയാണ് ‘പ്രഥമ ദൃഷ്ട്യാ കുറ്റക്കാർ’. ആശ്രിത നിയമനത്തിലൂടെ ജോലി ലഭിക്കുന്ന ഒരു വനിത കോൺസ്റ്റബിളിന്റെ ഔദ്യോഗിക ജീവിതത്തിൽ അരങ്ങേറുന്ന സംഭവങ്ങളാണ് ചിത്രത്തിലൂടെ പറയുന്നത്.

ഉള്ളൊഴുക്ക് എന്ന സിനിമയ്ക്ക് ശേഷം പാർവതി തിരുവോത്തും കിഷ്കിന്ധാ കാണ്ഡം എന്ന സിനിമക്ക് ശേഷം വിജയരാഘവനും പ്രധാന വേഷത്തിൽ എത്തുന്ന ചിത്രമാണിത്. അതുകൊണ്ടുതന്നെ ചിത്രങ്ങളെക്കുറിച്ച് പ്രേക്ഷകർക്ക് പ്രതീക്ഷയും വർധിക്കുന്നു. സിനിമാ അഭിനയ ജീവിതത്തിൽ 20 വർഷം പിന്നിട്ട പാർവതിയുടെ ആദ്യ പോലീസ് വേഷമാണിത്. പ്രശസ്ത താരങ്ങളായ പാർഥിപൻ, മാത്യു തോമസ്, വിനയ് ഫോർട്ട്, സിദ്ധാർഥ് ഭരതൻ, ഉണ്ണിമായ, അസീസ് നെടുമങ്ങാട്, ജയശ്രീ ശിവദാസ്, പ്രവീൺകുമാർ, സിറാജ്, നിയാസ് ബക്കർ തുടങ്ങിയ താരനിരയും ചിത്രത്തിലുണ്ട്.

ഒരു പോലീസ് സ്റ്റേഷന്റെ പശ്ചാത്തലത്തിൽ ഒരുങ്ങുന്ന ഈ ത്രില്ലർ സിനിമയുടെ തിരക്കഥ നിർവഹിക്കുന്നത് പി.എസ്. സുബ്രമണ്യവും വിജേഷ് തോട്ടിങ്ങലും ചേർന്നാണ്. ‘ലോക’ എന്ന സിനിമക്ക് ശേഷം ചമൻ ചാക്കോ എഡിറ്റിംഗും റോബി രാജ് കാമറയും മുജീബ് മജീദ് സംഗീതവും നിർവഹിക്കുന്നു.

ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-മനോജ് കുമാർ പി, ലൈൻ പ്രൊഡ്യൂസർ-ദീപക് രാജ, പ്രൊഡക്ഷൻ കൺട്രോളർ-സനൂപ് ചങ്ങനാശേരി, ഫിനാൻസ് കൺട്രോളർ-ജോസഫ് കെ. തോമസ്, സൗണ്ട് ഡിസൈൻ-ജയദേവൻ ചക്കടത്ത്, കലാസംവിധാനം-മഹേഷ് മോഹൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ബേബി പണിക്കർ, മേക്കപ്പ്-അമൽ ചന്ദ്രൻ, ആക്ഷൻ-കലൈ കിംഗ്സൺ, വസ്ത്രാലങ്കാരം-സമീറ സനീഷ്, സ്റ്റിൽസ്-റിഷാജ് മുഹമ്മദ്, പബ്ലിസിറ്റി ഡിസൈൻ-റോസ്റ്റഡ് പേപ്പർ, കോട്ടയം, തൃശൂർ, കോയമ്പത്തൂർ, ബംഗളൂരു, ആലപ്പുഴ, കൂത്താട്ടുകുളം എന്നിവിടങ്ങളായിരുന്നു സിനിമയുടെ ലൊക്കേഷനുകൾ.




# ‘മെറി ബോയ്സ്’ പോസ്റ്റർ പുറത്തിറങ്ങി




**ആ**രാണ് ആ ബോയ്സ്. പുതുമുഖ താരനിരയുമായി എത്തുന്ന ‘മെറിബോയ്സ്’ എന്ന ചിത്രത്തിന്റെ കാരക്ടർ പോസ്റ്റർ പുറത്തിറങ്ങി. കേന്ദ്ര കഥാപാത്രമായ മെറിയുടെ കഥയിലെ ബോയ്സ് ആരൊക്കെയാണെന്ന ആകാംക്ഷ ഉണർത്തിയാണ് പുതിയ പോസ്റ്റർ എത്തിയിരിക്കുന്നത്.

പുതുമുഖ താരങ്ങൾക്ക് അവസരം ഒരുക്കിക്കൊണ്ട് മാജിക് ഫ്രെയിംസിന്റെ ബാനറിൽ ലിസ്റ്റിൻ സ്റ്റീഫൻ നിർമിക്കുന്ന ചിത്രത്തിലെ പ്രധാന കഥാപാത്രമായ മെറിയെ പരിചയപ്പെടുത്തുന്ന പോസ്റ്ററാണ് പുറത്തിറങ്ങിയത്. കുഞ്ചാക്കോ ബോബൻ നായകനായി എത്തിയ സൂപ്പർ ഹിറ്റ് ചിത്രം ഓഫീസർ ഓൺ ഡ്യൂട്ടിയിലെ താരം ഐശ്വര്യ രാജ് ആണ് മെറി ബോയ്സിലെ നായിക മെറിയായെത്തുന്നത്.

നവാഗതനായ മഹേഷ് മാനസ് കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രം ഉടൻ റിലീസിനെത്തും. മുൻനിര താരങ്ങൾ അണിനിരക്കുന്ന ചിത്രങ്ങളാണ് മാജിക് ഫ്രെയിംസ് എപ്പോഴും പ്രേക്ഷകർക്ക് നൽകിയിരുന്നത്. ഇതിൽ നിന്നെല്ലാം വിഭിന്നമായ രീതിയിലാണ് മാജിക് ഫ്രെയിംസ് 38-ാമത്തെ ചിത്രമായ മെറി ബോയ്സ് ഒരുക്കുന്നത്.

ചിത്രത്തിന്റെ തിരക്കഥ, സംഭാഷണം, ശ്രീപ്രസാദ് ചന്ദ്രന്റേതാണ്. കീർത്തന പി.എസ്, ശ്വേതാ വാര്യർ, പാർവതി അയ്യപ്പദാസ്, ആതിര രാജീവ് എന്നീ പുതുമുഖ താരങ്ങൾ ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ എത്തുന്നു. പുതിയ കാലഘട്ടത്തിലെ പുതിയ തലമുറയുടെ വ്യക്തിബന്ധങ്ങളുടെ കഥ പറയുന്ന ചിത്രമായിരിക്കും മെറി ബോയ്സ്.

സൗഹൃദവും പ്രണയവുമെല്ലാം നിറഞ്ഞനിൽക്കുന്ന ഒരു കാമ്പസ് ചിത്രം. വിശാഖ് നായർ, റോഷൻ അബ്ദുൾ റഹൂഫ്, സാഫ്ബോയ്, ഷോൺ ജോയ്, ബിന്ദു പണിക്കർ, മൂർ, അഖിൽ കലവൂർ, ശ്രീജിത്ത് രവി, ജയിംസ് ഏലിയ, ആൻ ജമീല സലിം, അശ്വത്ത്, ഫ്രാങ്കോ, ഫ്രാൻസിസ് എന്നിവരും ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളായെത്തുന്നു. ചിത്രത്തിനു സംഗീതം ഒരുക്കുന്നത് കൈതി, വിക്രം വേദ, പുഷ്പ 2, ആർഡിഎക്സ് പോലുള്ള സൂപ്പർ ഹിറ്റ് സിനിമകൾക്ക് സംഗീതം ഒരുക്കിയ സാം സി.എസ്. ആണ്.

കോ-പ്രൊഡ്യൂസർ-ജസ്റ്റിൻ സ്റ്റീഫൻ, ഛായാഗ്രഹണം-ഫായിസ് സിദ്ദിഖ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ്-സന്തോഷ് കൃഷ്ണൻ, നവീൻ പി. തോമസ്, ലൈൻ പ്രൊഡ്യൂസർ-അഖിൽ യശോധരൻ, എഡിറ്റർ-ആകാശ് ജോസഫ് വർഗീസ്, പ്രൊഡക്ഷൻ കൺട്രോളർ-ഗിരീഷ് കൊടുങ്ങല്ലൂർ, സൗണ്ട് ഡിസൈൻ-സച്ചിൻ, ഫൈനൽ മിക്സ്-ഫൈസൽ ബക്കർ, ആർട്ട്-രാഖിൽ, കോസ്റ്റ്യൂം-മെൽവി ജെ, മേക്കപ്പ്-റോണക്സ് സേവ്യർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ബിച്ചു, അഡ്മിനിസ്ട്രേഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ ഹെഡ്-ബബിൻ ബാബു, കാസ്റ്റിംഗ് ഡയറക്ടർ-രാജേഷ് നാരായണൻ, സ്റ്റിൽസ്-ബിജിത്ത് ധർമടം, മാർക്കറ്റിംഗ്-സൗത്ത് ഫ്രെയിംസ് എന്റർടെയ്ൻമെന്റ്, അഡ്വർടൈസിംഗ്-ബ്രിങ് ഫോർത്ത്, ഡിസൈൻസ്-യെല്ലോ ടൂത്ത്സ്, ടൈറ്റിൽ ഡിസൈൻ-വിനയതേജസ്വി, ഡിജിറ്റൽ മാർക്കറ്റിംഗ്-ഓബ്സ്ക്യൂറ എന്റർടെയ്ൻമെന്റ്സ്, മാർക്കറ്റിംഗ് ആൻഡ് ഡിസ്ട്രിബ്യൂഷൻ-മാജിക് ഫ്രെയിംസ് റിലീസ്.

# കെസിസിഎൻഎ കൺവൻഷൻ സമാപന സമ്മേളത്തിൽ കേരള സർക്കാർ ചീഫ് വിപ്പ് അപു ജോൺ ജോസഫ് എംഎൽഎ പങ്കെടുക്കും

**ബൈജു ആലപ്പാട്ട്**

ഫോർട്ട് ലോഡർഡെയിൽ: നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ ക്നാനായ കത്തോലിക്കാ കുടുംബ സംഗമമായ 16-ാമത് KCCNA കൺവൻഷന്റെ സമാപന ഫാമിലി ബാങ്ക്വറ്റിൽ ഓഗസ്റ്റ് 9-ന് ഞായറാഴ്ച കേരള സർക്കാർ ചീഫ് വിപ്പും തൊടുപുഴ എംഎൽഎയുമായ അപു ജോൺ ജോസഫ് പങ്കെടുക്കും.

രാഷ്ട്രീയ സാമൂഹിക പൊതുപ്രവർത്തന മേഖലകളിൽ സജീവസാന്നിദ്ധ്യമായ അപു ജോൺ ജോസഫിന്റെ സാന്നിദ്ധ്യം കൺവൻഷന് കൂടുതൽ പ്രൗഢി പകരും. തൊടുപുഴ എംഎൽഎ



എന്ന നിലയിലും കേരള സർക്കാരിന്റെ ചീഫ് വിപ്പ് എന്ന നിലയിലും അദ്ദേഹം വഹിക്കുന്ന ഉത്തരവാദിത്വവും ക്നാനായ സമൂഹവുമായി പുലർത്തുന്ന ആത്മബന്ധവും അമേരിക്കയിലെ ക്നാനായ സമൂഹത്തിന് ഏറെ പ്രചോദനമാകുമെന്ന് കെസിസിഎൻഎ കൺവൻഷൻ സ്റ്റിയറിംഗ് കമ്മിറ്റി അഭിപ്രായപ്പെട്ടു.

ഓഗസ്റ്റ് 6 മുതൽ 9 വരെ ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയിലുള്ള ബ്രോവാർഡ് കൗണ്ടി കൺവൻഷൻ സെന്ററിൽ നടക്കുന്ന കൺവൻഷനിൽ നോർത്ത് അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി നാലായിരത്തോളം പ്രതിനിധികൾ പങ്കെടുക്കും. കുടുംബസംഗമങ്ങൾ, യുവജന-കുട്ടികളുടെ പരിപാടികൾ, സാംസ്കാരിക മത്സരങ്ങൾ, കലാസന്ധ്യകൾ, സെമിനാറുകൾ, മെഗാ എന്റർടൈൻമെന്റ് ഷോ, പ്രമുഖരുടെ സന്ദേശങ്ങൾ എന്നിവ ഉൾപ്പെടെ വൈവിധ്യമാർന്ന പരിപാടികളാണ് ഒരുക്കിയിരിക്കുന്നത്. ഓഗസ്റ്റ് 9-ന് ഞായറാഴ്ച സമാപന ഫാമിലി ബാങ്ക്വറ്റിൽ മികച്ച ഗായകൻ കൂടിയായ അപു ജോൺ ജോസഫിന്റെ സാന്നിദ്ധ്യം കേരളവും പ്രവാസി ക്നാനായ സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വഴിയൊരുക്കുമെന്ന് കെസിസിഎൻഎ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രത്യാശ പ്രകടിപ്പിച്ചു.

## ഷാജൻ ആനിത്തോട്ടം ലയൺസ് ഡിസ്ട്രിക്റ്റ് ഗവർണറായി ചുമതലയേറ്റു

ഹോങ്കോങ്: ലയൺസ് ക്ലബ്ബ്സ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് വൺ എഫ് ഗവർണറായി ഷാജൻ ആനിത്തോട്ടം അധികാരമേറ്റു. ഹോങ്കോങ്ങിലെ ഏഷ്യാ വേൾഡ് എക്സ്പോയിൽ വച്ച് നടന്ന സംഘടനയുടെ 108-ാമത് ആഗോള കൺവൻഷനിൽ വച്ച് ലയൺസ് ഇന്റർനാഷണൽ പ്രസിഡന്റ് മാർക്ക് ലയൺസാണ് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഡിസ്ട്രിക്റ്റ് ഗവർണർമാർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തത്. ലോകത്തിന്റെ നാനാഭാഗത്ത് നിന്നുമായി പതിനേഴായിരത്തോളം ലയൺസ് ക്ലബ്ബംഗങ്ങൾ കൺവൻഷനിൽ പങ്കെടുത്തു.

ആയിരത്തിത്തൊള്ളായിരത്തിപതിനേഴിൽ മെൽവിൻ ജോൺസ് എന്ന മനുഷ്യസ്നേഹി ഇല്ലിനോയി സംസ്ഥാനത്ത് തുടങ്ങിയ ലയൺസ്




ക്ലബ്ബ്സ് ഇന്റർനാഷണൽ ഇന്ന് ഇന്ത്യയുൾപ്പെടെ ഇരുനൂറിൽപ്പരം രാജ്യങ്ങളിലായി വളർന്ന് ഏതാണ്ട് ഒന്നര ദശലക്ഷത്തോളം അംഗസംഖ്യയിൽ എത്തിനില്ക്കുന്നു.

ആതുരസേവനവും ദുരന്തനിവാരണവുമുൾപ്പെടെ ഒട്ടേറെ മേഖലകളിൽ നിസ്തുലമായ പ്രവർത്തനങ്ങൾ നടത്തുന്ന ഈ ആഗോളസംഘടന ഇന്ന് ലോകത്തിലെ ഏറ്റവും വലിയ സർവ്വീസ് സംഘടനയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

കേരളത്തിൽ നിന്നുള്ള ആറും ഇല്ലിനോയി സംസ്ഥാനത്ത് നിന്നുമുള്ള പത്തു പേരുമുൾപ്പെടെ ആകെ അറുന്നൂറ്റമ്പതോളം ഡിസ്ട്രിക്റ്റ് ഗവർണർമാർ സംഘടനയിൽ സേവനം അനുഷ്ഠിക്കുന്നു.

## സി.എ. ഏബ്രഹാം അന്തരിച്ചു

റാന്നി/ലോസാഞ്ചലസ്: മന്ദമരുതി കാരക്കാട് ചെറുവാഴക്കുന്നേൽ സി.എ. ഏബ്രഹാം (പാപ്പച്ചൻ-93) അന്തരിച്ചു. ഭാര്യ



മേപ്രാൽ പ്ലാമൂട്ടിൽ വില്യമംഗലത്ത് പരേതയായ അമ്മിണി ഏബ്രഹാം. ദീർഘവർഷങ്ങൾ കാലിഫോർണിയയിൽ താമസിച്ചശേഷം നാട്ടിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു പരേതൻ. മക്കൾ: ബാബു ഏബ്രഹാം, ജിജി ഏബ്രഹാം (ഇന്ത്യ പ്രസ്ക്ലബ് കാലിഫോർണിയ ചാപ്റ്റർ പ്രസിഡണ്ട്), ആൻ ജോബ് (മൂവരും ലോസാഞ്ചലസ്), ലിൻസി മാത്യു (ന്യൂയോർക്ക്). മരുമക്കൾ: തലവടി പ്ലാമൂട്ടിൽ മേഴ്സി ഏബ്രഹാം, ഇരവിപേരൂർ ശങ്കരമംഗലത്ത് മഞ്ജു ഏബ്രഹാം, ഇടയാറന്മുള പ്ലാമൂട്ടിൽ റോയ് മാത്യു, പത്തനംതിട്ട ജോയിയസ് ഹോം അലക്സ് ജോബ്.

ഭൗതികശരീരം ഓഗസ്റ്റ് 7-ന് വെള്ളിയാഴ്ച രാവിലെ എട്ടു മണിക്ക് ഭവനത്തിൽ പൊതുദർശനം ആരംഭിച്ച് 12 മണിക്ക് ഭവനത്തിലെ ശുശ്രൂഷകൾക്കു ശേഷം ഒരു മണിക്ക് ബഥേൽ മാർത്തോമ്മാ പള്ളിയിൽ സംസ്കാരം നടത്തപ്പെടുന്നതാണ്.

പരേതന്റെ നിര്യാണത്തിൽ ലോസാഞ്ചലസ് മാർത്തോമ്മാ ഇടവക, ഇന്ത്യ പ്രസ്ക്ലബ് കാലിഫോർണിയ ചാപ്റ്റർ എന്നിവ അനുശോചനം രേഖപ്പെടുത്തി.

വാർത്ത: മനു തുരുത്തിക്കാടൻ

## ഫോമാ വഹിക്കുന്ന പങ്കിനെ അഭിനന്ദിച്ച് വി.ടി. ബൽറാം

(10-ാം പേജിൽനിന്നും)

ഫോമായുടെ ഒൻപതാം അന്താരാഷ്ട്ര കൺവൻഷൻ, ലോകമെമ്പാടുമുള്ള മലയാളികളെ ഒരുമിപ്പിക്കുന്ന വേദിയായും സാമൂഹിക-സാംസ്കാരിക പ്രതിബദ്ധതയുടെ പ്രഖ്യാപനമായും ശ്രദ്ധ നേടുകയാണ്. മുൻ ആരോഗ്യ മന്ത്രി കെ.കെ. ഷൈലജ ഫോമായുടെ കേരളത്തിലെ ജീവകാരുണ്യ പ്രവർത്തനങ്ങളെ പ്രശംസിച്ച്, സംഘടനയോട് തനിക്കുള്ള നന്ദിയും കടപ്പാടും തുറന്നു പറഞ്ഞു. ഒൻപതാമത് ഫോമാ നാഷണൽ കൺവൻഷനിൽ സംസാരിക്കവേയാണ് അവർ ഇക്കാര്യം വ്യക്തമാക്കിയത്.

ഷൈലജയുടെ വാക്കുകൾ പ്രകാരം, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ (RCC) നവീകരണ പ്രവർത്തനങ്ങൾക്ക് ഫോമാ കേരള സർക്കാരിനൊപ്പം കൈത്താങ്ങായി. കേരളം നേരിട്ട മഹാപ്രളയകാലത്തും സംഘടന നൽകിയ പിന്തുണ വിലമതിക്കാനാകാത്തതാണെന്നും ആരോഗ്യ മന്ത്രിയായിരുന്ന കാലത്ത് ഫോമായിൽനിന്ന് ഏറ്റവും കൂടുതൽ സഹായങ്ങൾ ലഭിച്ചതായും അവർ പറഞ്ഞു.

ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടർന്നും ശക്തമായി മുന്നോട്ട് കൊണ്ടുപോകണമെന്നും മുൻകാല ഭാരവാഹികളെ ഉൾപ്പെടുത്തി കൺവൻഷൻ സംഘടിപ്പിച്ചതും മാതൃകാപരമായ നടപടിയാണെന്നും അവർ അഭിപ്രായപ്പെട്ടു.

സെക്രട്ടറി ബൈജു വർഗീസ് സ്വാഗതം ആശംസിച്ചു.

ഫോമാ നാഷണൽ പ്രസിഡന്റ് ബേബി മണക്കുന്നേൽ, സംഘടനയുടെ പ്രവർത്തനങ്ങൾ ലോകമെമ്പാടുമുള്ള മലയാളികൾക്ക് മാതൃകയാണെന്ന് പറഞ്ഞു. നിലവിലെ ഭരണസമിതിയുടെ കൂട്ടായ പ്രവർത്തനഫലമായി ഫോമാ ശക്തമായ ആഗോള മലയാളി പ്രസ്ഥാനമായി വളർന്നതായി അദ്ദേഹം വ്യക്തമാക്കി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികൾ ഫോമായുടെ പ്രവർത്തനങ്ങളെ ശ്രദ്ധയോടെയാണ് നിരീക്ഷിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ സംഘടനയുടെ വളർച്ചയും പ്രവർത്തന മികവും വിശദീകരിച്ചു. ലോകമെമ്പാടുമുള്ള മലയാളികൾക്ക് മാതൃകയാകുന്ന പ്രവർത്തനങ്ങളാണ് ഫോമാ കാഴ്ചവെക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

നിലവിലെ ഭരണസമിതിയുടെ കൂട്ടായ പ്രവർത്തനഫലമായി സംഘടന 12 റീജിയനുകളിൽനിന്ന് 15 റീജിയനുകളിലേക്കും 84 അംഗ അസോസിയേഷനുകളിൽ നിന്ന് 100 അംഗ അസോസിയേഷനുകളിലേക്കും വളർന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. കൺവൻഷൻ മികച്ച രീതിയിൽ പുരോഗമിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ് തുടങ്ങിയവർ ആശംസ അറിയിച്ചു.

ഡിസ്ട്രിക്ട് ജഡ്ജി സുരേന്ദ്രൻ പട്ടേൽ, ജഡ്ജ് ജൂലി മാത്യു എന്നിവർ ആശംസകൾ നേർന്നു.

ചടങ്ങിൽ ഫോമായുടെ സാഹിത്യ പ്രസിദ്ധീകരണമായ 'അക്ഷരകേരളം' മാസികയുടെ പുതിയ പ്രിന്റ് പതിപ്പ് പ്രകാശനം ചെയ്തു. ചീഫ് എഡിറ്റർ തമ്പി ആന്റണി മാസികയെ സദസിന് പരിചയപ്പെടുത്തി.

കൺവൻഷൻ ജനറൽ കൺവീനർ ജിജു കുളങ്ങര, കൺവൻഷൻ ചെയർമാൻ സുബിൻ കുമാരൻ, ആർ.വി.പി. ബിജു ലോസൺ, വിമൻസ് കമ്മിറ്റി ചെയർപേഴ്സൺ സ്മിത നോബിൾ, ഗ്രാൻഡ് സ്പോൺസർ സാജൻ വർഗീസ്, മുൻ പ്രസിഡന്റ് ജോൺ ടൈറ്റസ്, ഐ.പി.സി.എൻ.എ. പ്രസിഡന്റ് രാജു പള്ളത്ത്, ജെ.ഡബ്ല്യു വർഗീസ് തുടങ്ങിയവർ ആശംസകൾ നേർന്നു.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പൂർണ പിന്തുണയ്ക്കും ചടങ്ങിൽ സംബന്ധിക്കുന്ന IPCNA പ്രസിഡന്റ് രാജു പള്ളത്ത്, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ ട്രൈസ്റ്റാർ, പങ്കെടുക്കുന്ന അംഗങ്ങൾ എന്നിവർക്ക് പ്രത്യേക നന്ദി അറിയിച്ചു.

ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ നന്ദി അറിയിച്ചു.

## ഗായിക ജമുന റാണി അന്തരിച്ചു

ബെംഗളൂരു: തെന്നിന്ത്യൻ ചലച്ചിത്ര ലോകത്ത് എട്ടു പതിറ്റാണ്ടോളം ആലാപന മാധുര്യം നിറച്ച പ്രശസ്ത ഗായിക കെ. ജമുന റാണി (88) അന്തരിച്ചു. മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, സിംഹള ഭാഷകളിലായി ആറായിരത്തോളം ഗാനങ്ങൾ ആലപിച്ചു.

ഭാഗ്യജാതകം, സ്നേഹദീപം, ആന വളർത്തിയ വാനമ്പാടി, തസ്കരവീരൻ, പുതിയ ആകാശം പുതിയ ഭൂമി, ഡയൽ 2244 തുടങ്ങിയ മലയാളം ചിത്രങ്ങളിൽ പാടിയിട്ടുണ്ട്. പി. സുശീല, പി. ലീല, എൽ.ആർ. ഈശ്വരി തുടങ്ങിയവർക്കൊപ്പം പാടിയ ഗാനങ്ങൾ പ്രശസ്തമാണ്. മലയാളത്തിൽ എം.എസ്. വിശ്വനാഥൻ, ബ്രദർ ലക്ഷ്മണൻ, എം.എസ്. ബാബുരാജ്, എം.ബി. ശ്രീനിവാസൻ എന്നീ സംഗീത സംവിധായകർക്കൊപ്പം പ്രവർത്തിച്ചു.

ഏഴാം വയസ്സിൽ തെലുങ്ക് ചിത്രത്തിൽ പാടിത്തുടങ്ങിയ ആന്ധ്രപ്രദേശ് സ്വദേശിനിയായ ജമുന റാണി പതിമൂന്നാം വയസ്സിൽ നായികമാർക്കു വേണ്ടി പാടിത്തുടങ്ങി.

### വീണാ ജോർജിനെ ആക്രമിച്ച കേസിൽ

(3-ാം പേജിൽനിന്നും)

പ്രവർത്തകർ ആയുധം ഉപയോഗിച്ച് മന്ത്രിക്കു നേരെ ചാടി വീണെന്നും കഴുത്തിന് ആക്രമിച്ച് പരുക്കേൽപിച്ചെന്നുമുള്ള ഗൺമാന്റെ മൊഴിയിലാണ് അന്ന് കേസെടുത്തത്. എന്നാൽ, സംഭവ സ്ഥലത്തുനിന്ന് പ്രതികളെ പിടികൂടിയ പോലീസിന് ആയുധങ്ങളൊന്നും കണ്ടെത്താനായില്ല. കണ്ണൂർ ജില്ലാ ആശുപത്രിയിലും പരിയാരം മെഡിക്കൽ കോളജ് ആശുപത്രിയിലും ചികിത്സ തേടുകയും ഐസിയുവിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്ത വീണാ ജോർജ് പിറ്റേന്ന് പുലർച്ചെ രഹസ്യമായി ആശുപത്രിവിട്ട് പത്തനംതിട്ടയിലേക്ക് റോഡ് മാർഗം പോയത് വലിയ ചർച്ചയായിരുന്നു.

സംഭവവുമായി ബന്ധപ്പെട്ട് ശേഖരിച്ച സിസിടിവി ദൃശ്യങ്ങളിലൊന്നും മന്ത്രിയെ ആക്രമിക്കുന്നതിന്റെ തെളിവുകൾ പോലീസിനു കണ്ടെത്താനായില്ല. പ്രതികൾക്കെതിരെ 13 വകുപ്പുകൾ ചുമത്തി കേസെടുത്ത പോലീസിന് പിന്നീട് വധശ്രമക്കേസ് ഒഴിവാക്കേണ്ടിവന്നു. മാസങ്ങൾക്കുശേഷം തിരുവനന്തപുരത്തു വെച്ച് റെയിൽവേ പോലീസിന് നൽകിയ മൊഴിയിൽ ഉന്തിലും തള്ളിലുമാണ് പരുക്കേറ്റതെന്നു വ്യക്തമാക്കിയ വീണാ ജോർജ്, ആയുധംകൊണ്ടുള്ള ആക്രമണമെന്ന വാദം ഏറ്റുപിടിച്ചില്ല.

# ആവേശ ഗാലറികളെ ത്രസിപ്പിച്ച് കോട്ടയം ബ്രദേഴ്സ് കാനഡ, ടിസാക്ക് അന്താരാഷ്ട്ര വടംവലി ചാമ്പ്യൻസ്; ഗ്ലാഡിയേറ്റേഴ്സ് കാനഡ റണ്ണേഴ്സ് അപ്പ്

ഹൂസ്റ്റൺ: ആവേശത്തിമർപ്പിന്റെ പോർക്കളത്തിൽ കാരിരുമ്പിന്റെ കരുത്തുമായി കാലുറപ്പിച്ച് കമ്പക്കയറിൽ സിംഹഗർജനത്തോടെ ആഞ്ഞുവലിച്ച് ആയിരങ്ങളുടെ ആവേശമായി മാറിയ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ, ടെക്സസ് ഇന്റർനാഷണൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ്ബിന്റെ (ടിസാക്ക്) അന്താരാഷ്ട്ര വടംവലി മത്സരത്തിൽ തുടർച്ചയായ അഞ്ചാം തവണയും ചാമ്പ്യൻമാരായി.

മെയ്ക്കരുത്തും മനക്കരുത്തും സ്വന്തമാക്കിയ ഗ്ലാഡിയേറ്റേഴ്സ് കാനഡ റണ്ണറപ്പായി ട്രോഫി ഉയർത്തി. കായികശേഷി പരീക്ഷിച്ച് മൂന്നാം സ്ഥാനം കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലാക്ക്

ജീമോൻ റാന്നി

ടീമാണ് സ്വന്തമാക്കിയത്. നാലാം സ്ഥാനം തോടുകൻസ് ന്യൂയോർക്ക് കിംഗ്സ് ടീം നേടി.

ജൂലൈ 25-നു ശനിയാഴ്ച രാവിലെ മുതൽ വൈകുന്നേരം 10 വരെ ഫോർട്ബെൻഡ് കൗണ്ടി എപ്പിസെന്ററിലായിരുന്നു മല്ലൻമാർ ചേരിതിരിഞ്ഞ് ചുവടുറപ്പിച്ച് താളത്തിനൊത്ത് കയറിൽ പിടിമുറുക്കിയ വടംവലിയുടെ പെരുംപോരാട്ടം അരങ്ങേറിയത്. ഏതാണ്ട് ആറായിരത്തിലധികം കാണികൾ സാക്ഷ്യംവഹിച്ച ടിസാക്കിന്റെ ഈ അഞ്ചാം സീസൺ മത്സരം അമേരിക്കൻ മലയാളി സമൂഹത്തിൽ കായികാഭിനിവേശത്തിന്റെ വേറിട്ട ചരിത്രമെഴുതി.

എരിയുന്ന കനലിൽ കാരിരുമ്പിട്ട് വെട്ടി കൊത്തുപണിയിലൂടെ കടഞ്ഞെടുത്ത ഉരുക്ക് മുഷ്ടിയും അടിപതറാത്ത പാദച്ചുവടുകളുമായി ശ്വാസമടക്കിപ്പിടിച്ചിരുന്ന കാണികൾക്ക് ആവേശത്തിന്റെ പൂരക്കാഴ്ചയാണ് കായിക കേരളത്തിന്റെ പോരാട്ടങ്ങൾക്ക് അമേരിക്കൻ മണ്ണിൽ ആസ്ഥാനമുറപ്പിച്ച ടിസാക്ക് സമ്മാനിച്ചത്.

വനിതാ വിഭാഗത്തിൽ ആഹാ ഡാർലിംഗ്സ് ഒന്നാമതെത്തി. രണ്ടാം സ്ഥാനം ഹൂസ്റ്റൺ വാരിയേഴ്സും മൂന്നാം സ്ഥാനം ഡാളസ് ക്യൂൻസും കരസ്ഥമാക്കി.

ഹെവി വൈറ്റ് കാറ്റഗറിയിൽ ഹൂസ്റ്റൺ ടൈഗേഴ്സ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

മുഖ്യ സ്പോൺസർ ധനാനി ഗ്രൂപ്പ് എം.ഡി. ധനാനിയും പരിപാടിയിൽ പങ്കെടുത്തു. കൂടാതെ മിസോറി സിറ്റി മേയർ റോബിൻ ജെ. ഇലക്കാട്ടും ആശംസകൾ നേർന്നു. ഗ്രൂപ്പ് ഡാൻസുകൾ, ഹൂസ്റ്റണിലെ പ്രമുഖ ഗായകർ പാടിയ അടിപൊളി പാട്ടുകൾ തുടങ്ങിയവ മത്സരത്തിന്റെ ഇടവേളകൾക്ക് മികവ് നൽകി. രാത്രി ഒൻപതോടെ ഹൂസ്റ്റൺ കായിക സമൂഹത്തിന്റെ വലിയ പിന്തുണയോടെ മത്സരങ്ങൾ വിജയകരമായി സമാപിച്ചു.

മേയർ റോബിൻ ഇലക്കാട്ട് അഡൈ്വസറി ചെയർമാനായുള്ള കമ്മിറ്റിയാണ് വടംവലി മത്സരത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചത്. പ്രോഗ്രാം കമ്മിറ്റി ചെയർമാൻ ഡോ. സക്കറിയ തോമസ്, പ്രസിഡന്റ് ഡാനി വി. രാജു, സെക്രട്ടറി മാത്യൂസ് കറുകക്കളം, ട്രഷറർ റിമൽ തോമസ്, പി.ആർ.ഒ സിബു ടോം, വൈസ് പ്രസിഡന്റ് മാത്യു ചിറപ്പുറത്ത്, ജോയിന്റ് സെക്രട്ടറി പ്രിൻസ് പോൾ, ജോയിന്റ് ട്രഷറർ ജോസഫ് കൈതമറ്റം, സോഷ്യൽ മീഡിയ കോ-ഓർഡിനേറ്റർ ഫിലിപ്പ് ചോരത്ത്, ടൂർണമെന്റ് കോ-ഓർഡിനേറ്റർമാരായ ചാക്കോച്ചൻ മേടയിൽ, ലൂക്ക് കിഴക്കേപ്പുറത്ത്, പ്രബിട് വെള്ളിയാൻ തുടങ്ങിയവർ മത്സരങ്ങളുടെ ചുക്കാൻപിടിച്ചു.

മുൻ പി.ആർ.ഒ ജിജു കുളങ്ങര, ഹൂസ്റ്റണിലെ പ്രമുഖ എംസിമാരായ സുബിൻ ബാലകൃഷ്ണൻ, അമ്പിളി ആന്റണി എന്നിവർ അനൗൺസ്മെന്റ് സെക്ഷനെ സമ്പന്നമാക്കി. സിജിൽ വലിയവീട്ടിലിന്റെ തത്സമയ അവതരണം വടംവലിയെ ആവേശം കൊള്ളിച്ച് കായികപ്രേമികളുടെ നിറഞ്ഞ കൈയടി നേടി. ഡിജെ വല്ലാടൻ ലൈവ് കായിക പ്രേമികളുടെ പ്രശംസ പിടിച്ചുപറ്റി.



















Lakshmi Silks

THE AUTHENTIC SILK PEOPLE

T.B ROAD, KOTTAYAM

NRI CUSTOMER CARE SERVICE

+91 88916 51904 | +91 88911 51907



# ഫൊക്കാനയ്ക്കായി വസ്ത്രവിസ്മയമൊരുക്കി കോട്ടയം ലക്ഷ്മി സിൽക്സ്

ഫൊക്കാനയുടെ വേദിയിൽ ലോകറെക്കോർഡ് തീർക്കാൻ പോകുന്ന 1100 പേരുടെ മോഹിനിയാട്ടത്തിന്റെ വസ്ത്രം ഡിസൈൻ ചെയ്ത്, തയാറാക്കി വിസ്മയം തീർത്തിരിക്കുകയാണ് കോട്ടയം ലക്ഷ്മി സിൽക്സ്. മലയാളിയുടെ തനത് കലാരൂപമായ മോഹിനിയാട്ടത്തിന്, പാരമ്പര്യത്തിന്റെ തനിമ കൈവിടാതെയുള്ള ഡിസൈനാണ് ലക്ഷ്മി സിൽക്സ് ഒരുക്കിയിരിക്കുന്നത്. ഈ വസ്ത്രമണിഞ്ഞ് അമേരിക്കൻ മണ്ണിൽ ചുവട് വയ്ക്കുമ്പോൾ മലയാണ്മയാണ് ഓരോ നർത്തകിമാരും നെഞ്ചിലേറ്റുന്നത്. ഒപ്പം, ചെണ്ടമേളത്തിന്റെ വസ്ത്രവും തയാറാക്കിയതും ലക്ഷ്മി സിൽക്സാണ്.

അങ്ങിനെ നൃത്തവും മേളവുമായി കേരളത്തിന്റെ സ്പന്ദനം അമേരിക്കയിൽ അരങ്ങേറുമ്പോൾ അതിന് സാക്ഷിയാകാൻ ലക്ഷ്മി സിൽക്സിന്റെ ഡയറക്ടർമാരായ രാജേഷ് ജി. നമ്പിമഠത്തിലും ഹരീന്ദ്രൻ കെയും ഫിനാൻസ് മാനേജർ പ്രമോദ് സി. നായരും ഫൊക്കാനവേദിയിൽ എത്തുന്നു.

## അമേരിക്കൻ മലയാളികളുടെ പ്രിയഷോപ്പിംഗ് ഡെസ്റ്റിനേഷൻ

അമേരിക്കൻ മലയാളികളുടെ പ്രിയപ്പെട്ട ഷോപ്പിംഗ് ഡെസ്റ്റിനേഷനായി മാറിക്കഴിഞ്ഞു കോട്ടയം ലക്ഷ്മി സിൽക്സ്. അവധിക്ക് നാട്ടിൽ വരുമ്പോൾ ലക്ഷ്മി സിൽക്സസിൽനിന്നുള്ള ഷോപ്പിംഗ് ഇന്ന് അവർക്ക് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. കാരണം, അമേരിക്കൻ മലയാളികളുടെ മനസറിഞ്ഞ വസ്ത്രങ്ങളും ഡിസൈനുകളും സെലക്ഷനുകളും കളർ പാറ്റേണുകളുമെല്ലാം ലഭിക്കുന്ന ഒരിടമാണ് കോട്ടയം ലക്ഷ്മി സിൽക്സ്. അമേരിക്കൻ മലയാളികളുടെ ഈ അംഗീകാരമാണ് ലക്ഷ്മി സിൽക്സിനെ ഫൊക്കാന ഇന്റർനാഷണൽ കൺവൻഷനിലേക്ക് എത്തിച്ചത്.

കാഞ്ചീപുരം, ബനാറസി പട്ട് സാരികളും കേരള സാരികളും ബ്രൈഡൽ-വെഡ്ഡിംഗ് സാരികളും ഡിസൈനർ സാരികളും എത്നിക് ഗ്രൗണുകളും പാർട്ടിവെയറുകളും ലഹങ്കകളും തുടങ്ങി എല്ലാവിധ ആഘോഷങ്ങൾക്കും ഫംഗ്ഷനുകൾക്കുമുള്ള ഏറ്റവും മികച്ച വസ്ത്രങ്ങളാണ് ലക്ഷ്മി സിൽക്സിൽ ഒരുക്കിയിരിക്കുന്നത്. കിഡ്സ്, ടീൻസ്, മെൻസ് വിഭാഗങ്ങളിലെ കളക്ഷനും സെലക്ഷനും ഏറ്റവും മികച്ചതാണ്. ഒപ്പം മികച്ച കസ്റ്റമർ സർവീസും കൂടിയാകുമ്പോൾ ലക്ഷ്മി സിൽക്സിലെ ഷോപ്പിംഗ് ഓരോ അമേരിക്കൻ മലയാളിക്കും മറക്കാനാവാത്ത അനുഭവമാകുന്നു.

## ഓഥന്റിക് കാഞ്ചീപുരം

യഥാർഥ കാഞ്ചീപുരം സാരികളെ തിരിച്ചറിയാൻ ഫൈവ് സ്റ്റെപ് ഓഥന്റിക്കേഷൻ അവതരിപ്പിക്കുകയാണ് ലക്ഷ്മി സിൽക്സ്. ഇതിനായി ഓഥന്റിക് കാഞ്ചീപുരം സാരി കളക്ഷൻസും ലക്ഷ്മി സിൽക്സിലുണ്ട്. കാഞ്ചീപുരത്തെ പരമ്പരാഗത നെയ്ത്തുകാർ നെയ്യുന്ന പട്ട് സാരികളാണ് ഈ കളക്ഷനിലുള്ളത്. ഈ സാരികൾ പരിശോധിച്ച്, വിവിധ സർക്കാർ ഏജൻസികളും ലാബുകളും നൽകുന്ന സർട്ടിഫിക്കേഷനുകളെല്ലാം സംയോജിപ്പിച്ചിട്ടുള്ളതാണ് കാഞ്ചീപുരം സാരി ഓഥന്റിക്കേഷൻ.

- ജിഐ & ഹാൻഡ്‌ലൂം ടാഗുകൾ: കേന്ദ്ര സർക്കാർ നൽകുന്നത്.
- സിൽക്ക് മാർക്ക് ഹോളോഗ്രാം: സിൽക്ക് മാർക്ക് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ നൽകുന്നത്.
- പ്യുവർ സിൽക്ക് സർട്ടിഫിക്കേറ്റ്: സെൻട്രൽ സിൽക്ക് ബോർഡിന് കീഴിലുള്ള റീജണൽ സിൽക് ടെക്നോളജിക്കൽ റിസേർച്ച് സ്റ്റേഷൻസ് ഓരോ സാരിയും പരിശോധിച്ച് നൽകുന്നത്.
- സറി പരിശോധനാ സർട്ടിഫിക്കേറ്റ്: സാരിയിലെ സറിയിലുള്ള സ്വർണം, വെള്ളി, ചെമ്പ് എന്നിവയുടെ സാന്നിധ്യം പരിശോധിച്ച് തമിഴ്നാട് സർക്കാർ സ്ഥാപനമായ തമിഴ്നാട് സറി ലിമിറ്റഡ് നൽകുന്നത്.

ഓഥന്റിക് കാഞ്ചീപുരം സാരി കളക്ഷനിലെ ഓരോ സാരിയും ഇത്തരത്തിൽ വിവിധ സർക്കാർ ഏജൻസികളിൽ പരിശോധിച്ച് അവർ നൽകുന്ന സർട്ടിഫിക്കറ്റുകളും ഉൾപ്പെടെയാണ് ലക്ഷ്മി സിൽക്സ് ഈ സാരിക്കൊപ്പം ഉപഭോക്താക്കൾക്ക് നൽകുന്നത്.

## ഇൻക്രെഡിബിൾ ഇന്ത്യൻ സാരി സ്റ്റോറി

നെയ്ത്ത്കലയുടെ അത്ഭുതലോകമാണ് ഇന്ത്യ. കാശ്മീരിലെ പശ്മിന, രാജസ്ഥാനിലെ ബാന്ദനി, ഗുജറാത്തിലെ പടോള, മധ്യപ്രദേശിലെ മഹേശ്വരി, ഉത്തർപ്രദേശിലെ ബനാറസി, ബിഹാറിലെ ബാഗൽപുരി, ഓറീസയിലെ സാമ്പൽപുർ, ബംഗാളിലെ ബാലുചേരി, അസാമിലെ മുഗ, തമിഴ്നാട്ടിലെ കാഞ്ചീപുരം, തെലുങ്കാനയിലെ പോച്ചംപള്ളി, ആന്ധ്രാപ്രദേശിലെ വെങ്കിടഗിരി, കേരളത്തിലെ ബാലരാമപുരം... അങ്ങിനെ എത്രയെത്ര സാരി വിസ്മയങ്ങൾ. ഇന്ത്യയിലെമ്പാടുമുള്ള ഈ സാരികളെയെല്ലാം ഒന്നിപ്പിക്കുകയാണ് ഇൻക്രെഡിബിൾ ഇന്ത്യൻ സാരി സ്റ്റോറിയിലൂടെ ലക്ഷ്മി സിൽക്സ്. അതിനാൽത്തന്നെ ലക്ഷ്മി സിൽക്സിലൂടെ ഇന്ത്യൻ നെയ്ത്ത് കലയുടെ വിസ്മയമായ സാരികൾ ഷോപ് ചെയ്യാനാവും.

കഴിഞ്ഞ അഞ്ച് വർഷവും അമേരിക്കൻ മലയാളികൾ നൽകിയ പിന്തുണയും കോട്ടയം ലക്ഷ്മി സിൽക്സിന്റെ വിജയത്തിന് നിർണായക പങ്കുവഹിച്ചു. പ്രവാസി മലയാളികളിൽനിന്ന് ലഭിക്കുന്ന പിന്തുണയ്ക്ക് ആദരസൂചകമായി ലക്ഷ്മി സിൽക്സ് 2025-ൽ അവർക്കായി ഒരു ഗ്ലോബൽ എൻആർഐ മീറ്റും നടത്തിയിരുന്നു. ആ വേദിയിലും ഫൊക്കാന നേതൃത്വത്തിന്റെ സാന്നിധ്യവും പിന്തുണയുമുണ്ടായിരുന്നു. 2026-ലെ ഫോമയുടെ കേരള കൺവൻഷനിൽ പട്ട് സാരികളുടെയും ഡിസൈനർ സാരികളുടെയും ഫാഷൻ ഷോയുമായി ലക്ഷ്മി സിൽക്സും പങ്കാളികളായിരുന്നു.

അങ്ങിനെ, അമേരിക്കൻ മലയാളി സമൂഹവുമായി സ്നേഹം ഇഴയിട്ട ആത്മബന്ധമാണ് കോട്ടയം ലക്ഷ്മി സിൽക്സിനുള്ളത്. ആ സ്നേഹബന്ധം ഊട്ടിയുറപ്പിക്കുകയാണ് ഫൊക്കാന ഇന്റർനാഷണൽ കൺവൻഷനിലെ പങ്കാളിത്തത്തിലൂടെ കോട്ടയം ലക്ഷ്മി സിൽക്സ്.



രാജേഷ് ജി നമ്പിമഠം

ഹരീന്ദ്രൻ കെ

മാനേജിംഗ് ഡയറക്ടേഴ്സ്

ലക്ഷ്മി സിൽക്സ്

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**